
NAMMUDE LOKAM

Jahrgang- 46 Oktober -Dezember 2018

# നമ്മുടെ ലോകം

മറുനാടൻ മലയാളപ്രസിദ്ധീകരണം



# നമ്മുടെ ലോകം


| പുസ്തകം | ഒക്ടോബർ- ഡിസംബർ | ലക്കം |
|---|---|---|
| 46 | 2018 | 4 |
| Jahrgang | Oktober- Dezember | Heft |


page

## ഉൾത്താളുകളിൽ


എഡിറ്റോറിയൽ - എഡിറ്റർ ഇൻ ചാർജ് 3
സ്നേഹപൂർവ്വം - 4
ക്രിസ്തുമസ്സ് സന്ദേശം - ഫാദർ ഇഗ്നേഷ്യസ് ചാലിശ്ശേരി CMI 5
ക്രിസ്തുമസ്സ് ചിന്താവിഷയം - പരിശുദ്ധ കാതോലിക്കാബാവ 6
പ്രകാശകിരണങ്ങൾ - ഫാദർ ജോൺ നമ്പ്യാപറമ്പിൽ CMI 7


### കവിതകൾ


ശ്രീസുതർ - എൽസി യോഹന്നാൻ ശങ്കരത്തിൽ 9
ഓർമ്മതൻ നടവഴികൾ - സോയ നായർ അമേരിക്ക 19
അനാചാരങ്ങൾ ദുരാചാരങ്ങൾ... - എ.സി. ജോർജ്ജ് യു.എസ്.എ. 26
പുഴയുടെ വിലാപം - കൃഷ്ണ കേരള 35


### ലേഖനങ്ങൾ


**കേരളം വീണ്ടും ഒരു വഴിത്തിരിവിൽ - തോമസ് കളത്തൂർ** 10
**കുടുംബ ശിഥിലീകരണ പ്രവണതകൾ - ജോയി ചക്കുപുരയ്ക്കൽ, കേരളം** 14
**വിയന്നയിലെ ദേവാലയങ്ങളുടെ... - കാരൂർ സോമൻ, ലണ്ടൻ** 16
**മിഥോളജി: ജനജീവിത്തിന്റെ ... - ജോൺ മാത്യു യു.എസ്.എ.** 18
**അഭിമാനവും ദുരഭിമാനവും** - Fr. Johnson Punchakonam 20
**സിനിമാ നിരൂപണം** - എബ്രഹാം തോമസ്സ് ഡളളാസ് 36


### കഥ


**സ്വപ്നത്തിൽ കണ്ട താടിക്കാരൻ - അബ്ദുൾ പുന്നയൂർക്കുളം** 12
**വിധി - ജോയിക്കുട്ടി, ഡിട്രോയിറ്റ്** 11
പാല പൂക്കുമ്പോൾ - ജോൺ ഇളമത, കാനഡ 27
ശ്രീധരന്റെ ആത്മാവ് - അനിൽ വേഗ 32


### പംക്തികൾ


ഗൃഹവേദി - പ്രസന്നപിള്ള, ജർമ്മനി 13
നിങ്ങൾക്കറിയാമോ? - ജെ.പി. 21
പ്രവാസലോകം - പുതുശ്ശേരി 22
രാഷ്ട്രീയ സൂചിക - വൈയാകരണൻ 28
ചലച്ചിത്രലോകം - വിൽസൺ കെ തോമസ് 38
ചിരിക്കാനും ചിന്തിക്കാനും - കൊളോൺ ഡേവിസ് 39
കാർട്ടൂൺ - നിക്കോസ് അപ്പൂസ് 39


Cover: “Krippana 2018” in Belgium
more than 2000 cribs from all over the world. Cover Photo: JP


Internationale katholische Seelsorge im Erzbistum Köln

**NAMMUDE LOKAM**

**Herausgeber:**
Internationale
Katholische Seelsorge
im Erzbistum Koeln
Germany

**Geschaeftsstelle:**
Nammude Lokam
Kath.Ind.Seelsorgestelle
Danzierstrasse 55
51063 Koeln
Bank: Kreissparkasse Koeln
IBAN:
DE 51370502990133286128
BIC: COKSDE 33



**Managing Editors:**
Jos Puthussery
jputhussery@netcologne.de
Tel:0176 56434579
Fax:0049-2232-3 44 44


Innocent Karuvallil
innokaruvallil@live.de
Tel:0163 8079307

**Editor in charge**
James Kadappally
**Editors:**
Prasanna Pillai
Edward Nazarath
Wilson K.Thomas

**Consulting Editor:**
Dr.George Onakkoor
Trivandrum



**Herstellung:**
CariPrint-Koeln



# സന്തോഷത്തിന്റെ ദിനം ക്രിസ്തുമസ്

ലോകമെമ്പാടുമുള്ള ജനങ്ങൾ, പ്രത്യേകിച്ച് ക്രൈസ്തവർ ദൈവപുത്രന്റെ പിറവിത്തിരുനാൾ-ക്രിസ്തുമസ് ആഹ്ലാദത്തോടെ ആഘോഷിക്കുമ്പോൾ ഭാരത ക്രൈസ്തവരുടെ ആഘോഷത്തിൽ സന്താപ രശ്മി രംഗപ്രവേശം ചെയ്തട്ടില്ലേയെന്നൊരു സന്ദേഹം. കാരണം, കഴിഞ്ഞ നാളുകളിൽ ഭാരത ക്രൈസ്തവ സഭകളിലുണ്ടായ അപചയങ്ങൾ വിശ്വാസികളിൽ വേദനയുളവാക്കിയിട്ടുണ്ട്. എങ്കിലും, തെറ്റുകൾ തിരുത്തപ്പെടുമെന്നു കരുതി ആശ്വസിക്കാം.

നമ്മൾ ക്രൈസ്തവ മനസ്സിലാക്കുമ്പോൾ സഭയ്ക്ക് തെറ്റുകളും, സഭയിൽ വീഴ്ചകളും സംഭവിച്ചിട്ടുള്ളതായി കാണുവാൻ കഴിയും. അതേപോലെ, ഈ അപചയങ്ങളൊക്കെ തിരുത്തപ്പെടുകയും സഭകൾ നാഗരികതയുടെ (civilization) വളർച്ചയ്ക്കനുസൃതം അടിസ്ഥാന വിശ്വാസങ്ങൾക്ക് ഭംഗം വരുത്താതെയുള്ള വളർച്ചയും നമുക്ക് കാണുവാൻ കഴിയും. സാർവ്വത്രിക സഭയുടെ-കത്തോലിക്കാ സഭയുടെ അസ്തിത്വം തന്നെ അതിനുദാഹരണമാണ്. തിരുത്തേണ്ടത് തിരുത്തുകതന്നെ വേണം. തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സഭാ തലവന്മാർക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്; കഴിയുന്നു. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാസഭ പീഡിതർക്ക് ആശ്വാസവും, ദുഃഖിതർക്ക് ആനന്ദവും അദ്ധ്വാനിക്കുന്നവർക്ക് ആലംബവുമായി നിലകൊള്ളുന്നത്. അതുകൊണ്ട് സഭ മുതലാളിത്വത്തിനോടും മുതലാളിമാരോടും (ക്യാപിറ്റലിസത്തോടും ക്യാപിറ്റലിസ്റ്റുകളോടും) അകൽച്ചയുമില്ല. സഭയിൽ എല്ലാവരും ഒരുപോലെ സ്നേഹവും കാരുണ്യവും ദീനാനുകമ്പയുമുള്ള സമൂഹമാണ് സഭ ആഗ്രഹിക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ചതും ആഗ്രഹിച്ചതും അതുതന്നെയാണല്ലോ!

എല്ലാ മതങ്ങളും മനുഷ്യ നന്മയാണു ലക്ഷ്യം വയ്ക്കുന്നത്. ഓരോ മതത്തിനും അതിന്റേതായ നിയമങ്ങളുണ്ട്. ആ നിയമങ്ങൾ ആത്മീയ കാര്യങ്ങൾക്കായ് സ്വീകരിക്കുന്നു. ആത്മീയ സന്തോഷം ഭൗമിക ജീവിതത്തിന് ഉണർവേകുന്നു. എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം നല്കിയിട്ടുള്ള രാഷ്ട്രങ്ങൾ മത നിയമങ്ങളിൽ ഇടപെടാറില്ല. മത നിയമങ്ങൾ രാഷ്ട്ര നിയമങ്ങൾക്ക് (civil code) വിപരീതഫലം ഉളവാക്കരുതെന്നു മാത്രം. അതുകൊണ്ട് രാഷ്ട്രം പൊതു നന്മയാണ് ലക്ഷ്യം വയ്ക്കുന്നത്. വിശ്വാസത്തെ ഹനിക്കുകയല്ല ചെയ്യുന്നത്.

റോമൻ കത്തോലിക്കാ സഭയിലെ കാനോനിക്കൽ റൂൾസ്-എക്ളേസിയാ-സ്റ്റിക്കൽ ലോസ്-ചർച്ച് ഡിക്രി (canonical rules-eclesiastieal law-church decree) സഭാവിശ്വാസികൾക്കുള്ളതാണ്. സഭയുടെ കാനോനിക്കൽ നിയമങ്ങളിൽ ഒരു രാഷ്ട്രം ഇടപെടാറില്ല. സഭാ നിയമാനുസൃതം വിശ്വാസി ജീവിച്ചില്ലെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ സഭാ മേലധികാരികൾക്ക് അവകാശമുണ്ട്. അത് സ്വീകരിക്കുകയെന്നത് വിശ്വാസിയുടെ കടമയുമാണ്. വിശ്വാസിക്ക് വേണമെങ്കിൽ സിവിൽ കോടതിയെ സമീപിക്കാം. കോടതി വേണ്ടത് സ്വീകരിച്ചുകൊള്ളും. തള്ളേണ്ടതും കൊള്ളേണ്ടതും ഒരു ജനാധിപത്യ രാഷ്ട്രത്തിലെ നിയമ കോടതികൾക്കറിയാം.

ഭാരതത്തിലെയും ഇതര രാഷ്ട്രത്തിലെയും ആനുകാലിക ക്രൈസ്തവസഭാ പ്രശ്നങ്ങൾ എന്തുമായിക്കൊള്ളട്ടെ, നമുക്ക് ദൈവപുത്രൻ മന്നിൽ മനുഷ്യനായ് പിറന്നതിന്റെ ഓർമ്മ; പിറവിത്തിരുനാൾ-ക്രിസ്തുമസ് സാമോദം ആഘോഷിക്കാം; ആനന്ദിക്കാം.

സ്നേഹം, സഹനം, കാരുണ്യം ദീനാനുകമ്പ എന്നീ ക്രിസ്തുമാർഗ്ഗം മനുഷ്യകുലത്തിന്റെ ഭൗമിക ജീവിത വിജയത്തിന് ഊടുംപാവുമായ്ത്തീരട്ടെ! അതിനായി പ്രാർത്ഥിക്കാം.

ഭാവുകങ്ങൾ നേർന്നുകൊണ്ട്,  
പത്രാധിപസമിതിയ്ക്കുവേണ്ടി,  
ജെയിംസ് കടപ്പള്ളി (എഡിറ്റർ ഇൻ ചാർജ്)

---

എല്ലാ മാന്യ വായനക്കാർക്കും ക്രിസ്മസ്സിന്റേയും പുതുവത്സരത്തിന്റേയും ആശംസകൾ അർപ്പിക്കുന്നു. സ്നേഹത്തോടെ - പത്രാധിപസമിതി.






# സ്നേഹ പൂർവ്വം

## ഹൃദയസ്പർശിയായിരുന്നു

കേരളത്തെ, ലോകജനതയെ ഞെട്ടിച്ച പ്രളയ ദുരന്തത്തിന്റെ ധാരാളം ചിത്രങ്ങൾ ചാനൽ വഴിയും പ്രസിദ്ധീകരണങ്ങൾ വഴിയും നമ്മൾ കണ്ടു. എന്നാൽ നമ്മുടെ ലോകം മാസികയുടെ സെപ്റ്റംബർ മുഖത്തിനുവേണ്ടി തിരഞ്ഞെടുത്ത ചിത്രം ഏറ്റവും യോജിച്ചതും മനസ്സിൽ തങ്ങിനിൽക്കുന്നതും ആയിരുന്നു. പുറം കവറിൽ ജർമ്മൻ മലയാളികളുടെ ഓണാഘോഷത്തിന്റെ ചിത്രം കണ്ടപ്പോൾ അസ്ഥാനത്താണെന്നു തോന്നിയെങ്കിലും, ആ ചിത്രത്തിന്റെ അടിക്കുറിപ്പ് ("ആഘോഷങ്ങളിൽ നിന്നു ലഭിച്ച വരുമാനം മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഭാവന ചെയ്തു") വായിച്ചപ്പോൾ അഭിമാനവും ഉചിതവുമാണെന്നു മനസ്സിലായി. മാത്രമല്ലല്ലോ അതു ഓണപ്പതിപ്പു കൂടിയായിരുന്നു. ഫോട്ടോഗ്രാഫർ ജോൺ മാത്യുവിന്റെ ക്യാമറ കണ്ണുകളുടെ കരവിരുത് അവർണ്ണനീയം തന്നെ.

രവിവർമ്മ പണ്ഡിറ്റ്, മുംബൈ

## പ്രളയ ദുരിത ലേഖനങ്ങളും കവിതകളും കഥകളും....

നിഷ്പക്ഷമായ, ചിന്താശക്തിയുള്ള, അർത്ഥസമ്പുഷ്ടമായ ജെയിംസ് കടപ്പള്ളിയുടെ എഡിറ്റോറിയലും ജോൺ മാത്യുവിന്റെ "പ്രകൃതിദുരന്തങ്ങൽ ശിക്ഷയല്ല," ജോയി ചക്കുപുരയ്ക്കലിന്റെ "ദൈവത്തിന്റെ സ്വന്തം നാട് എവിടെ," മൊയ്തീൻ പുത്തൻചിറയുടെ "കേരളത്തിന്റെ നവനിർമ്മാണ പ്രക്രിയയിൽ" ലേഖനങ്ങളും പ്രൊഫ. ഡോ. കുരിയൻ ജോർജ്ജ് വലിയ മംഗലത്തിന്റെ "പുഴയുടെ വെളിപാട്," എ.സി. ജോർജ്ജിന്റെ "കണ്ണീർമുത്തുമായി," ജോസ് കുമ്പിളുവേലിയുടെ "മഴയും പുഴയും പിന്നെ ഞാനും" തുടങ്ങിയ കവിതകളും ജോൺ ഇളമതയുടെ "പമ്പയാറൊഴുകുന്ന നാട്ടിൽ" കഥയും പുതുശ്ശേരിയുടെ "കേരളം യൂറോപ്പിൽ" പ്രളയ ദുരിതാശ്വാസ വാർത്തകളും, വൈയാകരണന്റെ പ്രകൃതി ദുരന്താധിഷ്ടിതമായ "വാരിദങ്ങൾ ഗർജ്ജിക്കുന്നു....." രാഷ്ട്രീയ സൂചികയും നല്ലൊരു സെലക്ഷൻ തന്നെയായിരുന്നു കഴിഞ്ഞ ലക്കം നമ്മുടെ ലോകം.

ആർ. സി. നായർ, ടോക്കിയോ

## ജോസഫ് പറോക്കാരന്റെ ലിഖിതങ്ങൾ കണ്ടപ്പോൾ സന്തോഷം തോന്നി

ഏഴു വർഷമായി നമ്മുടെ ലോകത്തിന്റെ ഒരു എളിയ വായനക്കാരിയാണ് ഞാൻ. യഥാസമയം നമ്മുടെ ലോകം അയച്ചു തരുന്ന ബോർഡിനു എന്റെ നന്ദി അറിയിക്കുന്നു. നല്ല നിലവാരത്തിൽ പുറംചട്ടയും ഉള്ളടക്കവും സൂക്ഷ്മമായി കൈകാര്യം ചെയ്യുന്ന ഒരു ടീമിന്റെ പ്രതിഫലനമായി നമ്മുടെ ലോകം ഓലോ ലക്കവും കൈയ്യിൽ കിട്ടിക്കഴിയുമ്പോൾ അനുഭവപ്പെടാറുണ്ട്. സുമാ രാജേന്ദ്രന്റെ ഒരു പെൺകുട്ടിയുടെ അനുഭവം "മിഴിദൂരം" കഥ അസ്സലായിരിക്കുന്നു. ഏതൊരു മാതാവും വായിച്ചിരിക്കേണ്ട, അറിഞ്ഞിരിക്കേണ്ട ഒരു സന്ദേശം ആ കഥയിൽ ഉണ്ട്. ജഗദീശ്വരൻ അണിയറ പ്രവർത്തകർക്ക് ആയുസ്സും ഊർജ്ജവും നൽകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്

സി. രാജലക്ഷ്മി, ദുബായി

## സിനിമയുടെ ഭീഷ്മാചാര്യൻ ഡേവിഡ് ഗ്രിഫിത്ത്

രാജൻ തുവ്വാരയുടെ ഹോളിവുഡ് സിനിമാ വിശേഷം വായിക്കാൻ നല്ല രസമായിരുന്നു. അമേരിക്കൻ സിനിമാ ചരിത്രത്തിലെ അതികായകനായിരുന്നു ഡേവിഡ് ഗ്രിഫിത്ത്. അദ്ദേഹത്തിന്റെ സൃഷ്ടികളെക്കുറിച്ച് പൂർണ്ണമായ ഒരു രൂപം തുവ്വാരയുടെ ആ ലേഖനത്തിൽനിന്നും നമുക്ക് ലഭിക്കും.

പ്രൊഫ. ഡോ. അബ്ദുൾ കാസിം, സിംഗപ്പൂർ

## പ്രകൃതി ദുരന്തങ്ങളെ പഴിപറിഞ്ഞിട്ടു കാര്യമില്ല

പ്രളയങ്ങളും, കൊടുങ്കാറ്റും ചുഴലിക്കാറ്റും, ഭൂകമ്പങ്ങളും, അഗ്നിപർവ്വത ക്ഷോഭവും പ്രകൃതി നിയമങ്ങൾ തന്നെ. ആയിരക്കണക്കിനു വർഷങ്ങളായി അത് തുടർന്നേകൊണ്ടേയിരിക്കുന്നു. അതാതു ദേശങ്ങളിലുണ്ടാകുന്ന പ്രതിഭാസങ്ങൾക്ക് അനുചിതമായ ജീവിതരീതി തെരഞ്ഞെടുക്കുക മാത്രമാണ് മനുഷ്യന് കരണീയം. ജോൺ മാത്യു യു.എസ്.എയുടെ പ്രകൃതി ദുരന്തങ്ങൾ ശിക്ഷയല്ല എന്ന ലേഖനം എത്ര വിശിഷ്ടമായിരിക്കുന്നു. നമ്മുടെ ലോകത്തിൽ തുടർന്നും നല്ല ലേഖനങ്ങൾ പ്രതീക്ഷിക്കുന്നു.

എസ്. അച്ചുതാനന്ദൻ, ലണ്ടൻ

## ഉപവസിയ്ക്കുന്ന നേരത്തെ ആഹാരം ഭക്ഷണമില്ലാതെ വലയുന്നവർക്ക് നൽകണം

എല്ലാ മതവിഭാഗങ്ങളിലും വ്രതാനുഷ്ടാനങ്ങൾ ഉണ്ട്. ഈസ്റ്റർ നോയമ്പ്, ക്രിസ്തുമസ്സ് നോയമ്പ്, റംസാൻ മാസത്തിലെ വലിയ നോയമ്പ്, ശബരിമല തീർത്ഥാടന നോയിമ്പ്.... അങ്ങനെ പോകുന്നു. എന്നാൽ ഉപവസിച്ചതുകൊണ്ടു മാത്രമായില്ല, ഉപവസിക്കുന്ന നേരത്തെ ആഹാരം ഭക്ഷണില്ലാതെ വലയുന്നവർക്ക് നൽകണം എന്ന സിസിലി തുണ്ടിയിലിന്റെ ലേഖനത്തിലെ പരാമർശത്തെ നൂറുവട്ടം പിൻതാങ്ങുന്നു. നമ്മൾ ആയിരിക്കുന്ന 2018 ലെ ക്രിസ്തുമസ്സ് ഇരുപത്തിയഞ്ച് നോയമ്പ് അങ്ങനെയായിരിക്കുവാൻ നമുക്ക് ശ്രമിക്കാം. എല്ലാവർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ മുൻകാലെ നേരുന്നു.

റോസ്മേരി, തിരുവനന്തപുരം

## Good Creation

നമ്മുടെ ലോകം മാസിക എനിക്ക് ലഭിച്ചു. നന്ദി. That is a good creation. എഡിറ്റോറിയൽ ബോർഡിനും മാനേജിങ്ങ് ഡയറക്ടേഴ്സിനും അഭിമാനിക്കാം. ഞാനും ഒരു പ്രസിദ്ധീകരണത്തിന്റെ എഴുത്തുകാരനും പ്രസാധകനുമാണ്. നമ്മുടെ ലോകം തുടർന്നും അയച്ച് തരണം.

അഭിനന്ദനങ്ങളോടെ,

ചേന്ദമംഗലം ശിവദാസ്, യു.എസ്.എ

# ക്രിസ്തുമസ്സ് സന്ദേശം/റവ. ഫാദർ ഇഗ്നേഷ്യസ് ചാലിശ്ശേരി CMI



നമ്മുടെ ലോകം പലതരം മതവിശ്വാസങ്ങളും പ്രത്യയശാസ്ത്രങ്ങളും ഉൾക്കൊള്ളുന്നതാണ്. മനുഷ്യന്റെ സത്യാന്വേഷണത്തിന്റെ ഭാഗമായി ഉടലെടുത്തതും മനുഷ്യന് വെളിപ്പെടുത്തപ്പെട്ടതിന്റെ ഭാഗമായി രൂപീകൃതമായതും ആയ ധ്രുവീകരണങ്ങൾ സമൂഹത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും എല്ലാവരും യാത്രചെയ്യുന്നത് ഒരേ ലക്ഷ്യത്തിലേക്കാണ്. ഈ ലക്ഷ്യം സ്നേഹത്തിന്റെ പൂർണ്ണരൂപമല്ലാതെ മറ്റെന്താണ്. ആ സ്നേഹമാണ് ദൈവം. ദൈവത്തിന്റെ പുത്രനായ ക്രിസ്തു ഭൂമിയിൽ അവതരിക്കുന്നത് നമ്മിലൊരുവനായിത്തീർന്ന് ദൈവസ്നേഹത്തിന്റെ ജീവിതശൈലി നമുക്ക് കാണിച്ചുതരാനാണ്. കുരിശിൽ സഹനത്തിന്റെ തീവ്രതയിലൂടെ കടന്ന് മരണം വരിക്കുമ്പോഴും സ്നേഹത്തിനുവിരുദ്ധമായ ഒന്നിനും കീഴ്പെട്ടുകൊടുക്കാതെ വിജയം വരിച്ചവന്റെ ജന്മദിനമാണ് ക്രിസ്തുമസ്സ്. അവന്റെ വചനം ലോകത്തിന് വെളിച്ചമാണ്. വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിക്കാൻ ഭൂമിയിൽ അവതരിച്ച സുദിനം. കിഴക്കുള്ള രാജാക്കന്മാർക്കും ആട്ടിടയർക്കും ആ സന്ദേശം ലഭിച്ചപ്പോൾ സന്തോഷിക്കുകയും മാലാഖമാരുടെ സ്തുതിഗീതം ഹൃദയത്തിൽ സ്വീകരിക്കുകയും ദിവ്യപൈതലിനെ സന്ദർശിക്കാൻ പുറപ്പെടുകയും ചെയ്തു.

രാജാവായ ഹേറോദേസും രക്ഷകന്റെ ജനനം അറിയുന്നുണ്ട്. പക്ഷേ, ഹൃദയത്തിൽ തോന്നിയത് അസ്വസ്ഥതയാണ്. കുറുക്കന്റെ സ്വഭാവം കാണിച്ച ഒരു രാജാവായി മാറി ഹേറോദേസ്. എത്ര ശിശുക്കളെയാണ് സ്വന്തം നിലനിൽപിനുവേണ്ടി കൊന്നൊടുക്കിയത്. ഇന്നും ഈ ലോകത്തിൽ ഇത്തരം മനുഷ്യർ ജീവിക്കുന്നുണ്ട്. വ്യക്തികളും സമൂഹവും, രാഷ്ട്രവും രാഷ്ട്രീയനേതൃത്വങ്ങളും ചിലപ്പോഴൊക്കെ ഈ ഇരുട്ടിലേക്ക് വഴുതിവീഴുന്നുണ്ട്. സത്യമെന്തന്നറിയാതെ അർധസത്യങ്ങളും അസത്യങ്ങളും സത്യമാണെന്ന് സ്ഥാപിച്ചെടുക്കാൻ നിഷ്കളങ്കരെ കൊല്ലുന്നവരും കൊല്ലാതെ കൊല്ലുന്നവരും ഇരുട്ടിൽ കഴിയുന്നവരുടെ ഗണത്തിലാണ്. ജീവിതത്തിൽ സ്നേഹത്തിന്റെ ഭാവമെന്താണെന്നറിയാതെയും അറിഞ്ഞാൽതന്നെ തനിക്ക് വരുന്ന സഹനങ്ങൾ ബുദ്ധിമുട്ടാണെന്നു കരുതി യഥാർത്ഥ സ്നേഹത്തിന്റെ മാർഗ്ഗം വേണ്ടെന്നുവച്ച് സ്വയം സുഖിക്കുന്നവരും അന്ധകാരത്തിലും അന്ധതയിലുമാണ് കഴിയുന്നത്.

നമ്മുടെ ലോകം വെളിച്ചം നിറഞ്ഞതും പ്രകാശം പകരുന്നതുമായ ലോകമാകണം. ഇരുട്ടിൽ കഴിയുന്നവർക്ക് യഥാർത്ഥ വെളിച്ചം നൽകാനാണ് ഈ വലിയ പ്രകാശം ഉദയം ചെയ്തത്. ദൈവം സ്നേഹമാണെന്നും ദൈവത്തിലേക്ക് യാത്ര ചെയ്യുന്നവൻ സ്നേഹം ശീലമാക്കണമെന്നും സ്നേഹത്തിന്റെ ഭാഷ സഹനമാണെന്നും തന്റെ ജീവിതത്തിലൂടെ ക്രിസ്തു നമുക്കു കാണിച്ചുതന്നു. ജനനം മുതൽ മരണം വരെയുള്ള ദൈവപുത്രന്റെ ജീവിതം നമ്മുടെ ജീവിതത്തിന് വലിയ പ്രകാശമാണ്. ഈ വലിയ പ്രകാശത്തിന്റെ ഉദയമാണ് ക്രിസ്തുമസ്സ്. ഏശയ്യാ പ്രവാചകൻ പറയുന്നതുപോലെ 'അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെമേൽ പ്രകാശം ഉദിച്ചു.' ( ഏശ: 9: 2 ) ഈ വലിയ വെളിച്ചം നമ്മിൽ ഉദയം ചെയ്യട്ടെ. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും' ആലപിക്കാൻ മാലാഖമാരോടൊപ്പം നമുക്കും ഇന്നും എന്നും വരുന്ന പുതിയ വർഷത്തിലും സാധിക്കട്ടെ. 'നമ്മുടെ ലോക' ത്തിന്റെ വായനക്കാർക്കും പത്രാധിപസമിതിക്കും എന്റെ ക്രിസ്തുമസ്സ് പുതുവത്സര ആശംസകൾ നേരുന്നു.

Fr.Ignatious Chalissery CMI
Seelsorger fuer die Inder–Germany



ക്രിസ്തുമസ്സ് ചിന്താവിഷയം /പരിശുദ്ധ കാതോലിക്കാബാവ

ഒരു ക്രിസ്മസ് കൂടി പടി കടന്നെത്തുമ്പോൾ ലോകം മുഴുവൻ ഉത്സവ ലഹരിയിലാണ്. ലോക രക്ഷകനായി അവതരിച്ച യേശുക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ കോടിക്കണക്കിന് രൂപ മറിയുന്ന കമ്പോളമായിമാറിയിരിക്കുന്നു. എന്തിനേയും വില്പനചരക്കാക്കി ലാഭം കൊയ്യുന്ന ഒരു വാണിജ്യ ഒരു സംസ്കാരം ക്രിസ്മസിനേയും മൊത്തവിലയ്ക്ക് എടുത്തിരിക്കുന്നു.എന്നാൽ ക്രിസ്മസിൽ അധികം ശ്രദ്ധിക്കപ്പെടാതെ പോകുന്ന ഒരു വിഷയമാണ് ആദ്യത്തെ ക്രിസ്മസ് പാവങ്ങളുടേത് ആയിരുന്നു എന്നുള്ളത്.

ഒന്നാമത്, ആരും ഗൌനിയ്ക്കാനിടയില്ലാത്ത ഒരു പശു തൊഴുത്താണ് ക്രിസ്മസിന്റെ രംഗവേദി. സമൂഹത്തിലെ മാന്യന്മാരും പണ്ഡിതരും പണക്കാരും തങ്ങുന്ന സത്രത്തിൽ യേശുവിന് പിറക്കാൻ ഇടം ലഭിച്ചില്ല എന്ന് വേദം സാക്ഷിക്കുന്നു. അഭിജാതവർഗ്ഗത്തിന്റെ അരങ്ങായിരുന്ന ആ സത്രം ഇന്ന് അവിടെ സൂക്ഷിക്കപ്പെട്ടിട്ടില്ല. എന്നാൽ യേശുവിന് ഇടം നല്കിയ പുൽത്തൊഴുത്ത് ഇന്ന് ലക്ഷക്കണക്കിന് തീർത്ഥാടകരെ ആകർഷിക്കുന്ന പുണ്യസ്ഥാനമാണ്. രാജാക്കന്മാരുടെ രാജാവായ ദൈവപുത്രൻ ജനിച്ചു വീണത് മിണ്ടാപ്രാണികളുടെ മധ്യത്തിലാണ്. പുല്ലും പശുവും ആടും ഒക്കെ സ്ഥിതി ചെയ്യുന്ന ഒരു സമ്പൂർണ്ണ ആവാസ വ്യവസ്ഥയുടെ മധ്യത്തിലാണ് ദൈവപുത്രന്റെ ജനനം. പൂക്കളും പുഴുക്കളും സസ്യ-ജന്തുജാലങ്ങളും സമ്യക്കായി സമ്മേളിക്കുന്ന അനുഗ്രഹീത വാസസ്ഥാനമാണത്. ദൈവം സൃഷ്ടിച്ച മനോഹരമായ ഈ ലോകത്തെ തന്റെ മാത്രം സുഖത്തിനുവേണ്ടി നശിപ്പിക്കുന്ന ആധുനികമനുഷ്യന് ക്രിസ്മസിന്റെ സനാതന സന്ദേശം ഉൾക്കൊള്ളാതെ പോകുന്നു. യേശുക്കുഞ്ഞിന്റെ അരികിൽ നില്ക്കുന്ന പശുവും, കിടാവും ആട്ടിൻകുട്ടിയുമൊക്കെ ഇന്നത്തെ 'ഫ്ളാറ്റ് കുട്ടികൾക്ക് കടകളിൽ ലഭിക്കുന്ന 'ഡോൾസ്' ആയി മാത്രം മാറിയിരിക്കുന്നു. വിണ്ണിലെ രാജകുമാരൻ മണ്ണിലേക്ക് വന്നത്, മൺമക്കളെ വിൺമക്കളാക്കാനാണ് എന്നു പറയുമ്പോഴും മണ്ണിൽ തൊടാതെ ജീവിക്കുന്ന ഇന്നത്തെ കുട്ടികളെ മണ്ണിലേക്ക് മടക്കിവരാനുള്ള ആഹ്വാനമായും കേൾക്കണം. 'അവനവനിസ്' ത്തിന്റെ സങ്കുചിതമേഖലകളിൽനിന്ന് കുറെക്കൂടി വിശാലമായ ഈ പ്രകൃതിയുടെ സ്ഥലമണ്ഡലത്തിലേക്ക് ഇറങ്ങിച്ചെല്ലാം.

രണ്ടാമത്, ആദ്യ ക്രിസ്മസ് സന്ദേശം ലഭിച്ചത് സമൂഹത്തിലെ പാർശ്വവല്കൃതരായ ഒരു പറ്റം ആട്ടിടയന്മാർക്കാണ്. പതിതരോടും പാർശ്വവല്കൃതരോടും അഷ്ടിയ്ക്കു വകയില്ലാത്തവരോടും ദൈവം പക്ഷം ചേരുന്നതിന്റെ ദൃശ്യാവിഷ്കാരമാണ് ഇവിടെ നാം ദർശിക്കുക. ആടുകളെ കാവൽ ചെയ്ത് വെളിമ്പ്രദേശത്ത് കഴിയുന്ന ആട്ടിടയന്മാർക്ക് പരിഷ്കൃതമായ സമൂഹത്തോട് ഒരു ബന്ധവുമില്ല. ആടുകൾക്കൊപ്പം 'ആടുജീവിതം' തന്നെ നയിക്കുന്ന ആട്ടിടയൻ അറിയപ്പെടുന്നവനേയല്ല. ഒരുപക്ഷേ അവരുടെ അസ്തിത്വം പോലും ആരും ഗൌനിക്കുന്നുണ്ടാവില്ല. ഈ വിധം സമൂഹം അറിയാതെ പോക്കുന്നവർക്കാണ് ദൈവത്തിന്റെ അറിയിപ്പ് ലഭിക്കുന്നത്. സമ്പന്ന രാഷ്ട്രങ്ങളിൽ ജീവിക്കുന്നവർക്ക് വിശപ്പിന്റെ വിളി എന്തെന്ന് അറിയില്ലായിരിക്കും. പക്ഷേ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ, എന്തിന് ഇന്ത്യയിൽപോലും ചിലയിടങ്ങളിൽ, വിശപ്പുകൊണ്ട് മരിക്കുന്നവർ ഉണ്ട്. പക്ഷേ അവരെ ആരും അറിയുന്നില്ല. അറിയാതെ പോകുന്നു. ആദ്യ ക്രിസ്മസ് രാത്രിപോലെ തിരസ്കൃതരും പാർശ്വവല്ക്കൃതരുമായ പാവങ്ങളുടെ മദ്ധ്യത്തിലേയ്ക്ക് അവർക്ക് സന്തോഷവാർത്തയുമായി ചെല്ലുന്ന ഒരു ക്രിസ്മസ് നമുക്കും അനുഭവവേദ്യമാകട്ടെ. അതാണ് ക്രിസ്മസ് നല്കുന്ന സന്തോഷവും സമാധാനവും.





## പ്രകാശകിരണങ്ങൾ/റവ.ഫാദർ ജോൺ നമ്പ്യാപറമ്പിൽ CMI

അമേരിയ്ക്കയിലെ പ്രസിദ്ധനായ ബൈബിൾ പ്രഭാഷകൻ Billy graham വർഷങ്ങൾക്കുമുമ്പ് ബെർലിനിലെ ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ പ്രസംഗത്തിനിടയിൽ ആവശ്യപ്പെട്ടു. സ്റ്റേഡിയത്തിലെ എല്ലാ വൈദ്യുത വിളക്കുകളും അണയ്ക്കുവാൻ തന്നെ ശ്രമിച്ചുകൊണ്ടിരുന്ന പതിനായിരക്കണക്കിന് മനുഷ്യനോട് അവരുടെ കൈവശമുള്ള തീപ്പെട്ടിയും ലൈറ്ററും ഒന്നിച്ചു കത്തിയ്ക്കുവാൻ പറഞ്ഞു. ഒരു നിമിഷം സ്റ്റേഡിയം മുഴുവനും അതിമനോഹരവും ശക്തവുമായ പ്രകാശത്തിന്റെ പ്രഭയാൽ മുങ്ങി. ഒരു തീപ്പെട്ടിക്കൊള്ളിയുടെ, ഒരു ലൈറ്ററിന്റെ പ്രകാശത്തിന് ഇത്രമാത്രം ശക്തിയോ? വെളിച്ചത്തിന്റെ പ്രവർത്തന ശക്തിയും നാം ഓരോരുത്തരും കത്തുന്ന ഒരു ചെറിയ നാളമായാൽ അതിന്റെ കാര്യക്ഷമതയും തന്റെ ശ്രോതാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനുമാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്.

തിരികളുടെ വെളിച്ചത്തിന് ഒരു പ്രത്യേക ആകർഷണ ശക്തിയുണ്ട്. അതിന്റെ വെളിച്ചം ഊഷ്മളതയുള്ളതും സുഖകരവുമാണ്. അതോടൊപ്പം അത് മനസ്സിനെ ആനന്ദിപ്പിയ്ക്കുകയും ഒരു പ്രത്യേക-ദൈവീക അനുഭൂതിയിൽ നിറയ്ക്കുകയും ചെയ്യുന്നു.

ഇരുട്ടിൽ എത്ര മനോഹരമായ തിരിയായിരുന്നാലും അതു കത്തുന്നില്ലെങ്കിൽ ഉപകാരമില്ല. അന്ധകാരം എത്ര ശക്തിയായിട്ടാണെങ്കിലും കത്തുന്ന ഒരു ചെറിയ തിരി അതിനുചുറ്റും പ്രകാശവും ചൂടും പരത്തും. തിരിയിൽ പ്രകാശമുണ്ടാകുന്നത് അതിലെ മെഴുക് തീനാളമായി കത്തി ഉരുകി തീരുന്നതുകൊണ്ടാണ്. അത് സ്വയം കത്തി ഇല്ലാതാകുന്നു.

പ്രകാശം പരത്തുന്ന തീനാളവും സ്വയം കത്തി ഇല്ലാതാകുന്ന മെഴുകും: ആദിമ ക്രൈസ്തവ സമൂഹങ്ങളിൽ ആയതിനാൽ ഒരു മെഴുകുതിരിയെ ദൈവവും മനുഷ്യനുമായ ക്രിസ്തുവിന്റെ പ്രതീകമായിട്ടാണ് കണ്ടിരുന്നത്: സ്നേഹത്താൽ സ്വയം സമർപ്പിച്ച യേശുവിന്റെ മനുഷ്യത്വത്തിന്റെ പ്രതീകമായി മെഴുകും ദൈവത്തോടുകൂടി ഒന്നായിരിയ്ക്കുന്ന ദൈവീകതയുടെ പ്രതീകമായി തിരിനാളവും. അതിനാൽ പ്രാർത്ഥന സമയങ്ങളിലും സമൂഹ പ്രക്രിയകളിലും തിരികത്തിയ്ക്കുന്നത്: യേശുവിൽ ദൈവം മനുഷ്യനായി അവതരിയ്ക്കുന്ന മഹാരഹസ്യത്തെയും യേശുവിന്റെ മനുഷ്യരുടെ ഇടയിലുള്ള നിരന്തര സാന്നിദ്ധ്യത്തെയുമാണ് സൂചിപ്പിയ്ക്കുന്നത്. ലോകത്തിന്റെ പ്രകാശമായ യേശു ഭഗവാൻ അതുവഴി തന്റെ പ്രകാശത്താൽ ഓരോ ഭവനത്തെയും അതിൽ വസിയ്ക്കുന്നവരുടെ ഹൃദയത്തെയും പ്രകാശിപ്പിയ്ക്കുകയും അവിടുത്തെ സ്നേഹത്താൽ ചൂടുപിടിപ്പിയ്ക്കുകയും ചെയ്യുന്നു.

യേശുവിന്റെ ജനനത്തെക്കുറിച്ച് ഐസയാസ് പ്രവാചകൻ എഴുതി: "അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു. കൂരിരുട്ടിന്റെ ദേശത്തു വസിച്ചിരുന്നവരുടെ മേൽ പ്രകാശം ഉദിച്ചു." Is. 9:2. ബെത്‌ലെഹെമിലെ മഞ്ഞിൻ തണുപ്പിൽ പാതിരാത്രിയുടെ നിശബ്ദതയിലെ യേശുവിന്റെ ജനനം മനുഷ്യകുലത്തിന്റെ അന്ധകാരത്തിന്റെയും ദുഃഖത്തിന്റെയുമായ എല്ലാ രാത്രികളെയും സന്തോഷത്തിന്റെ സമാധാനത്തിന്റെ പവിത്രീകരിക്കപ്പെട്ട രാത്രിയാക്കി മാറ്റി. അതുകൊണ്ടാണല്ലോ ജർമ്മനിൽ ക്രിസ്മസ്സ് രാത്രിയെ weihnacht (weihe-nacht) അതായത് പവിത്രീകരിയ്ക്കപ്പെട്ട രാത്രി എന്നു വിളിയ്ക്കുന്നത്. അന്ധകാരത്തിന്റെ നിഴലിലും അരക്ഷിതാവസ്ഥയുടെ ഭയത്തിലും കഴിഞ്ഞിരുന്നവർക്ക് ദിവ്യരാത്രിയിലെ ദിവ്യശിശുവിന്റെ ജനനം മോചനത്തിന്റെയും സൗഖ്യദാനത്തിന്റെയും സദ്‌വാർത്തയായി. "അത്യുന്നതങ്ങളഇൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം എന്ന് മാലാഖമാർ പാടുന്നതിനുമുമ്പ് യേശുവിന്റെ ജനനത്തെക്കുറിച്ച് ആദ്യം അറിഞ്ഞ ആട്ടിടയന്മാരെ ദൈവത്തിന്റെ ദൂതൻ അറിയിച്ചതും ഇതാണ്: ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും വേണ്ടിയുള്ള സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിയ്ക്കുന്നു." എല്ലാവർക്കും സമാധാനം. അതു തന്നെയാണ് യേശുവിന്റെ ജനനത്തിന്റെ, സദ്‌വാർത്ത. യേശുവിന്റെ ജനനംവഴി സ്വർഗ്ഗീയ പ്രകാശശോഭ ഭൂമിയിൽ പ്രത്യക്ഷമായി. ഇതു മനുഷ്യനെ നിരുപാധികമായി തന്നെത്തന്നെ അംഗീകരിയ്ക്കുവാനും തന്റെതന്നെ ദൈവീകതയെ കണ്ടെത്താനും യോഗ്യനാക്കി. ഈ സ്വയം തിരിച്ചറിവ് ഈ പ്രപഞ്ചത്തോടും പ്രപഞ്ചത്തിന്റെ ഓരോ കണികയോടും ഈ പ്രപഞ്ചത്തിലെ ഓരോ വ്യക്തിയോടും ശാന്തിയിലും സമാധാനത്തിലും വർത്തിയ്ക്കുവാൻ താൻ കടപ്പെട്ടവനാണെന്നുള്ള ബോദ്ധ്യപ്പെടുത്തലിൽ എത്തിച്ചു. മറ്റുള്ളവർ എന്നെ വൈരികളായി കണ്ടാൽപോലും, അവനുമായി പങ്കുവെയ്ക്കുവാൻ പ്രാപ്തിയുള്ളവനാക്കുന്നു. ഈ ആന്തരിക സമാധാനമാണ് പിറവിത്തിരുനാളിന്റെ യഥാർത്ഥ സന്തോഷം. കത്തുന്ന ഒരു തിരി സ്വയം പ്രകാശം പരത്തുന്നതുപോലെ എന്നിലുള്ള സമാധാനം മറ്റുള്ളവരിലേയ്ക്കും സ്വയമേ പ്രസരിച്ചുകൊള്ളും.

ഈ ആന്തരിക പ്രകാശവും സമാധാനവും നമ്മുടെ ഓരോരുത്തരുടെയും ക്രിസ്മസ്സ് അനുഭവമായി മാറട്ടെ. ആയിരം തിരികൾ എന്റെ ചുറ്റിലും കത്തിയാലും എന്നിൽ പ്രകാശമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ക്രിസ്തു നമ്മിൽ ജനിച്ചുകൊണ്ട് നാമോരോരുത്തരും മറ്റുള്ളവർക്ക് പ്രകാശ കിരണങ്ങളായി മാറട്ടെ. ക്രിസ്മസ്സിന്റെ അനുഭവവും പ്രസരണവും ഈ പുതുവർഷം മുഴുവനനിലും നമുക്ക് ഏവർക്കും അനുഭവവേദ്യമാകട്ടെ എന്ന് പരസ്പരം ആശംസിയ്ക്കാം.

# LOTUS TRAVELS

*Verschönern Sie Ihren Heimaturlaub*
*mit einem Besuch*
*des Goldenen Dreiecks (Delhi-Agra-Jaipur)*
*Lotus Travels organisiert diese Reise für Sie.*

***Abflug: 15.09.2019 -- Frankfurt-Delhi***
***22.09.2019 -- Delhi – Kochi***
***Rückflug: Auf Wünsch - Kochi - Frankfurt***
***(Rail & Fly Inklusive+46 Kgs)***

## *Reisepreis:1095,-€ p. Person*

***Gruppen-Reise Bei mind.15-25Personen (Reiseanmeldung ab sofort )***

***Inklusive-Reiseleitung:***
***5 Übernachtungen in 4-5 Sterne Hotels, Unterbringung im Doppelzimmer mit 5 x Frühstück und Abendessen Alle Eintrittsgelder, Deutschsprachige Reiseleitung, Überlandfahrt-mit Klimatisierte-Reisebus ,Flug mit Air India ex.Frankfurt***
***(Inkl. Rail & Fly Freigepäck-46Kgs)***


***Für weitere Fragen stehen wir Ihnen gerne zur Verfügung***
***Flugsonderangebote Weltweit und Pauschalreisen auf Anfrage***
***Flugsonderangebot mit***
***Emirates/Oman Air/Air India/Qatar Airways/Lufthansa/EtihadAirways***

**Kottackamonnil Thomas**
**Hochstr.26, 42105 Wuppertal**
**Tel.: 0202-2831414, Fax: 0202-2831416**
**Hotline: 01732882391**
**E-Mail: lotustravels@t-online.de ,Website: www.lotustravels.de,**
**Facebook: facebook.de/lotustravels**

കവിത/എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

# ശ്രീസുതർ

ശിഷ്യരുമൊത്തു ശ്രീയേശുവെഴുന്നള്ളി
ശൈലപീഠത്തിലന്തിയിൻ പ്രശാന്തിയിൽ
കാൽമുട്ടുകളാ തൃണമെത്തയിലൂന്നി
കണ്ണുകൾ കൂപ്പി താതനോടർത്ഥനയായ്
താരകാങ്കിത നിശ്ശബ്ദ യാമിനിയിൻ
തുഷാരാർദ്രമാം പേശല പ്രഭാതത്തിൽ
ബദ്ധഹൃദയരാം മർത്യസഹസ്രത്തോ
ടിത്ഥം ഭാഷിച്ചാൻ സ്വർഗ്ഗീയ മർമ്മങ്ങളെ!
 'ആത്മാവിൽ നിർദ്ധനരായവർ ' ശ്രീസുതർ'
 രമ്യമാം വിണ്ണവർക്കുള്ളത്;
ആതങ്കം കൊൺടു കേഴുന്നവർ 'ശ്രീസുതർ'
സന്തോഷസിന്ദുവിൽ മുങ്ങുമവർ;
 സൗമ്യതയുള്ളവർ നിശ്ചയം 'ശ്രീസുതർ'
 ഭൂമിയവർക്കവകാശമാകും;
നീതിക്കായ് ബദ്ധപ്പെടുന്നവർ 'ശ്രീസുതർ'
സംതൃപ്തരായവർ വാഴുമെന്നും;
 കാരുണ്യം കാട്ടുവോർ, 'ശ്രീസുതർ' തന്നവർ
 കാരുണ്യം കൺടെത്തും ഭംഗമെന്യേ;
ആന്തരശുദ്ധിയിൽ ധന്യരും 'ശ്രീസുതർ'
സന്തതമീശനെ കാണുമവർ;
 ശാന്തിയേകുന്ന ഭൂമാന്യരും 'ശ്രീസുതർ'
 അന്തരമില്ലവർ ദൈവപുത്രർ;
നീതിക്കായ് പീഢയേൽക്കുന്നവർ 'ശ്രീസുതർ'
സത്യമായ് വാനിടം പൂകുമവർ;
 മാമകനാമം കൊൺടാമയം നിങ്ങൾക്ക്
 ആമന്ദം വന്നു ഭവിക്കുമെങ്കിൽ;
'ശ്രീസുത' രായിടും നിങ്ങളനാരതം
ശാശ്വതലോകവും നേടും നിങ്ങൾ."
 ഇപ്പാരിനുപ്പാണു നിങ്ങളെന്നോർക്കണം
 ഉപ്പാണു സ്വാദിന്നുറവയെന്നും,
ഉപ്പാകും നിങ്ങൾക്കു കാരമില്ലാതായാൽ
ചപ്പായി മുറ്റത്തു തള്ളുമത്രെ,
 ലോകത്തിൻ ദീപവും നിങ്ങൾ തന്നല്ലയോ
 പൊക്കത്തിൽ ശോഭിക്കും സ്നേഹദീപം,
മൽസുതരായിടും നിങ്ങളീ ക്ഷോണിയിൽ
ഭാസുരദീപമായ് ശോഭിക്കേണം,
 മാമല ശംഗത്തിൽ കാമ്യമായ് നിർമ്മിച്ച
 പൂമേട വെട്ടിത്തിളങ്ങിടും പോൽ
നിങ്ങൾതൻ കൈവശമുള്ളതാം ദീപിക
ഭാഗ്യം വിളങ്ങട്ടെ ദീപ്തിയോടെ, .
 നിങ്ങൾ ചെയ്യുന്ന സൽക്കർമ്മങ്ങളിൽ സദാ
 അങ്ങുയരെ പിതാവാനന്ദിക്കും.



ലേഖനം/ തോമസ് കളത്തൂർ

# കേരളം വീണ്ടും ഒരു വഴിത്തിരിവിൽ

ഇന്ന്, കേരളം ഒരു സ്വയ അവലോകനത്തിൻറെ വഴിത്തിരിവിൽ എത്തി നിൽക്കുകയാണ്. പുതിയ ഒരു കാലഘട്ടത്തിലേക്കുള്ള പ്രവേശന കവാടത്തിൽ നമ്മുടെ സംസ്കാരം എത്തിപ്പെട്ടിരിക്കുന്നു. മതവും രാക്ഷീയവും ഇന്ന് ഒരു ശുചീകരണത്തിന് തയ്യാറായേ പറ്റൂ. പ്രകൃതി തന്നെ ഈ ആവശ്യം മനസ്സിലാക്കി , നമ്മെ അവിടെ എത്തിച്ചിരിക്കുന്നു. വെള്ള പൊക്ക കെടുതികൾ സാമ്പത്തിക ഉച്ച നീചത്വങ്ങൾക്കു നേരെ ഒരു ചോദ്യ ചിഹ്നമായി ഉയർന്നു. രക്ഷാപ്രവർത്തകരും രക്ഷപെടുത്തലുകളും സമുദായ അസമത്വങ്ങളുടെ അർത്ഥ ശൂന്യതയെ എടുത്തു കാണിച്ചു. ഒരു പുനർ ചിന്തനത്തിനു വാതിൽ തുറന്നു. ഇവയുടെയെല്ലാം ഉപരിയായി ധാരീകതയെയും ആത്മീകതയെയും ചവിട്ടി താഴ്ത്തുന്നതായിരുന്നു അച്ചൻ മാരുടെയും ബിഷപ്പ് മാരുടെയും സ്വാമി മാരുടെയും 'ഓം' പഠിപ്പിക്കുന്ന 'മൗലവിമാരുടേയും ' സിനിമ മേഖലയിലെയും ഒക്കെ പീഡന വാർത്തകൾ. ഇന്നും സ്ത്രീ സ്വാതന്ത്ര്യം അഥവാ സമത്വം ഒരു വലിയ പ്രശ്നമായി നില നിൽക്കുന്നു. ശബരിമല സ്ത്രീ പ്രവേശം, സ്ത്രീ പുരോഹിതരെ അംഗീകരിക്കൽ, സ്ത്രീ ശരീരം മുഖം തല മറക്കൽ, കൂടാതെ ദ്വിലിംഗർ ഭിന്നലിംഗർ. ആരെയും ശരണമാക്കാൻ കഴിയാത്ത ഒരു വലിയ ജനത .. നിശബ്ദരായി ദുർവിനിയോഗം ചെയ്യപ്പെടുന്നു. മനുക്ഷ്യരുടെ ഭാഗത്തു നിന്നും എന്തൊക്കെ ചെയ്യാൻ കഴിയും? ഈ ചിന്തയ്ക്ക് സഹായകരമായി ലോകത്തിലെ ചില ബുദ്ധി ജീവികളുടെ പഠനങ്ങളെ പരിശോധിക്കാം. മനുക്ഷ്യന്റെ ശാരീരികവും ബുദ്ധി പരവുമായ വളർച്ചക്ക് വിഘാത മായ് നിൽക്കുന്നത് എന്തൊക്കെ ആണെന്ന് ഒരന്വേഷണം ആവശ്യമാണ്. സൃഷ്ടി , സ്ഥിതി, സംഹാരങ്ങളിലൂടെ പ്രപഞ്ചം കടന്നു പോകുന്നു, നിലനിൽക്കുന്നു. ഇവയുടെ സന്തുലനാവസ്ഥ തെറ്റുമ്പോൾ മഹാ കെടുതികളിൽ നിപതിക്കുന്നു. ഇതേ വിധം, പ്രപഞ്ചത്തിന്റെ ഒരു സൂഷ്മ രൂപം തന്നെ ആയ, ഒരു 'മിനിയേച്ചർ പ്രപഞ്ചം' എന്ന് വിളിക്കാവുന്ന മനുഷ്യൻ, ആരോഗ്യവാൻ ആയി നിലനിൽക്കാൻ ആയുർവേദം ഉപദേശിക്കുന്നത്, ശരീരത്തിൽ വാദം, പിത്തം, കഫം' ഇവയുടെ അനുപാതം തെറ്റാതെ സൂക്ഷിക്കണം എന്നാണ്. എന്തും ഏതും പ്രകൃത്യാലുള്ള വേലിക്കെട്ടുകൾ ചാടിക്കടക്കുമ്പോൾ അപകടങ്ങൾ സുനിശ്ചിതമാണ്. ഒരു വിധത്തിൽ അല്ലങ്കിൽ മറ്റൊരു വിധത്തിൽ. മനുഷ്യന്റെ ആയാലും സമൂഹത്തിന്റെ ആയാലും വളർച്ചക്ക് രണ്ടു ഘടകങ്ങൾ ആവശ്യമാണ്. എന്ന് 'കെൻ വിൽബെർ' പ്രസ്താവിക്കുന്നു., വ്യതിരിക്തം, & ഏകീകരണം. ശരീരത്തിൽ വളർച്ചയുടെ 'ഭാഗമായി വ്യതിരിക്തം അഥവാ ഡിഫറന്സിയേഷൻ നടക്കുകയും, എന്നാൽ ഏ



കീകരണം അഥവാ ഇന്റഗ്രേഷൻ നടക്കാതിരിക്കുകയും ചെയ്യുമ്പോള് 'അതിനെ അർബുദം അഥവാ കാൻസർ എന്ന് വിളിക്കുന്നു. നമ്മുടെ സമൂഹം വളർന്നു. മതങ്ങളും രാഷ്ട്രീയ പാർട്ടി കളും വളർന്നു പന്തലിച്ചു. മത് രാക്ഷ്ട്രീയ നേതാക്കളും, അനുയായികളും സമ്പത് സമൃദ്ധി യുടെ കാര്യത്തിലും അത്യപൂർവമായ വളർച്ച ആണ് നേടിയിരിക്കുന്നത്. എന്നാൽ മതങ്ങൾ ആയാലും രാഷ്ട്രീയ പാർട്ടികൾ ആയാലും , നേരെയോ വളഞ്ഞ വഴിയിലൂടെയോ നേടിയതെല്ലാം തങ്ങളുടെ സംഘടനയ്ക്ക് അല്ലെങ്കിൽ മതത്തിനു മാത്രമായി സ്വരൂപിക്കാൻ ശ്രമിക്കുന്നു. ഉടനെ അടുത്ത് പടിയിലേക്കു അവർ കടക്കുന്നു. നേടിയ സമ്പത്തും അധികാരവും നേതാക്കളായ തങ്ങളിലേക്ക് മാത്രം കേന്ദ്രീകരിക്കുന്നു. ഇതേ രീതിയിൽ നില നിർത്തി കൊണ്ടുപോകാൻ, തങ്ങൾക്കു ചുറ്റും മതിലുകൾ പണിയുന്നു , അതിനുള്ളിൽ തേർവാഴ്ച ആരംഭിക്കുന്നു. മറ്റുള്ളവരെ തത്വസംഹിതകളും,

ദൈവശാസ്ത്രം വിശ്വാസപ്രമാണം ഇവകളും പറഞ്ഞു, വേർതിരിച്ചു തുരുത്തുകളാക്കി മാറ്റുന്നു. അങ്ങനെ ഇന്റഗ്രേഷൻ അഥവാ ഏകീകരണത്തെ നശിപ്പിച്ചു.... അർബുദത്തിന്റെ വ്യണങ്ങൾ കൊണ്ട് സമൂഹത്തെ രോഗാതുരമാക്കുകയാണ്. ആത്മീയ മായി പറഞ്ഞാൽ, ജീവനും ജീവചൈതന്യവും ഉള്ള, പരസ്പരസ്നേഹ വിശ്വാസത്തോടെ കഴിയുന്ന ഒരു സമൂഹം , ആകാൻ കഴിയാതെ, മേൽപ്പറഞ്ഞ ഗുണ ങ്ങൾ ഒന്നു മില്ലാത്ത അതിൽ തന്നെ അനേക വിഭാഗങ്ങളായി വേർതിരിയുന്നു. വെറുപ്പും മൽസരവും ഉള്ള വെറും ഒരു സമൂഹ മായ് അധപ്പതിക്കുന്നു. വ്യതിരിക്തമായി വളർന്നു എന്നത് ശരി തന്നെ, എന്നാൽ ഏകീകരണം സംഭവിച്ചില്ല. അഥവാ അവിഭക്തമായി രുന്നില്ലാ. പ്രകൃതി യുടെ നൈസർഗ്ഗികമായ ഒരു പ്രത്യേകതയാണ്, വളർച്ച. ജനിക്കുന്നതൊക്കെയും വളരുകയും കാലാനുസൃതം മരിക്കുകയും ചെയ്യും, ചെയ്യണം എന്നത് പ്രകൃതി നിയമം ആണ്. വളർച്ചയോടൊപ്പം, ഏകീകരണം പ്രാപിക്കാതെ വന്നാൽ ഉണ്ടാകുന്ന ദോഷങ്ങളെ ഡോക്റ്റർ ബ്രൂസ് ലിപൺ കൂലങ്കഷമായി പ്രസ്താവിച്ചിട്ടുണ്ട്. അത്, വ്യക്തിയെയും സമൂഹത്തിന്റെ അന്തർബോധം അഥവാ പ്രജ്ഞ (കോൺഷിയസ്നെസ്സ് ) യെയും ദോഷകരമായി ബാധിക്കുന്നു. സമൂഹത്തിന്റെ പ്രജ്ഞയുടെ സ്വാധീനം ജൈവവ്യവസ്ഥയെ തന്നെയും ബാധിക്കുന്നു. പരിസ്ഥിതി അഥവാ സാഹചര്യം(എൻവയറുമെന്റ് ) അയക്കുന്ന സിഗ്നലുകൾ ( സംജ്ഞകൾ   അടയാളങ്ങൾ ) സ്വീകരിക്കാനും ആഗിരണം ചെയ്യാനും ചർമ്മത്തിന് കഴിയുന്നു. ഈ സംജ്ഞകൾ 'ക്രോമോസോം ' കളെ ഉത്തേജിപ്പിക്കുന്നു. ഈ സിഗ്നലുകൾ നമ്മുടെ അന്തക്കരണത്തെ അഥവാ മാനസിക അവസ്ഥയെയും ജീനുകളെയും നാഡീവ്യൂഹത്തെ തന്നെയും സ്വാധീനിക്കുന്നതിനും നമ്മുടെ രസതന്ത്രത്തിൽ മാറ്റങ്ങൾ വരുത്തി നമ്മുടെ സ്വഭാവത്തിൽ വ്യതിയാനങ്ങൾ സംഭവിക്കാനും കാരണമാകും. അതിനാൽ നമ്മുടെ ചുറ്റുപാടുകളിൽ ശാരീരികവും മാനസികവും സാമൂഹികവും ആയ വളർച്ചക്ക് അനുകൂല മായ സാഹചര്യങ്ങളെ, നിഷേധാത്മകമല്ലാത്ത (പോസിറ്റീവ് ചിന്തകൾ കൊണ്ടും പ്രവർത്തനങ്ങളെ കൊണ്ടും ഊർജ്ജം/ചൈതന്യം കൊണ്ടും സൃഷ്ടിക്കേണ്ടതാണ്. വ്യക്തികളിലും സമൂഹത്തിലും ഭയം വിതറിക്കൊണ്ട് കാര്യങ്ങൾ നടപ്പാക്കുന്ന ദു;സ്ഥിതി ആദികാലം മുതൽ കണ്ടുവരുന്നു. ദുർബലർക്കും അജ്ഞർക്കും എതിരെ അധികാരികൾ പ്രയോഗിക്കുന്ന ആയുധമാണ്, ' ഭയപ്പെടുത്തൽ'. ഭരണാധിപർ നിയമങ്ങളെയും ശിക്ഷകളെയും പ്രയോഗിക്കുമ്പോൾ, ഈശ്വര രൂപത്തെയും ആചാരങ്ങളെയും മുന്നിൽ നിറുത്തി സ്വർഗ്ഗ നരകങ്ങളുടെ പ്രലോഭനവും കാഠിന്യവും കാട്ടി , മതങ്ങൾ 'ഭയം ' തന്നെ പ്രയോഗിക്കുന്നു. ആര് ഭീതി വിതച്ചാലും, മനുക്ഷ്യർക്കും സമൂഹത്തിനും ലഭിക്കുന്നത് മനഃക്ലേശവും ആയാസവുമാണ്. അത് വ്യക്തിയുടേയും സമൂഹത്തിന്റെയും വളർച്ചയെ ദോഷകരമായി ബാധിക്കുന്നു. സമൂഹത്തിന്റെ ആകമാനമുള്ള പ്രജ്ഞയെ അസ്വസ്ഥമാക്കും, അസന്തുഷ്ടമാക്കും. 'ഭയം' അസ്വസ്ഥത യെയും, അസ്വസ്ഥത രോഗത്തെയും ക്ഷണിച്ചു വരുത്തുന്നു, വളർച്ചക്ക് പകരം, നശീകരണം സംഭവിക്കുന്നു. എന്നാൽ സ്നേഹവും സഹകരണവും സന്തോഷവുമുള്ള അന്തരീഷം, ജീവന്റെ കോശങ്ങളെ പോഷിപ്പിക്കും, പുഷ്ടിപ്പെടുത്തും. അവിടെ വളർച്ച വേഗത്തിൽ സംഭവിക്കുന്നു. നിയമങ്ങളും ശിക്ഷകളും ആവശ്യമാണ്. എന്നാൽ സമൂഹത്തിന്റെ ആവശ്യങ്ങളെ മനസിലാക്കാനും സഹായിക്കാനുമുള്ള പ്രതിബദ്ധത മറന്നുകൊണ്ട് നിയമം നടപ്പാക്കരുത്. ഉദാഹരണമായി , ഇടവഴികളിൽ മുൻ കാലങ്ങളിൽ കണ്ടു വന്നിരുന്ന ഒരു അറിയിപ്പ് ഇപ്രകാരമായിരുന്നു, 'പൊതു നിരത്തുകളിൽ മലമൂത്ര വിസർജ്ജനം ചെയ്യുന്നത് ശിക്ഷാർഹമാണ്'. ശിക്ഷ 25 രൂപാ എന്നത് 50 ഓ 75 ഓ ആയി വർധിപ്പിച്ചു കുറ്റം തടയുന്നതിന് പകരമായി, പൊതു ജനങ്ങൾക്ക് ശുചിത്വവും ആരോഗ്യവും എന്ന വിഷയത്തിൽ അവബോധം ഉണ്ടാക്കുകയും, അവിടവിടെയായി ശൗചാലയങ്ങൾ പണിയുകയും ചെയ്യുകയാണ് അഭിലഷണീയം. അതു സമൂഹത്തിന്റെ അസ്വസ്ഥതയ കുറയ്ക്കും എന്ന കാര്യത്തിൽ സംശയമില്ല. അത് പോലെ മതങ്ങൾ, ആചാര അനുഷ്ഠാനങ്ങളെ, വലിയ ഭാരമുള്ള ചുമടുകളായി മനുഷ്യരുടെ തലയിൽ കെട്ടി വെയ്ക്കരുത്. മതങ്ങളുടെയും വിശ്വാസത്തിന്റെയും പേര് പറഞ്ഞു അന്യോന്യം ഇടപഴകാനുള്ള അവസരങ്ങളെ ഇല്ലായ്മ ചെയ്യരുത്. വിശ്വാസികൾ മറ്റു മത ങ്ങളിലേക്കു ചാടിപ്പോകാതെ കൂടെ നിർത്താൻ വൈവിധ്യ മാർന്ന ആചാര അനുഷ്ടാനങ്ങളെ നിവേശിപ്പിക്കുന്നു, മറ്റുള്ളവരുടേതിൽ നിന്ന് അല്പം ചില വ്യത്യാസങ്ങളോടെ. ഇവയുടെ നിത്യമായ പരിചയം ഒരു സ്വഭാവമായി മാറുന്നു. സ്വന്തം കഴിവുകളെ പോലും വിസ്മരിച്ചു, ഹിപ്നോടൈസ് ചെയ്യപ്പെട്ടവരായി ജീവിക്കുന്നു. കുതിച്ചു പായാൻ പ്രാപ്തനായ കുതിരയുടെ കടിഞ്ഞാൺ ഒരു ചെറു കമ്പിൽ ചുറ്റി ഇടുംപോലെ, ശക്തനായ ആനയുടെ ഒരു കാലിൽ ഒരു ചെറു ചരട് കെട്ടി ഒരു ചെറു ചെടിയിൽ ചുറ്റി ഇടുംപോലെ അവരെ വിശ്വാസത്തിൽ തളച്ചിടുകയാണ്. ഈശ്വരന്റെ പേര് പറഞ്ഞു , ദൈവം പറഞ്ഞു എന്ന് പറഞ് നടത്തുന്ന അടിമകളാക്കലും, ശിഥിലീകരണങ്ങളും അവസാനിപ്പിക്കണം. എല്ലാ മതങ്ങളെയും അന്യോന്യം ബഹുമാനിക്കാനും ആദരിക്കാനും ആണ് മനുക്ഷ്യരെ പഠിപ്പിക്കേണ്ടത്. മതമല്ല ആത്മീയതയാണ് മനുക്ഷ്യന് വേണ്ടത്. വിശ്വാസാചാരങ്ങൾ വെറുക്കാനും വേർതിരിക്കാനുമല്ല, സ്വീകരിക്കാനും, സ്നേഹിക്കാനും, സഹായിക്കാനുമാണ്. യുദ്ധങ്ങളും രക്ത ചൊരിച്ചിലുകളും നടത്തി 'കൈവശ പ്പെടുത്തുന്ന' കാലം കഴിഞ്ഞു പോയി. ബുദ്ധിമാനായ മനുക്ഷ്യൻ തന്റെ കെട്ടുകളെ കാണണം, അഴിച്ചു കളയണം. സ്വതന്ത്രനായി ചിന്തിക്കണം. സ്വന്തമായി തീരുമാനങ്ങൾ എടുക്കണം. ആരുടെയും, ഒരു മതത്തിന്റെയും രാഷ്ട്രീയ പാർട്ടിയുടെയും ചട്ടുകങ്ങൾ ആയി മാറരുത്. ആരോഗ്യകരമായ വളർച്ചയുടെ ദിനങ്ങൾ മുന്നിൽ കണ്ടുകൊണ്ട്, അടഞ്ഞവാതിലുകൾ തുറന്ന് സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കാം.

കഥ/അബ്ദുൾ പുന്നയൂർക്കുളം

# സ്വപ്നത്തിൽ കണ്ട താടിക്കാരൻ



അയാൾ അതിരാവിലെ നിദ്രയിൽ നിന്നുണർന്ന ഉടനെ കൈ, കാൽ, മുഖം, മൂക്ക് ഒക്കെ ആകാംക്ഷയോടെ തൊട്ടുനോക്കി. എല്ലാം യഥാസ്ഥാനത്ത് തന്നെയുണ്ട്. ഇവയെല്ലാം എവിടെയായിരുന്നു ഇന്നലെ രാതി? അപ്പോഴാണ് അയാളോർത്തത് താൻ കുഷ്ഠരോഗാശുപ്രതി സ്വപ്നം കണ്ടതും അവിടത്തെ ഒരംഗവിഹീനനായ രോഗിയായിരുന്നതും.

അയാൾ പടുതിയിൽ തഴെയിറങ്ങി ഫോൺ ചെയ്യാൻ. ഫോൺ ഒരു സെക്കന്റ് കയ്യിൽ പിടിച്ചുകൊണ്ടു എന്തോ ചിന്തിച്ചു. പെട്ടെന്ന് ഫോൺ താഴെവച്ചു; അടുക്കളയിലേക്കു ചെന്നു. ഭാര്യ മക്കൾക്കു പ്രാതൽ ഒരുക്കുകയായിരുന്നു. അയാൾ ഒരുനിമിഷം ശങ്കിച്ചു. ഭാര്യയോട് സ്വപ്നത്തെപ്പറ്റി പറയണോ? വേണ്ട. പറഞ്ഞാൽ ഒരിക്കലും അംഗീകരിക്കില്ല. അവൾ ഇതിനേക്കാൾ ചെറിയ കാര്യങ്ങൾക്കു പോലും വാശി പിടിച്ചിട്ടുള്ള ആളാണ്. എങ്കിലും ധൈര്യം ശേഖരിച്ചു പറയാൻ തീരുമാനിച്ചു. കയ്ക്കുള്ള കഷായം കുടിക്കുന്ന മട്ടിൽ ഒറ്റവീർപ്പിൽ ആ സ്വപ്നസാരം അവളെ ധരിപ്പിച്ചു. മറുപടിക്കു വൈകുന്നുവെന്ന് തോന്നിയപ്പോൾ അയാൾ സോഫയിൽ ഇരുന്നു. ഭാര്യ കുട്ടികൾക്കു പ്രഭാതഭക്ഷണം ഉണ്ടാക്കിക്കൊടുത്ത ശേഷം ഗൗരവത്തിൽ സോഫയുടെ അററത്ത് വന്നിരുന്നു. അവരുടെയിടയിൽ മൗനം മലപോലെ വളർന്നു. നിമിഷങ്ങളുടെ സാന്ദ്രമൗനത്തിനു ശേഷം അവൾ ചോദിച്ചു: 'നിങ്ങളൊര് കിനാ കണ്ടെന്ന് വെച്ച് നല്ലൊരു ജോലി വിടാ?'

അയാൾ സ്വരം താഴ്ത്തിക്കൊണ്ട്: 'ഇന്നലെ കണ്ട സ്വപ്നത്തിൽ ഞാൻ കുഷ്ഠരോഗാശുപത്രിയിൽ

കൈകാൽ ച്ഛേദിച്ചും മുരടിച്ചും കിടന്ന് വിഷമിക്കുകയായിരുന്നു. അപ്പോൾ പള്ളീലച്ചനെപ്പോലെ വെള്ളവസ്ത്രം ധരിച്ച ഒരാൾ വന്ന് പറഞ്ഞു: 'വിഷമിക്കണ്ട. ആഴ്ചയിൽ രണ്ട് മൂന്ന് മണിക്കൂർ ആതുരസേവ ചെയ്താൽ മതി.'

അവളുടെ ശബ്ദമുയർന്നു: 'വീടിൻറ (Mortgage)മാസ അടവ്, കുട്ട്യേൾടെ ഫീസ്, ങ്ങളെ സ്റ്റുഡന്റ് ലോൺ, ഒക്കെ ഉള്ളപ്പളാ ജോലി വിട്ത്!'

ആഴ്ചയിൽ അഞ്ചുദിവസം ഫുൾടൈമായും ശനിയാഴ്ച പാർടൈമായും ജോലിചെയ്യുന്നുണ്ട്. ശനിയാഴ്ചത്തെ ജോലിയുപേക്ഷിച്ച് നഴ്സിംങ്ഹോം നിവാസികളെ ഉച്ചയ്ക്ക് ഊട്ടിക്കണമെന്നും ബാക്കിനേരം പൊതുകാര്യപ്രവർത്തിങ്ങളിൽ ഏർപ്പെടണമെന്നും ഞായറാഴ്ച കുടുംബത്തോടൊപ്പം ചെലവഴിക്കണമെന്നുമാണ് വിചാരമെന്ന് പറയാൻ ഭാവിച്ചെങ്കിലും വാക്കുകൾ മററൊരു ദിശയിലേക്കാണ് പറന്നത്: 'സ്വപ്നത്തിലെ വെളുത്ത താടിക്കാരന് ഞാൻ വാക്കു കൊടുത്തുപോയി.'

ഗൃഹവേദി/ പ്രസന്ന പിള്ള, ജർമ്മനി



## നേന്ത്രപ്പഴം അരിവട

| | |
|---|---|
| പുഴുങ്ങി പൊടിച്ച ഏത്തപ്പഴം | 1 എണ്ണം |
| വറുത്തു പൊടിച്ച അരിപ്പൊടി | 4/5 ടേബിൾ സ്പൂൺ |
| തേങ്ങാപ്പീര | 4/5 ടേബിൾ സ്പൂൺ |
| നെയ്യ് | 1 ടേബിൾ സ്പൂൺ |

ശർക്കര ആവശ്യത്തിന് ഏലക്കാപ്പൊടി,ചുക്കുപൊടി ഓരോ ചെറിയ സ്പ്പൂൺ വീതം എല്ലാം കൂടി നന്നായി കുഴച്ചു ചെറിയ ഉരുളകളാക്കുക. ബ്രഡ് പൊടിയിൽ മുക്കി തിളച്ച എണ്ണയിൽ വറുത്തു കോരുക. ഉരുള കൈവെള്ളയിൽ വച്ച് അല്പം പരത്തിഉഴുന്നുവടയുടെ ആകൃതിയിലും വട ഉണ്ടാക്കാം.

smart
kitchen

അവളുടെ ഒച്ച വീണ്ടും ഉച്ചത്തിലായി: 'വാക്ക് കൊടുത്തുപോയിപോലും! എന്ത് വാക്ക് നിങ്ങൾ കൊടുത്തത്? ആർക്കാ കൊടുത്തത്? നിങ്ങക്ക് നൊസ്സുണ്ടോ, ഏതെങ്കിലും ഒര് പേക്കിനാവ് കണ്ടെന്ന് വെച്ച് ജോലി വിടാ; ജോലിക്ക് ബുദ്ധിമുട്ടുള്ളപ്പോൾ?'

അയാൾ മറുപടി പറയാതെ വീടിന്റെ പുറകു(Patio)വശത്തെ പൂപ്പാത്രത്തിൽ തൂക്കിയിട്ടിരുന്ന കടുംചുവപ്പും വെളുപ്പും വയലററും നിറമുള്ള പൂക്കളിൽ കണ്ണുംനട്ടിരുന്നു. അയാൾക്കു വേനലിൽ വിരിയുന്ന നിറപ്പകിട്ടാർന്ന പൂക്കളെ നോക്കിയിരിക്കുന്നത് ഇഷ്ടമാണ്. ഒരിക്കൽ ആ പൂക്കളുടെ മനോഹാരിതയിൽ ആകൃഷ്ടനായി; അതിന്റെ അടുത്തുചെന്ന് അതിനെ വാസനിച്ചു. അയാൾ നിരാശനായി. അവയ്ക്കൊരു സൗരഭ്യവുമില്ലായിരുന്നു!




പൂച്ചെടികൾ ഉദ്യാനത്തിൽ മാത്രമല്ല ഉള്ളത്, വീടിൻറെ മിക്ക മൂലയിലുമുണ്ട്. ചെടികൾ വീട്ടിൽ വയ്ക്കുന്നത് മകന്റെ വിനോദമാണ്. പക്ഷെ അമ്മ, വീട്ടിലെവിടെയും ചെടികളാണെന്ന് പരാതിപ്പെടുമ്പോൾ അവൻ പറയും: ചെടിയുടെ തിളിരിലകൾ കിളിർക്കുന്നതും നാമ്പ് നീളുന്നതും, അതിനെ തൊടുന്നതും അവനിഷ്ടമാണെന്നും പുത്തൻ ദളങ്ങൾ വിടർന്ന് വികസിക്കുന്നത് വീടിന്നൈശ്വര്യമാണെന്നും. ഭാര്യ മുഖം വീർപ്പിച്ചിരിക്കുന്നു. അവൾ കോപിച്ചിരിക്കുമ്പോൾ കവിളിണകൾക്കു അഴകേറുന്നത് ഭാവനയിൽ കാണാമെങ്കിലും, പൂക്കളിൽ നട്ട കണ്ണ് പറിച്ചെടുത്ത് ഭാര്യയുടെ സൗന്ദര്യത്തിൻ പ്രഭ ചിതറുന്നത് ചുംബിച്ചെടുക്കാൻ തുനിഞ്ഞില്ല. അയാളുടെ മനസ്സിൽ, സ്വപ്നത്തിൽ വന്ന ശുഭവസ്ത്രധാരിക്ക് വാക്കുകൊടുത്തത് നിറവേററാൻ പററുന്നില്ലല്ലോ എന്നാകുലപ്പെട്ടപ്പോൾ, നെഞ്ചിന്റെ ഭാഗത്ത് ചെറിയ മുറുക്കം അനുഭവപ്പെട്ടു. അപ്പോൾ ഡോക്ടർ പറഞ്ഞത് ഓർത്തു: 'ഹൃദ്രോഗവും കൊളസ്ട്രോളും ഉള്ളപ്പോൾ മാനസസംഘർഷത്തിന് ഇട വരുത്തരുത്.' സോഫയിൽ ഇരിക്കുമ്പോൾ അയാൾക്കു തോന്നി ജോലിക്കുപോകേണ്ട സമയം ആയിക്കൊണ്ടിരിക്കുന്നു. പക്ഷേ, എഴുന്നേൽക്കാൻ കഴിയുന്നില്ല. സോഫയിൽ നിന്ന് ആഴ് പോകുന്നത് പോലെ. അപ്പോൾ ആറു വയസായ മകൾ വന്നു പറഞ്ഞു: അവളുടെ കേടായ സൈക്കിൾ ശരിയാക്കി കൊടുക്കാൻ. ഒന്നും പറയാതെ മകളെ ചേർത്തുപിടിച്ചു മൂർദ്ധാവിൽ ഒരുമ്മ കൊടുത്തു. മകളുടെ സാമീപ്യം അയാൾക്കു അവാച്യമായ ആശ്വാസം തോന്നി. അവളെ ഗൗനിക്കുന്നില്ലെന്ന് കണ്ടപ്പോൾ അവൾ ഗൗരവത്തിൽ പുറത്തു പോകാനൊരുങ്ങി. അപ്പോൾ അമ്മ അലറി: 'ടെൽ യുവർ ബ്രദേഴ്സ്.' അയാൾ ജോലിക്കു പോകാൻ ധൃതി പിടിച്ചൊരുങ്ങുമ്പോൾ ഓർത്തു: ഇനി മുതൽ ശനിയാഴ്ച ജോലിക്കു വരില്ലെന്ന് പറഞ്ഞിരുന്നെങ്കിൽ ഇവിടെ എന്തൊക്കെ നടന്നേനെ!

ലേഖനം/ ജോയി ചക്കുപുരയ്ക്കൽ, കേരളം

# കുടുബ ശിഥിലീകരണ പ്രവണതകൾ

**പു**രാതന കാലം മുതൽ ഭാരതത്തിൽ കുടുംബബന്ധങ്ങളിൽ പരിപക്വവും പവിത്രവുമായ ജീവിതശൈലിയുള്ള ഒരു സംസ്കാര പാരമ്പര്യമാണ് ഇവിടെ നിലനിന്നിരുന്നത്. മാതാപിതാഗുരുദൈവം എന്ന ചിന്ത ജീവിതവൃതമാക്കിയവരുടെ നാടാണ് ഭാരതം. കുടുംബബന്ധത്തിന്റെ മഹത്വവും പരിപാവനതയും മനസ്സിലാക്കി. കൂടുമ്പോൾ ഇമ്പം തോന്നിക്കുന്നതാണ് കുടുംബം എന്ന ചിന്തയോടെ അന്നുള്ള വർ കഴിഞ്ഞുപോന്നിരുന്നു. സ്നേഹസമ്പന്നതയുടെയും ആഹ്ലാദത്തിന്റെയും ചരടിൽ കോർത്ത് ജീവിതം ആസ്വദിച്ചവരാണ് അന്നുള്ളവർ. പരസ്പര

സ്നേഹത്തിലും സന്തോഷത്തിലും സമാധാനത്തിലും സഹവർത്തിത്വത്തിലും ജീവിച്ചു പോന്നവരാണ് നമ്മുടെ പൂർവ്വികർ.

കേരളത്തിൽ പണ്ടുകാലം മുതൽ കൂട്ടുകുടുംബ വ്യവസ്ഥിതിയിലാണ് ജനങ്ങൾ ജീവിച്ചി രു ന്ന ത്. മാതാവും പിതാവും മക്കളും അവരുടെ ഭാര്യമാരും കുട്ടികളുമായി ഒന്നിച്ചു ജീവിതം സന്തോഷകരമായി നയിച്ചിരുന്നു. കള്ളമോ ചതിയോ വഴക്കുകളോ ഒച്ചപാടുകളോ ഒന്നും ഇല്ലാതെ ഏകോദരസഹോദരങ്ങളെപ്പോലെ അവർ ജീവിച്ചു പോന്നു. കുടുംബത്തിലെ ഏറ്റവും പ്രായംചെന്ന ആളാണ് കുടുംബനാഥൻ ആ കാരണവരുടെ ശാസനകളിൽ എല്ലാവരു അച്ചടക്കത്തോടെ പരാതിയും പരിഭവവും ഇല്ലാതെയാണ് ജീവിച്ചിരുന്നത്. വളർന്നുവരുന്ന ആൺ മക്കൾ മുതിർന്നവരുടെ സംരക്ഷണയിൽ കുടുംബപരമായ തൊഴിലുകളും കച്ചവടങ്ങളും നല്ല രീതികളിൽ നടത്തി അഭിവൃദ്ധി നേടാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇത്തരം തറവാടുകൾ നമ്മുടെ നാട്ടിൽ ധാരാളം ഉണ്ടാ യി രു ന്നു. അപ്പുപ്പനും, അമ്മൂ മ്മയും എല്ലാ വർക്കും ആരാധ്യ രാ യി രുന്നു. കൊച്ചു മക്കളെ താലോലിക്കുവാനും കൊഞ്ചിക്കുവാനും ഉള്ള അവസരങ്ങൾ കുടുംബ ജീവിതത്തെ തന്നെ സ്വർഗ്ഗ തുല്യമാക്കിയിരുന്നു.

കാലക്രമേണ കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായി. ബന്ധങ്ങൾക്ക് വിലയില്ലാതായി. മാതാപിതാക്കന്മാർ അവഗണനയുടെ പട്ടികയിലുമായി 'അണുകുടുംബം' പിറവി എടുത്തതോടെ അച്ഛനമ്മമാര് അധികപറ്റായി. അവർക്കു കൊച്ചുമക്കളുമായി ഇടപഴകാനുള്ള അവസരങ്ങൾ ഇല്ലാതായി. വല്ലപ്പോഴും കാണാൻ കിട്ടുന്ന കൊച്ചുമക്കൾക്ക് വല്യപ്പനും വല്യമ്മയുമായി ചങ്ങാത്തത്തിന് അതിർവരമ്പുകൾ ഏറെയായി. അധികവും ഭാഷാ പ്രശ്നങ്ങൾ. കുട്ടികളുടെ കാഴ്ചപ്പാടിൽ അവർ പരിഷ്കാരം ഇല്ലാത്തവർ, ഫാഷൻ ഇല്ലാത്തവർ, വ്യത്തിഹീനമായസാഹചര്യങ്ങളിൽ കഴിയുന്നവരുമായി ഇടപെടാൻ പുതിയ തലമുറയ്ക്ക് മടിയായി. ബ



ന്ധങ്ങൾ ക്രമേണ അകന്നുപോയി.

പണ്ടൊക്കെ കുടുംബജീവിതം ആരംഭിച്ചിരുന്നത് വളരെ ചെറുപ്പത്തിലായിരുന്നു. സ്ത്രീകൾക്ക് ഏറിയാൽ 15 വയസ്സും, പുരുഷന്മാർക്ക് 20 വയസ്സുമായിരുന്നു അന്നത്തെ വിവാഹപ്രായം. ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ചോ, ജീവിത പ്രാരാബ്ദങ്ങളെക്കുറിച്ചോ ഒന്നും അറിവില്ലാത്തവർ മുതിർന്ന വർ വഴി കാണിച്ചു കൊടുക്കുന്ന രീതിയിൽ ജീവിതം മുന്നോട്ടുകൊണ്ടുപോയിരുന്നു. സ്വന്തം കുടുംബത്തിന്റെ ആചാരമര്യാദകളും, സംസ്കാര സവിശേഷതകളും സ്വന്തം ഉത്തരവാദിത്വങ്ങളും മുതിർന്നവരിൽ നിന്ന് കണ്ട് പഠിച്ച് ബോധ്യം വരുമ്പോഴാണ് ഇവരെ ഒന്നിച്ചു ജീവിക്കുവാൻ അനുവദിച്ചിരുന്നത്. വിവാഹം കഴിഞ്ഞവരാണെങ്കിലും ഭാര്യഭർത്താക്കന്മാരെ തമ്മിൽ കാണാനോ ഒന്നിച്ചു ജീവിക്കുവാനോ അതുവരെ മുതിർന്നവർ അനുവദിച്ചിരുന്നില്ല.

കാലം അതിവേഗതയിൽ കടന്നുപോയികൊണ്ടിരുന്നു. മനുഷ്യജീവിതത്തിൽ മാറ്റങ്ങളുടെ ശംഖൊലി കേട്ടു തുടങ്ങി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടെ ജനഹൃദയങ്ങളിൽ വ്യക്തി വികാസത്തിന് ഇടം ഉണ്ടായി. ആധുനിക ലോകത്തെക്കുറിച്ചും അന്യനാടുകളിലെ ജനങ്ങളുടെ ജീവിതശൈലികളെക്കുറിച്ച് കേട്ടറിയുകയും ചെയ്തപ്പോൾ അവരുടെ ജീവിതശൈലി അനുകരിക്കുവാനുള്ള വെമ്പൽ ഇവിടുത്തെ ജനതയ്ക്ക് ഉണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യക്തികളുടെ സ്വതന്ത്ര ജീവിതത്തിനുള്ള വഴികൾ തുറന്നു കിട്ടി. വിദ്യാസമ്പന്നരും വിദേശ രാജ്യങ്ങളിൽ ജോലി തേടിപോകാൻ തുടങ്ങി. നാട്ടിലെ കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടു. സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുന്നേറി. അവർക്കും ജോലി സാധ്യതകൾ ഉണ്ടായി. ഭാരിച്ച തുക ശമ്പളമായി കിട്ടിതുടങ്ങി. മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കുവാനും, ജീവിക്കുവാനും സാധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായി. കുടുംബജീവിതം നയിക്കുന്ന ഭാര്യാഭർത്താക്കന്മാർ ജോലിക്കാരായി വരുമാനം ഏറെ വർദ്ധിച്ചു എങ്കിലും കുടുംബ ബന്ധങ്ങളിൽ ക്രമേണ താളപ്പിഴകൾക്കും പൊട്ടിത്തെറിക്കലും സംഭവിച്ചു തുടങ്ങി. ബന്ധങ്ങളിൽ അകൽച്ചയുടെ ഇരുട്ടു വ്യാപിച്ചുതുടങ്ങി. നിസ്സാരപ്രശ്നങ്ങളുടെ പേരിൽ വഴക്കുകളും കുറ്റപ്പെടുത്തലുകളും തുടങ്ങി. വാശിയും വൈരാഗ്യവുമായി ജീവിതം മുന്നോട്ടു നീക്കുന്നത് കൂടും ശിഥിലീകരണപ്രവണതയ്ക്ക് പ്രധാന കാരണമായിത്തീരുന്നു.

സ്നേഹ ബന്ധത്തിന്റെ കണ്ണികൾ പതുക്കെ അകലുവാൻ തുടങ്ങി. പരസ്പരം കണ്ടാൽ മിണ്ടാത്ത അവസ്ഥയിലേക്കു കുടുംബജീവിതം നീങ്ങുന്നു. നല്ല അറിവും ഉന്നതവിദ്യാഭ്യാസവും, ഉന്നതപദവിയിലുള്ള ജോലിയും വരുമാനമായി കഴിയുന്നവർക്കുപോലും ചിന്തിച്ചു ബുദ്ധിപൂർവം തീർക്കാവുന്ന നിസ്സാര പ്രശ്നങ്ങളും ഊതിവീർപ്പിച്ചു വിവാഹമോചനത്തിലേക്കുവരെ കാര്യങ്ങൾ എത്തിച്ചു തുടങ്ങി.

കാര്യങ്ങൾ എത്തിച്ചു തുടങ്ങി. ഇന്ന് നമ്മുടെ സമൂഹത്തിൽ ധാരാളം വിവാഹമോചിതരെ നമുക്കു കാണുവാൻ സാധിക്കും. മക്കളെ വേണ്ടവണ്ണം നോക്കി പരിരക്ഷിക്കുവാൻ സമയമില്ലാത്തവർജോലി പ്രശ്നങ്ങളും, ടെൻഷനും സൗന്ദര്യപിണക്കങ്ങളുമായി കഴിഞ്ഞു കൂടുമ്പോൾ ജീവിതം ആസ്വദിക്കുവാൻ ഇവർ മറന്നുപോകുന്നു.

തെറ്റുകളും കുറ്റങ്ങളും മനുഷ്യസഹജമാണെന്നും, അതെല്ലാം മറക്കാനും, പൊറുക്കാനുമുള്ള ആർജവം രണ്ടു പേർക്കും ഉണ്ടാവണം. പ്രശ്നങ്ങളെ ബുദ്ധിപരമായും സ്നേഹപൂർവ്വ സമീപനങ്ങളോടെ കൈകാര്യം ചെയ്യണം. വിട്ടുവീഴ്ചയിലൂടെ ജീവിച്ചാലെ സഹിഷ്ണുതയേറിയ ജീവിതം കെട്ടിപ്പടുക്കുവാൻ സാധിക്കും. ഒന്നിച്ച് ഉണ്ടും ഉറങ്ങിയും മക്കളുടെ പ്രശ്നങ്ങളും പരാതികളും പരിഹരിച്ചും സന്തോഷത്തോടെ ജീവിക്കുമ്പോഴേ ഇമ്പമുള്ള കുടുംബമാകുകയുള്ളൂ. കുടുംബത്തിന്റെ ഐശ്വര്യപൂർണ്ണമായ നിലനിൽപിന് ആധാരശിലയായിട്ടുള്ളത് വീട്ടമ്മയാണ്. കുടുംബനാഥ വരുമാനം അനുസരിച്ചും ചിലവു ചെയ്ത്, മിച്ചം വച്ചും മറ്റുള്ളവരെ സഹായിച്ചും നീതിപൂർവ്വം ജീവിക്കുമ്പോഴാണ് കുടുംബം ഐശ്വര്യം പ്രാപിക്കുന്നത്.

ഭർത്താവ് ഭാര്യക്കുവേണ്ടിയും, ഭാര്യ ഭർത്താവിന് വേണ്ടിയും സമർപ്പിത ജീവിതം നയിക്കുമ്പോഴാണ് ജീവിതം തലമുറകൾക്കു മാതൃകയായി ഇമ്പകരമായിതീരുന്നത്.

മാതാപിതാക്കളെ കണ്ടാണ് മക്കൾ പഠിക്കേണ്ടത്. മാതാപിതാക്കൾ അടിപിടിയും വാക്കേറ്റവുമായി കഴിഞ്ഞാൽ മക്കൾ എങ്ങനെ നേർവഴിക്കു ജീവിക്കും. അവർ അപ് സഞ്ചാരത്തിലേക്കു വഴുതി വീണാൽ തെറ്റുപറയുവാൻ പറ്റുമോ. കുടുംബബന്ധത്തിലെ പാളിച്ചകൾ മക്കളെ ബാധിക്കാതെ സൂക്ഷിക്കണം. കുടുംബജീവിതത്തിൽ ഒച്ചപ്പാടുകൾ സാധാരണമാണ്. എപ്പോഴും ഒരാൾ നിശബ്ദത പാലിച്ചാൽ പ്രശ്നത്തിന് ആക്കം കുറയുമെന്ന് കരുതണം. മക്കളെ ചൊൽപ്പടിക്കു നിർത്താൻ പണംവാരി കോരി കൊടുക്കുന്ന വരു നന്നല്ല. അവർ ഈ അവസരം മുതലെടുത്ത് അടിച്ചുപൊളിച്ചു ജീവിക്കും. ഏറെ പ്രശ്നങ്ങൾ അനുഭവിക്കുന്നത് വൃദ്ധരായ വല്യപ്പനും വല്യമ്മയുമാണ്. സ്വന്തം മക്കളുടെ പ്രശ്നങ്ങൾ തീർന്നിട്ടു മാതാപിതാക്കളെ നോക്കുവാൻ പലർക്കും സാധിക്കാതെ വരുന്നു. തന്മൂലമാണ് സമൂഹത്തിൽ വൃദ്ധസദനങ്ങൾ പൊട്ടിമുളക്കുന്നത്.

ക്ഷമയും സഹിഷ്ണുതയും ആയിരിക്കണം ഒരു കുടുംബത്തിന്റെ മുഖമുദ്ര. വിവാഹ ജീവിതം കരുത്തിലും ഒരുമയിലും മാതൃകാപരമായി തീരണമെങ്കിൽ ദൈവാശയ 120 അത്യാന്താപേക്ഷിതമാണ്. ദൈവത്തിൽ ആശ്രയിച്ച് ശരണപ്പെട്ടു ജീവിതം നയിക്കുമ്പോൾ എല്ലാം ശുഭ പര്യവസായിയായി മാറുമെന്നതിൽ സംശയം വേണ്ട. എല്ലാം അറിയുകയും കാണുകയും ചെയ്യുന്ന ദൈവം, മനുഷ്യന്റെ പ്രയത്നങ്ങളെ കാണാതെ പോകില്ല.



ലേഖനം/കാരൂർ സോമൻ, ലണ്ടൻ



# വിയന്നയിലെ ദേവാലയങ്ങളുടെ മാതാവ്

മാനവചരിത്രത്തിലൂടെയുള്ള വായനകൾ മനസ്സിൽ പഠനം നടത്തുമ്പോഴാണ് അറിവിന്റെ സൗന്ദര്യം നമ്മൾ തിരിച്ചറിയുന്നത്. ലോകത്തിലെ ഏഴുകലകളുടെ തലസ്ഥാനമായ വിയന്നായുടെ മാറിലൂടെ സഞ്ചരിച്ചാൽ വടക്ക് മഞ്ഞണിഞ്ഞ ആൽപ്സ് പർവ്വതനിരകളും തെക്ക് യു.എൻ. ആസ്ഥാന മന്ദിരത്തിനടുത്തൂടെ പത്ത് രാജ്യങ്ങളിലൂടെ ഒഴുകിയെത്തുന്ന ഡാന്യൂബ് നദിയും അതിന്റെ ഇരുകരകളിലെ മഞ്ഞണിഞ്ഞ പച്ച തളിരിലകളും, കാലത്തിന്റെ തിരുശേഷിപ്പുകളായ ദേവാലയങ്ങൾ, കൊട്ടാരങ്ങൾ, മ്യൂസിയങ്ങൾ, അഴകാർന്ന പൂന്തോപ്പുകൾ, ഒരു രാജ്യത്തിന്റെ സംസ്കൃതിയെ അടയാളപ്പെടുത്തുന്നു.

ദേവാലയങ്ങളുടെ മാതാവെന്നറിയപ്പെടുന്ന സെന്റ് സ്റ്റീഫൻ കതീഡ്രൽ

പടിഞ്ഞാറെ കടലിന് മുകളിൽ സൂര്യൻ ചെങ്കതിരുകൾ പൊഴിച്ചുനില്ക്കും പോലെ ആകാശത്തിന്റെ ശീതളഛായയിൽ പ്രശോഭിച്ചു നില്ക്കുന്നു. ഒറ്റനോട്ടത്തിൽ ദൈവത്തിന് ഈ ദേവാലയവുമായി ചങ്ങാത്തമുള്ളതായി തോന്നും. അതിന് ചുറ്റും ചിറക് വിടർത്തി പറക്കുന്ന പ്രാവുകൾ. അതിമനോഹരവും അലൗകികവുമായ ഈ ദേവാല യത്തിന് ചുറ്റിലും ഭക്തജനങ്ങൾ നടക്കുന്നു. അകത്തും പുറത്തും കൊത്തിവച്ച പ്രതിമകൾ പോലെ സുന്ദരമായ ശില്പങ്ങൾ ദേവാലയത്തെ ചുംബിച്ചു നില്ക്കുന്നു. എ.ഡി. 1147ൽ ഗോഥിക് വസ്ത ശില്പമാതൃകയിലാണ് ഈ ദേവാലയം പണികഴിപ്പിച്ചത്. പൗരാണിക ഭാവമുള്ള കൊത്തുപണികളാൽ അത്യന്തം ആകർഷകമാണ് ഓരോ ശില്പങ്ങൾ. ഇതിന്റെ ഉയരം 137 അടിയാണ്. അകത്തേ ഹാളിന് 110 മീറ്റർ നീളവും വീതി 80 മീറ്ററാണ്. 12 ഭീമൻ തൂണുകൾ. ഇതിനുള്ളിൽ തന്നെ ആറ് ചാപ്പലുകളുണ്ട്. ദേവാലയത്തിന്റെ മുകളിലെ ഓരോ കൊത്തുപണികളിലും വ്യത്യസ്ത നിറത്തിലുള്ള ടൈലുകളാണ്. ഹാബ്സ് ബർഗ് രാജവംശത്തിന്റെ രാജചിഹ്നമായ ഇരട്ടത്തലയുള്ള പരുന്തിന്റെ രൂപവും ടൈലുകൾകൊണ്ടാണ് തീർത്തിരിക്കുന്നത്. ആർക്കി ടെക് ആൻറ്റോൺ വിൻഗാമിന്റെ മേൽനോട്ടത്തിലാണ് ഈ ദേവാലയം പണിതത്. റോമൻ കത്തോലിക്കാ സഭയുടെ ആർച്ച് ബിഷപ്പിന്റെ ആസ്ഥാനവും ഇവിടെയാണ്. വിയന്നയുടെ സുവർണ്ണഗോപുരവും വഴികാട്ടി യുമായ ഈ ദേവാലയത്തിലേക്ക് പലരാജ്യങ്ങളിൽനിന്ന് സന്ദർശകർ വരുന്നുണ്ട്. ഇവരുടെ ഭാഷ ജർമ്മനാണ്. സ്നേഹസൗഹാർദ്ദമായിട്ടാണ് ജനങ്ങൾ ഇടപെടുന്നത് അതവരുടെ മഹനീയ സംസ്കാരമാണ്. പാശ്ചാത്യരാജ്യങ്ങളിലെ ദേവാലയങ്ങളിൽ കാണുന്ന ഒരു പ്രത്യേകത ഇവിടെ ആർക്കും പ്രവേശിക്കാം. സവർണ്ണനോ അവർണ്ണനോ വിശ്വാസിയോ അവിശ്വാസിയോ ആർക്കും കടന്നുവരാം. ദൈവത്തിന്റെ വിശപ്പ ടക്കാൻ ഭക്ഷണമോ കാര്യസിദ്ധിക്കായി വഴിപാടുകളോ ആവശ്യമില്ല. വിശക്കുന്നവന് ആഹാരം കൊടുക്കു ന്നവനാണ് ഏറ്റവും വലിയ ദൈവഭക്തരെന്ന് ഇവിടെയുള്ളവർ തിരിച്ചറിയുന്നു. ദേവാലയത്തിനുള്ളിലെ ഓരോ അവർണ്ണനീയ ചിത്രങ്ങൾ കാണുമ്പോഴും ക്രിസ്തുവിനും എനിക്കുമിടയിലുള്ള ദൂരം കുറഞ്ഞുവരു ന്നതായി തോന്നി. ഓരോ ചിത്രങ്ങളും ശില്പങ്ങളും ആത്മീയ ചൈതന്യത്തിന്റെ അമൂർത്തഭാവങ്ങൾ നിറ ഞ്ഞതാണ്. ഇതിനുള്ളിൽ നിന്നുയരുന്നത് ആത്മാവിന്റെ സംഗീതമാണ്. ഓരോ ചുവർ ചിത്രങ്ങളും ആത്മാ വിന്റെ അനശ്വരമായ മുഴക്കങ്ങളാണ്. റോമൻ ഭരണകാലത്ത് ദൈവവിശ്വാസങ്ങളുടെ പുകമറയ്ക്കുള്ളി ലാണ് ഭരണാധിപന്മാർ അവരെ നയിച്ചത്. ഇന്നും ഇന്ത്യയിൽ കുറെ അവിശ്വാസികൾ ആ പാരമ്പര്യത്തിൽ ജീവിക്കുന്നുണ്ട്. എന്ന് പറഞ്ഞാൽ വിശ്വാസമുണ്ട് എന്നാൽ ബോധമില്ല. യേശുക്രിസ്തുവിന്റെ ജനനത്തോട യാണ് മതത്തിന്റെ പുകമറയ്ക്കുള്ളിൽ അകപ്പെട്ടവരെ പുതിയൊരു പ്രകാശത്തിലേക്കു കൊണ്ടുവരുന്നത്. യേശു വിഭാവനം ചെയ്ത സ്നേഹവും സമാധാനവും വിശുദ്ധിയും ഈ ദേവാലയത്തിനുള്ളിലെ ഓരോ തൂണിലും തുരുമ്പിലും കലയുടെ മായാപ്രപഞ്ചമുയർത്തുന്നുണ്ട്. യരുശലേമിലെ സ്റ്റീഫന്റെ ഓരോ വാക്കു കളും റോമാസാമ്രാജ്യത്തിനും യഹൂദനും മരുഭൂമിപോലെ ചുട്ടുപൊള്ളുന്നതായിരുന്നു. ആ വിശുദ്ധന്റെ വാക്കുകൾ ദേവാലയത്തിലെ മെഴുകുതിരി എരിയുന്നതുപോലെ ജ്വലിച്ചുനിൽക്കുന്നു. ഞങ്ങൾക്ക് ചുറ്റും ആത്മീയാനുഗ്രഹങ്ങൾ തേടി വന്നവരുടെ മനസ്സും ശരീരവും പരമമായ ഏകാഗ്രതയിൽ മുഴുകിയിരുന്നു. എ.ഡി 34ലാണ് ദൈവത്തിന്റെ ദാസനായ സ്റ്റീഫനെ റോമാഭരണകൂടം യരുശലേമിൽവച്ച് കല്ലെറിഞ്ഞു കൊന്നത്. ഏറ്റവും കൂടുതൽ പ്രവാചകന്മാർ യരുശലേമിലായിരുന്നെങ്കിൽ ഏറ്റവും കൂടുതൽ രക്തസാക്ഷി കൾ യേശുവിന്റെ നാമത്തിൽ ഉണ്ടായത് യൂറോപ്പ് രാജ്യങ്ങളിലായിരുന്നു.

കഥ/ജോയിക്കുട്ടി, ഡിട്രോയിറ്റ്

# വിധി

അപ്രതീക്ഷിതമായി മാനത്ത് പൊട്ടിവിടർന്ന് പൊലിഞ്ഞ ഒരു വൻ താര പ്രഭ ആയിരുന്നു KCV.ആ താര ശോഭയിൽ ആ പ്രദേശമെങ്ങും വിളങ്ങി, തിളങ്ങി. അയാൾ അയാളുടെ പള്ളിയിലെ സെക്രട്ടറി യായി. അയാൾക്ക് ശിങ്കിടികൾ ധാരാളമായി. അങ്ങിനെയുള്ള സമയത്താണ് പ്രിയ സുഹൃത്ത് PPP യെ നാട്ടിൽ നിന്നും എത്തിച്ചത്. എന്നാൽ, അയാളുടെ പ്രതീക്ഷയെ തകിടം മറിച്ചാണ് സംഭവങ്ങൾ നടന്നത്. പെങ്ങൾ പറഞ്ഞത് കേട്ട് അയാൾ, PPP യെ തെറ്റിദ്ധരിച്ചു; അത് ശരിയായ ധാരണ എന്നാണ് കരുതിയത്. വർഷങ്ങൾ കഴിഞ്ഞ ശേഷമാണ്, അത് തെറ്റിദ്ധാരണ എന്ന് മനസ്സിലായത്.

പെങ്ങൾ, മരിച്ചു കഴിഞ്ഞപ്പോൾ മുതൽ, അവളുടെ മക്കൾ അയാളുടെ കൂടെ സ്ഥിര താമസമായപ്പോൾ മുതൽ അയാളും ഭാര്യ, നാൻസിയും തമ്മിൽ ഉടക്കായി. ഏകദേശം ഈ സമയത്താണ്, അവരുടെ മൂത്ത മകൾ ഒരു കറമ്പന്റെ കൂടെ ഒളിച്ചോടി പോയത്. ജോലി കഴിഞ്ഞു വന്നാൽ, അയാൾ സാധാരണ ഫോണിൽ സംസാരമായി തിരക്കിലായിരിക്കും. നാൻസി ഡബിൾ ജോലി ചെയ്ത് അവിടെ കാണത്തില്ല. മക്കൾക്ക് മാതാപിതാക്കളുടെ വാത്സല്യം കിട്ടാതെ വരുമ്പോൾ, അവർ ആൺ പെൺ സുഹൃത്തുക്കളുടെ സ്നേഹവായ്പിൽ കുരുങ്ങുന്നത് അമേരിക്കയിൽ ഒരു സാധാരണ സംഭവമാണ്. അവർ പതിനെട്ടു വയസുവരെ വളരെ മൗനമായി നടത്തുന്ന പണികൾ, ആ പ്രായത്തിനുശേഷം പരസ്യമായി തുടങ്ങും. ആ പ്രായം കഴിഞ്ഞാൽ അവരെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കത്തില്ല എന്ന വകുപ്പ് ഈ കുരുന്നു ഹൃദയങ്ങളിൽ ഉണ്ട്.

എന്നാൽ ഈ പെണ്ണിന്റെ ഈ വിവരങ്ങൾ PPPയുടെ മൂത്ത മോൾക്ക് അറിയാം എന്ന് അയാൾ ധരിച്ചിരുന്നു. ആ പെണ്ണിന്റെ വിവാഹം നടത്താനുള്ള തീയതികളുടെ അടുത്താണ് ഈ കോലാഹലം പൊട്ടി പുറപ്പെടുന്നത്. ഈ വിവരം അയാളെ എന്തുകൊണ്ട് അറിയിച്ചില്ല എന്നാരോപണവുമായി അയാൾ ബഹളമായി. എന്തായാലും പെണ്ണ്, കറമ്പന്റെ കൂടെ താമസമായി. അപ്പോൾ അയാളും ഭാര്യയുമായി എന്നും വീട്ടിൽ വഴക്കും ബഹളവുമായി.

പെണ്ണ് കറമ്പന്റെ കൂടെ ആറുമാസം താമസിച്ചു. അവന്റെ കയ്യിലെ പണമെല്ലാം തീർന്നു. പിന്നെ ജീവിക്കണമെങ്കിൽ പണം വേണം. കറമ്പൻ കൂട്ടുകാരെ കൊണ്ടുവന്ന് ഓരോ ദിവസവും മദ്യപിക്കും. അത് അവൾ സമ്മതിക്കാതെ വന്നു. അവസാനം അവൾ ജീവനും കൊണ്ടോടി., നാൻസിയുടെ അടുക്കൽ എത്തി. അവൾ അവിടെ വന്നപ്പോൾ KCV ജോലിയിലായിരുന്നു നാൻസിക്കറിയാമായിരുന്നു അയാൾ വരുമ്പോൾ അവിടെ യുദ്ധം ഉണ്ടാകുമെന്ന്. അതുപോലെ സംഭവിച്ചു. പെണ്ണ് അവിടെനിന്നും ഉടനെ ഇറങ്ങി പോകണമെന്ന് അയാൾ. നൊന്തുപെറ്റ അമ്മ അത് സമ്മതിക്കത്തില്ല. ആ പെണ്ണ് താമസിക്കുന്ന വീട്ടിൽ അയാൾ താമസിക്കത്തില്ലെന്നയാൾ. പെണ്ണ് ഗർഭിണിയുമാണ്.എട്ടും പൊട്ടും തിരിയാത്ത പെണ്ണിന് അങ്ങിനെ സംഭവിച്ചതിൽ അത്ഭുതപ്പെടാനില്ല. ഈ അവസ്ഥയിൽ, അല്ലെങ്കിലും സ്വന്തം മകളെ യാതൊരു കാരണവശാലും ഇറക്കി വിടത്തില്ലെന്ന് നാൻസി. വഴക്കു മൂത്തു. അവസാനം അതു സംഭവിച്ചു. KCV അയാളുടെ സാധനങ്ങൾ എല്ലാം എടുത്ത് വീട് വിട്ടിറങ്ങി. വളരെ അടുത്തുതന്നെ ഒരു അപ്പാർട്ടുമെന്റിലേക്ക് താമസം മാറ്റി.

ഇതിനിടയിൽ നാൻസി അവളുടെ ഒരേ ഒരു ആങ്ങളയേയും കുടുംബത്തേയും നാട്ടിൽ നിന്നും വരുത്തിക്കഴിഞ്ഞിരുന്നു. അയാളുമായി സ്നേഹത്തിൽ കഴിഞ്ഞിരുന്നപ്പോൾ, അയാളുടെ സഹായത്തോടു കൂടെ എല്ലാം ചെയ്യാൻ സാധിച്ചു.

KCV ഒറ്റയ്ക്കുള്ള താമസം വളരെ ക്ലേശമായിരുന്നു. ആത്മാർത്ഥമായി വിശ്വസിച്ച് കാര്യങ്ങൾ ചെയ്യാനായി PPP യും കൂടെ ഇല്ലാതെ പോയി. ഈ സമയത്ത് ആരെങ്കിലും കൂടെ ഉണ്ടായിരുന്നെങ്കിൽ എന്ന് അയാൾ ആത്മാർത്ഥമായി ആഗ്രഹിച്ചുപോയി. പ്രിയപ്പെട്ട കൂട്ടുകാരന് അബദ്ധം പറ്റി എന്നറിഞ്ഞ് അന്വേഷിച്ച് PPP ചെന്നപ്പോഴേക്കും സമയം വളരെ വൈകിയിരുന്നു. എല്ലാം ഉള്ളുതുറന്ന് സംസാരിക്കാൻ പോലും പറ്റാത്ത അവസ്ഥയിലായി കഴിഞ്ഞിരുന്നു. ഏകദേശം രണ്ടു വർഷത്തോളം അയാൾ അങ്ങിനെ കഷ്ടപ്പെട്ടു.

അവസാനം അയാൾ കേരളത്തിൽ ചെന്ന്, അമ്മാച്ചന്റെ സഹായത്തോടുകൂടി വളരെ പ്രായവ്യത്യാസമുള്ള ഒരു പെണ്ണിനെ വിവാഹം കഴിച്ചു. ഏകദേശം ആറുമാസ സമയം കൊണ്ട്, അവളെ അവിടെ എത്തിച്ചു. നല്ല വിദ്യാഭ്യാസമുള്ള പെണ്ണാണെങ്കിലും, ആ വിദ്യാഭ്യാസം കൊണ്ട് അമേരിക്കയിൽ ജോലി കിട്ടത്തില്ല. എന്നാൽ അയാൾക്ക് ഏകദേശം നല്ല വരുമാനം ഉള്ളതുകൊണ്ട്, അവർക്ക് കഷ്ടിച്ച് സുഭിക്ഷമായി കഴിയാം. ആ സ്ഥലത്ത് മലയാളികളുടെ ഇടയിൽ ആദ്യമായാണ് അങ്ങിനെയുള്ള സംഭവങ്ങൾ നടക്കുന്നത്.

നാൻസി യാതൊരു കുഴപ്പവുമില്ലാതെ സുഖമായി കഴിഞ്ഞു. കറമ്പന്റെ കൂടെ പോയ മൂത്ത മോൾ പെറ്റു; നല്ല സുന്ദരൻ ഒരു കറമ്പൻ കുട്ടപ്പൻ. നാൻസിക്ക് മാനസികമായി വളരെ പ്രയാസം ഉണ്ടെങ്കിലും സഹിച്ചേ പറ്റത്തുള്ളല്ലോ. ആൺ കൊച്ചാണെന്നു കണ്ടപ്പോൾ സ്വല്പം സന്തോഷമായി. അവളുടെ ഏറ്റവും ഇളയ മോൻ, അപ്പോൾ ഏകദേശം പന്ത്രണ്ടു വയസ്സായി. എന്തായാലും മോൾ വിവാഹം കഴിച്ചിരുന്നില്ല.

KCV കേരളത്തിൽ പോയി ഒ രു പെണ്ണിനെ വിവാഹം ചെയ്തെന്നു കേട്ടപ്പോൾ, നാൻസിക്കും വീണ്ടും വിവാഹം കഴിക്കണമെന്നാശയും വാശിയുമായി. അവൾ അഞ്ചടി പൊക്കമേ ഉള്ളെങ്കിലും, നല്ല വെളുത്ത നിറമാണ്; ആരു കണ്ടാലും ഇഷ്ടപ്പെടുന്ന ഒരു പെണ്ണ് ആയിരുന്നു. അവസാനം, അവിടെ നിന്നും, വളരെ ദൂരെയുള്ള ഒരു സ്റ്റേറ്റിൽ പോയി താമസിക്കുന്ന ഭാര്യ മരിച്ച ഒരു മനുഷ്യനെ വിവാഹം ചെയ്ത് അങ്ങോട്ട് താമസം മാറ്റി.

KCV അമേരിക്കയിൽ വന്ന കാലം മുതലേ പ്രമേഹരോഗിയാണ്. എന്തായാലും പുത്തൻ ഭാര്യയിൽ ഒരു മകളായി. ആ പെണ്ണിന് വളരെ തുച്ഛമായ ശമ്പളം കിട്ടുന്ന ഒരു ജോലി ആയി. അവർ വളരെ ചെറിയ ഒരു വീടു വാങ്ങി. ഏകദേശം പതിനഞ്ചു വർഷം ഒന്നിച്ചു താമസിച്ചു. മനഃസമാധാനം ഇല്ലാതെ വന്നാൽ പ്രമേഹം വരിക മാത്രമല്ല; അത് കൂടിക്കൊണ്ടിരിക്കും. അയാൾ പുത്തൻ ഭാര്യയുമായി സ്നേഹത്തിലായിരുന്നെങ്കിലും പഴയ കാര്യങ്ങൾ സമാധാനം നഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു, അയാളറിയാതെ. അവസാനം അയാൾ രോഗി ആയി; ജോലി നഷ്ടമായി; മരണത്തിന് കീഴ്‌വഴങ്ങി. ഈ ലോകത്തോടു വിടപറഞ്ഞു. വിധി. വിധി.

ലേഖനം/ജോൺ മാത്യു യു.എസ്.എ.

# മിഥോളജി: ജനജീവിതത്തിന്റെ മറ്റൊരു മുഖം

**അ**മ്മൂമ്മക്കഥകൾക്ക് ഒരേയൊരു അർത്ഥമാണോ എന്നും കല്പിച്ചു കൊടുത്തിരുന്നത്? അമാനുഷിക കഥാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് ആകാംക്ഷയിലൂന്നിയത് നേരിൽ കാണുന്നത് മാത്രമോ! മിഥോളജി പുരാണ കഥയും അതിലുപരി ഗൂഢാർത്ഥകഥയുമാണ്. ഗൂഢാർത്ഥകഥ എനിക്ക് ഇഷ്ടപ്പെട്ട വാക്ക്, പക്ഷേ, മിഥോളജി അല്ലെങ്കിൽ നമ്മുടെ സ്വന്തമായ അമ്മൂമ്മക്കഥ എന്നൊക്കെയുള്ള പ്രയോഗങ്ങളാണ് ഇവിടെ ഏറെ താല്പര്യം ഉണർത്തുന്നത്. മിഥോളജി ഒരിക്കലും വിശ്വാസമല്ല, ദൈവവിശ്വാസവുമല്ല. അതു നമ്മെ ചില പാഠങ്ങൾ പഠിപ്പിക്കുന്നു, ചിലപ്പോൾ ഭാവനയുടെ ഉന്നത തലത്തിലേക്ക് മനസസിനെ തൊട്ടുണർത്തുന്നു. ചെറുപ്പത്തിൽ കേട്ടിട്ടുള്ള ഒരു കഥ ഇങ്ങനെ: 'ഒരിക്കൽ ഒരിടത്ത് ഒരു പാവപ്പെട്ട കുട്ടിയുണ്ടായിരുന്നു, അവന്റെ അച്ഛനും അമ്മയും നേരത്തെ മരിച്ചു പോയിരുന്നതിനാൽ അവനെ നോക്കി വളർത്തിയത് അമ്മൂമ്മയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മയ്ക്കും മരണം അടുത്തെത്തിയതുപോലെ! അപ്പോൾ അവിചാരിതമായി ഒരു സന്യാസി ആ വഴിക്കുവന്നു. അവരുടെ ദാരിദ്ര്യം കണ്ടറിഞ്ഞ ആ ദിവ്യൻ ഒരു പയറുമണി കൊടുത്തിട്ട് കുട്ടിയോടു പറഞ്ഞു: 'ഇത് നിന്നെ സംരക്ഷിക്കും.' പക്ഷേ, അവന് വിശ്വസിക്കാൻ കഴിഞ്ഞില്ല, ഈ നിസ്സാരമായ പയറുമണിയോ?' തുടർന്ന് അമ്മൂമ്മ മരിച്ചു, കുട്ടി ഒറ്റക്കായി. ദേഷ്യം സഹിക്കവയ്യാതെ അവൻ ആ പയറുമണി കുപ്പത്തൊടിയിലേക്ക് വലിച്ചെറിഞ്ഞു. അതഭുമെന്നു പറയട്ടെ മൂന്നാം ദിവസം പയറുമണി മുളച്ചു, ദിനംതോറും അത് ഉയരത്തിലേക്ക് വളർന്നു കയറി. കൗതുകം പൂണ്ട് കുട്ടി വള്ളിയിൽ തൂങ്ങി മുകളിലേക്ക് കയറുന്നത് ദിനചര്യയാക്കി. ക്രമേണ വള്ളി വളർന്ന് മേഘത്തിനും മുകളിലെത്തി. അവൻ മേഘങ്ങൾക്കും അപ്പുറംവരെ കയറിച്ചെന്നു. അതാ അവിടെ വലിയൊരു കെട്ടാരം, അതിൽ വസിക്കുന്നത് 'ദിവ്യസ്വഭാവമുള്ളവരും'....!'

ഈ കഥ ഏതു വഴിക്കു വേണമെങ്കിലും തിരിച്ചുവിടാം. മേഘങ്ങൾക്ക് മുകളിൽ മാത്രമല്ല സ്വന്തം ഭാവിയിലും മറ്റൊരു ലോകമുണ്ടെന്നും അതു സൗഭാഗ്യങ്ങൾ നിറഞ്ഞതാണെന്നും ഒരു സന്ദേശം! ഈ മിത്ത് മത വിശ്വാസങ്ങൾക്ക് സമാന്തരമായിത്തന്നെയാണ് നീങ്ങുന്നതും. ഭാരതത്തിൽ എല്ലാ കഥകൾക്കും ദൈവിക പരിവേഷം കൊടുക്കുന്നു. അതുകൊണ്ടെന്തേ അതിനോടു ചുറ്റിപ്പറ്റി ഉപക



ഥകൾ മെനെഞ്ഞെടുക്കാം, ആ കഥാപാത്രങ്ങളും ക്രമേണ അതിമാനുഷികതവുമുള്ള കൊച്ചുദൈവങ്ങളായി മാറുന്നു. വിവിധ ദേശങ്ങളിൽ, ജപ്പാനിലും ചൈനയിലും ഈജിപ്തിലും ഗ്രീസിലും എന്തിനു പുരാതന ആചാരങ്ങൾ ദിവ്യമെന്നു കണക്കാക്കപ്പെടുന്ന അമേരിക്കൻഇന്ത്യൻ വംശജർക്കും മിഥോളജിക്കഥാപാത്രങ്ങൾ ആരാധിക്കപ്പെടുന്ന ദൈവങ്ങളല്ല. അതു വെറും കഥതന്നെ, കേട്ടും വായിച്ചും രസിക്കാനും അല്പം ചിന്തിക്കാനുമുള്ള കഥകൾ. ഭാരതത്തിൽ സർവ മിഥോളജിക്കൽ കഥാപാത്രങ്ങൾക്കും നമ്മോടു നേരിട്ടു ബന്ധമുള്ള ദേവശക്തിതന്നെയുണ്ട്. ഇതുകൊണ്ട് പ്രയോജനം ഇല്ലെന്നൊന്നുമല്ല വിവക്ഷ, സമൂഹത്തിന്റെ തഴേത്തട്ടിലുള്ളവർക്കുപോലും തങ്ങളെ തൊട്ടുരുമ്മുന്ന ഒരു 'ദൈവത്തെ' കണ്ടെത്താനും തങ്ങളുടെ നിലനില്പിന്റെ പ്രതീക്ഷ ഉണർത്താനും ജീവിതത്തിനു ചില അർത്ഥങ്ങൾ കല്പിച്ചു കൊടുക്കാനും കഴിയുന്നു. മലയാളത്തിൽ മിത്ത് എന്നു കേൾക്കുമ്പോൾ ഓർമ്മ വരിക കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതീഹമാല'യാണ്. രാജഭരണങ്ങളുടെ വിരസങ്ങളായ കഥകളിൽക്കൂടിയുള്ള ചരിത്രം മാറ്റിവെച്ച് ജനജീവിതത്തിന്റെ വിവിധ വശങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് നാട്ടുനടപ്പുകൾ പറയുന്നതാണ് 'ഐതീഹ്യമാല'യിലെ കഥകൾ. ഇവിടെ നമ്പൂതിരിയും രാജാവും ദളവയും ദിവാനും കൂടാതെ സമൂഹത്തിൽ സ്വാധീനം ചെലുത്തിയിരുന്ന പ്രമാണിമാരെല്ലാം കഥാപാത്രങ്ങളാണ്. മനുഷ്യചിന്തക്കപ്പുറമായ ശക്തിയായി പലരൂപത്തിൽ കേരളീയ ജിവിതത്തോടു ചേർന്നുള്ള ഒരു കഥാപാത്രമാണ് 'യക്ഷി', വനദേവത എന്ന സൗമ്യരൂപം സങ്കലപിക്കാൻ നമുക്ക് കഴിയാത്തതുകൊണ്ടായിരിക്കാം ഒരു യക്ഷിയുടെ ക്രൂരമുഖംതന്നെ വേണ്ടിവരുന്നത്. വനദേവതയെ സൗമ്യവതിയെന്നു കരുതിയാലും ആ ദേവതയുടെ വാസസ്ഥലമെന്ന് സങ്കല്പമുള്ള നമ്മുടെ സ്വന്തം മഴക്കാടുകളെന്ന 'വനം' അലസമായി കേറിച്ചെല്ലാൻ കഴിയുന്ന ഒന്നല്ലല്ലേ. അവിടെ എന്നും അപകടം പതിയിരിക്കുന്നു! മിഥോളജി എന്നാൽ കെട്ടുപാടുകളില്ലാത്ത മാനവ സംസ്കാര പ്രകടനമാണ്, അതോടൊപ്പം ഇതിനു സമാന്തരമായി വളർന്ന ഉന്നത ശകതിയിൽ കേന്ദ്രീകരിച്ച മതങ്ങളിൽ നിയന്ത്രണങ്ങൾ ഏറെയും.

മനുഷ്യൻ എവിടെയായിരുന്നാലും അവൻ പ്രകൃതി നിരീക്ഷകനുംകൂടിയാണ്. പ്രകൃതിശക്തിയെ ശക്തന്മാരിലേക്ക് ആവാഹിച്ച് ആ രാക്ഷസീയത സ്വയം ഏറ്റെടുക്കുന്നതുപോലെയും, അല്ല തനത് അനുഭവമായും തോന്നിക്കും. അതായത് കായംകുളം കൊച്ചുണ്ണിയുടെയോ കടമറ്റത്തു കത്തനാരുടെയോ ഒപ്പം നാമും ചേരുന്നതുപോലെ. ഞാനും ആ കഥാപാത്രമാണ് ആർക്കും ചോദ്യം ചെയ്യാൻ കഴിയാതെ! ഈ മിഥോളജിക്കൽ സങ്കല്പങ്ങളിലും ഉത്കണ്ഠയും സനേഹവും അസൂയയും നിറഞ്ഞുനിന്നു. ഇനിയും തലമുറകൾ തമ്മിലുള്ള സംഘ ർഷങ്ങളുണ്ട്, യുദ്ധമുണ്ട്, മനുഷ്യമനസ്സിനും ശരീരത്തിനും അതിരുകളില്ലാതെ ഉയരത്തിൽ ചെന്നെത്താവുന്ന ഭാവനയുണ്ട്. ചുരുക്കമായി പറഞ്ഞാൽ ഇന്നത്തെ ചിന്തേരിട്ട കഥകളുടെ അസംസ്കൃത രൂപമായിരുന്നു. നൂറ്റാണ്ടുകളിലൂടെ പകർന്നുകിട്ടിയ അമ്മൂമ്മക്കഥകൾ. ഈ കഥകളിൽനിന്ന് പ്രചോദനമുൾക്കൊണ്ട് എത്രയോ ആധുനിക ആഖ്യായികളും ചലച്ചിത്രങ്ങളും ഇന്നുണ്ട്. മിത്തോളജിയുടെ രംഗത്ത് ഏറെയേറെ സംഭാവന ചെയ്ത ജോസഫ് കാംബെൽ എന്ന പേരും ഇവിടെയൊന്ന് പറഞ്ഞുപോകട്ടെ! ആധുനിക സാഹിത്യത്തിലേക്ക് വരുമ്പോൾ ഫ്രാൻസ് കഫ്ക്കയുടെ 'കുറുക്കന്മാരും അറബികളും' എന്ന കഥയും ഇവിടെ ഓർമ്മിക്കുകയാണ്. മലയാളത്തിൽ എന്നും നമ്മുടെ നാവിൻതുമ്പിലുള്ള ഒരു അമ്മൂമ്മക്കഥയും എപ്പോഴും എടുത്തു പ്രയോഗിക്കുന്ന ശൈലിയാണ് 'മുന്തിരങ്ങ പുളിക്കും' കഥ! അത് കൗശലപൂർവ്വം തിരുത്തിപ്പറഞ്ഞ ഒ.വി. വിജയനെയും ഓർമ്മിച്ച് ഒരു വാക്ക്. കുറുക്കൻ കടയിലേക്ക് ചെന്ന് വ്യപാരിയോട് മുന്തിരിങ്ങയുടെ വില ചോദിക്കുന്നു. അയാൾ അമിത വില പറഞ്ഞപ്പോൾ കുറുക്കൻ സ്വതഃസിദ്ധമായ ബാർഗെയിംഗ് ത്രന്തത്തിൽ: 'കുറയുമോ?', കച്ചവടക്കാരൻ തന്റെ സാമർത്ഥ്യത്തിൽ ഉറച്ചുനിന്നുകൊണ്ട് 'ഇല്ല!' ഇത് മൂന്നുവട്ടം ആവർത്തിച്ചു. കടക്കാരന്റെ മുന്നിൽ പരാജയപ്പെടാതെ കുറുക്കൻ പുറത്തിറങ്ങിനിന്ന് വിളിച്ചുകൂവി: 'ഈ കടയിലെ മുന്തിരിങ്ങ പുളിക്കും'

പഴമയും ആധുനികതയും ഇവിടെ കൈകോർത്തുപോകുന്നത് കൗതുകത്തോടെയല്ലേ കാണാൻ കഴിയൂ. അമ്മൂമ്മക്കഥകൾ മറ്റു കെട്ടുപാടുകളില്ലാതെ നമ്മുടെ മനസ്സിനെ പുതിയ തലങ്ങളിലേക്ക് നയിക്കുന്നതിന് മികച്ച ഉദാഹരണം!

കവിത/സോയ നായർ അമേരിക്ക

## ഓർമ്മതൻ നടവഴികൾ

അന്ന്  നമ്മൾ ഒന്നിച്ച് നടന്ന
വഴികളിലൂടെ
ഇന്ന് എനിക്കു നിന്നോടൊപ്പം നടക്കണം
അന്ന് പറയാതെ പോയ പലതും
നിന്നോട് പറയണം....
പിണങ്ങി മാറി മിണ്ടാതെ നടന്നതും
ഒടുവിൽ ഇണങ്ങാനായ് നീ
അടുത്തു വന്നതും
എന്റെ കണ്ണുകളിലേക്ക് നോക്കി
ഹൃദ്യമായി പുഞ്ചിരിച്ചതും
അത് കണ്ടെന്റെ കരൾ തുടിച്ചതും
ഒന്നുകൂടി ആവർത്തിക്കണം....
നഷ്ടപ്പെടുമ്പോഴാണു നഷ്ടങ്ങളുടെ
തീവ്രതയും
നഷ്ടപ്പെടുത്തിയതിന്റെ വേദനയും
നമ്മുടെ ഹൃദയത്തെ വല്ലാതെ
നൊമ്പരപ്പെടുത്തുന്നത്.
ആ വഴികളിലാണല്ലേ നമ്മൾ
കളിച്ചും ചിരിച്ചും പങ്കിട്ട എന്തോ ഒന്ന്
അടയാളങ്ങളില്ലാതെ
ഉപേക്ഷിച്ചത്.
പ്രണയവും വിരഹവും വേർപാടും
ഇത്രമേൽ നോവുണർത്തുമെന്ന്
ഇന്നാണു തിരിച്ചറിഞ്ഞത്...
പക്ഷേ, അപ്പോഴേയ്ക്കും നമ്മുടെ പ്രണയ
മാർക്കൊക്കെയോ പകുത്ത് നൽകിയിരുന്നു
ഉടൽ നോവുകളെക്കാൾ കഠിനം തന്നെയീ
മനസ്സിന്റെ നോവുകൾ....
എനിക്ക് നിന്നോടൊപ്പം ഒന്നുകൂടെ പോകണം
ആ വഴികളിലൂടെ നിന്റെ പെണ്ണായ്....!

ലേഖനം/Fr Johnson Punchakonam, Newyork

# അഭിമാനവും ദുരഭിമാനവും

കഴിഞ്ഞ മാസങ്ങളിൽ മലയാള വാർത്താ മാധ്യമങ്ങൾ ചർച്ചചെയ്ത ഒന്നാണ് ദുരഭിമാനക്കൊല? മനുഷ്യർ അഹങ്കാരത്തോടെ പടുത്തുയർത്തിയ അഭിമാനം ഇല്ലാതാകുവാൻ ഒരു രാത്രിയുടെ അകലം മാത്രം. ക്രൈസ്തവ സമൂഹത്തിന് ഇത് സ്വയം തിരിച്ചറിയലിന്റെ നിമിഷമായി മാറണം. അഹങ്കാരം മനുഷ്യന് വരുത്തിവയ്ക്കുന്ന വിനയെക്കുറിച്ചു നമുക്ക് നന്നായി അറിയാം. 'സ്വാഭിമാനം' ഒരളവുവരെ നല്ലതാണ് പക്ഷേ അത് നമുക്കും നമ്മുടെ ചുറ്റിലുള്ളവർക്കും പ്രശ്നങ്ങളും ഭയപ്പാടുകളും ഉണ്ടാക്കുന്നുവെങ്കിൽ അത് 'ദുരഭിമാനം' തന്നെയാണ്.

പിന്നോക്ക വിഭാഗത്തിലുള്ളയാണെന്നതാണ് മുന്നോക്ക വിഭാഗക്കാർ എന്നഭിമാനിക്കുന്ന വീട്ടുകാരുടെ എതിർപ്പിന് വഴിവെച്ചതും തട്ടിക്കൊണ്ടു പോവുന്നതും അവസാനം ജീവൻ ബലികൊടുക്കുന്നതിനും ഇടയായത്. മൂന്ന് ദിവസം മുമ്പാണ് കെവിന്റെയും നീനുവിന്റെയും രജിസ്റ്റർ വിവാഹം നടന്നത് എന്ന് പറയപ്പെടുന്നു. മൂന്ന് വർഷത്തെ പ്രണയത്തിനൊടുവിലായിരുന്നു വിവാഹം. ഇവിടെ ഒരു ചോദ്യം ഉയരുന്നത് എവിടെപ്പോയി ഇരുകൂട്ടരുടെയും സഭകൾ? കെവിന്റെ മൃതശരീരം സംസ്കരിക്കുവാൻ അഞ്ചോളം യുവ വൈദികരുണ്ടായിരുന്നു എന്നത് ശ്രദ്ധേയം. ഹിന്ദു ചേരമർ വിഭാഗത്തിൽപ്പെട്ട കെവിന്റെ വീട്ടുകാർ പിന്നീട് ക്രിസ്തുമതം സ്വീകരിച്ചിരുന്നവരാണ് എന്നാണ് അറിയുന്നത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ അംഗമാണ് കെവിൻ. നീനു റോമൻ കാത്തലിക് വിഭാഗത്തിൽപ്പെട്ടവരാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും കേരളത്തിൽ നിലനിൽക്കുന്ന ജാതിയിലെ വിയത്യാസവുമാണ് ഇത്തരമൊരു കുറ്റകൃത്യത്തിന് സഹോദരനടക്കമുള്ളവരെ പ്രേരിപ്പിച്ചതെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. സവർണ-അവർണ വിവേചനം ക്രൈസ്തവ സഭകളിലും നിലനിൽക്കുന്നു എന്ന സന്ദേശം ഉൾക്കൊള്ളുവാൻ സഭകൾ തയ്യാറാവണം. ഉചിതമായ ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു. ദളിത് വിവാഹത്തെ അംഗീകരിക്കുവാൻ സാധിക്കാത്ത രീതിയിൽ ജാതീയമായ വിവേചനം എല്ലാക്കാലവും നാം പിന്തുടരുന്നു എന്നത് ചരിത്ര യാഥാർത്ഥ്യം.

ഇവിടെ കൊന്നതും കൊല്ലചെയ്യപ്പെട്ടതും രാഷ്ട്രീയ വിഷയങ്ങളാലല്ല. ജാതിയുടെയും ഉപജാതിയുടെയും അഭിമാനപ്രശ്നമാണ്. അഥവാ ദുരഭിമാനം. സ്വന്തം കാര്യം വരുമ്പോൾ അല്പം അഭിമാനവും ദുരഭിമാനവും ഇല്ലാത്തവർ കുറയും. പക്ഷെ അത് ആസൂത്രിത കൊലപാതകത്തിലേക്കും അക്രമത്തിലേക്കും നീങ്ങുമ്പോഴാണു നാം നമ്മെക്കുറിച്ചും നമ്മുടെ സംസ്കാരത്തെക്കുറിച്ചും ബോധവാന്മാരാകേണ്ടതിന്റെ ആവശ്യകത ചോദ്യം ചെയ്യപ്പെടുന്നത്. വാർത്താ ചാനലുകളിൽ ആടിത്തിമിർക്കുന്ന ചർച്ചകൾ എല്ലാം തന്നെ ചിലരുടെ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടിയുള്ളത് മാത്രമാണ്. ഇരുകൂട്ടരുടേയും രാഷ്ട്രീയ ചിന്താഗതികളും അനുഭാവ സ്വഭാവങ്ങളും അസംബന്ധ രാത്രി ചർച്ചകളായി വഴിമാറുന്നു. അവിടെ മതവും ക്രൈസ്തവ സഭകളും തല്ക്കാലം രക്ഷപെട്ടു എന്ന് വേണമെങ്കിൽ അഭിമാനിക്കാം.

വളർന്നുവരുന്ന വർഗ്ഗീയ ചിന്താഗതികളും അതിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലവും നമ്മെ പിന്നോട്ട് നയിക്കുകയാണ്. ഇത്തരം കൊലപാതകങ്ങളെ ഞെട്ടലോടെ വേണം വിലയിരുത്തുവാൻ. ക്രൈസ്തവ സഭകൾക്ക് ഇവിടെ എങ്ങനെ ഇടപെടുവാൻ സാധിക്കും എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും അഭ്യസ്തവിദ്യരും സാംസ്കാരികമായി ഉന്നതിയിലുള്ളവരും സഹോദരങ്ങളായി ജീവിച്ചുപോരുന്ന ഈ കൊച്ചുകേരളത്തിൽ ഇങ്ങനെയൊന്നും നടക്കുകയില്ലെന്നു വിചാരിച്ചിരുന്നു. ജനാധിപത്യത്തിലെ നാലാംതൂണുകൾ എന്നവകാശപ്പെടുന്നവർപോലും ഇന്നും പണത്തിനുവേണ്ടി ജോലിയെടുക്കുകയും കൂട്ടിക്കൊടുക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ അധഃപതനത്തിന്റെ വെടിയൊച്ചകളും നിലവിളികളും നമ്മുടെ കാതുകളിൽ മുഴങ്ങുകയാണ്.

അന്യന്റെ ജീവനു വിലയില്ലാതാകുകയും അക്രമവും അക്രമവാസനകളും പെരുകുകയും എതിരാളിയെ അറപ്പില്ലാതെ ഇല്ലാതാക്കാനുള്ള മാനസിക നിലവാരത്തിലേ



ക്കു കേരളജനതയും തരംതാണുപോകുകയും ചെയ്യുന്നത് കണ്ടില്ലെന്നു നടിക്കാനാകുകയില്ല. നവ മാധ്യമങ്ങളും വിവരസാങ്കേതികവിദ്യയും വളർന്നു പന്തലിച്ചപ്പോൾ നന്മയേക്കാൾ ഏറെ തിന്മയുടെ, വെറുപ്പിന്റെ, വിദ്വേഷത്തിന്റെ, പകയുടെ വാഹകര കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. നിയമവ്യവസ്ഥകൾക്കും നിയമപാലകർക്കും അതിന്റേതായ ചില പോരായ്മകൾ ഉള്ളപ്പോഴും നഷ്ടമാകാതെ പോകേണ്ടത് നമ്മുടെ സാംസ്കാരിക പൈതൃകമാണ്. അതിലാണു നമ്മൾ അഭിമാനിക്കുകയും ആവേശം കൊള്ളുകയും ചെയ്യേണ്ടത്. അയിത്തത്തിന്റേയും തൊട്ടുകൂടായ്മയുടേയും നാളുകളിൽനിന്നു നമ്മെ കൈപിടിച്ചുയർത്തിയ മത-സാംസ്കാരിക-രാഷ്ട്രീയ പുരോഗമന പ്രസ്ഥാനങ്ങളുടെ കെട്ടുറപ്പും, ദിശാബോധവും എവിടെയൊക്കെയോ കൈമോശം വന്നിരിക്കുന്നു. മനുഷ്യനെ മനുഷ്യനായ് കാണുവാനും പരസ്പരം സ്നേഹിക്കുവാനും വെറുപ്പിനു പകരം സ്നേഹവും അനുകമ്പയും സമത്വവും പകർന്നു നല്കാനുമാകുമ്പോൾ മാത്രമേ നാളെയുടെ നന്മ പ്രത്യാശിക്കാൻ വകയുള്ളൂ.

വിവിധ മതങ്ങളിൽപെട്ടവരും മതമില്ലാത്തവരും ജീവിക്കുന്ന നാടാണ് കേരളം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഉള്ളവരെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായും സാംസ്ക്കീരികപരമായും വളരെയേറെ ഉന്നതിയിൽ നില്ക്കുന്നവരും ഉൽബുദ്ധരും നമ്മൾ കേരളീയർ തന്നെയാണ് എന്നാണ് നമ്മുടെ അവകാശവാദം. എന്നാൽ ആധുനിക വാർത്തകൾ വിശകലനം ചെയ്യുമ്പോൾ നമ്മുടെ അവകാശവാദം നമ്മെ അഹങ്കാരികളാക്കി മാറ്റുന്നില്ലേ എന്നൊരു സംശയം ബാക്കിനിൽക്കുന്നു. എല്ലാവരും വിശ്വസിക്കുന്നത് അവരവരുടെ ഭാഷ്യം ശരിയാണ് എന്ന് തന്നെയാണ്. പിന്നെ ആർക്കാണ് പിഴച്ചത്? ഈ ചോദ്യത്തിന് എല്ലാവർക്കുമറിയുന്ന ഒരു ഉത്തരമുണ്ട് 'ഞങ്ങൾക്കില്ല' എന്ന്. ഇവിടെ എല്ലാവരും ശരിയാണ്. എന്നാൽ മറ്റുള്ളവർ ശരിയാണ് എന്ന് അംഗീകരിച്ചുകൊടുക്കില്ല എന്നതാണ് സത്യം.

സ്നേഹത്തിന്റെ കുറവാണോ അതോ മറ്റെന്തെങ്കിലും കാരണം കൊണ്ടാണോ ഈ 'ദുരഭിമാനം' ചിലരിൽ കൂടുന്നത് എന്നറിയില്ല. പക്ഷെ ഇത് മൂലമുള്ള പ്രശ്നങ്ങൾ അനവധി ആണെന്ന് മനസ്സിലാക്കാം. അഭിമാനം മൂത്തു അവരിലുണ്ടാവുന്ന വ്യത്യാസങ്ങൾ അവർക്കുതന്നെ അതിലും ഭീകരമായി അഭിമാന ക്ഷതം ഉണ്ടാക്കുന്ന കാര്യങ്ങളാണെന്നുപോലും അവർ മനസ്സിലാക്കുന്നില്ല. എല്ലാരിലും കുറച്ചു അഭിമാനം വേണം എന്ന് പറയുന്നു. എന്നാലും ചില സത്യങ്ങൾ മറച്ചുപിടിക്കുവാൻ അതിനു സാധിക്കുന്നു. തനിക്കും മറ്റുള്ളവർക്കും അത് ദോഷമുണ്ടാക്കുന്നവ അല്ലെങ്കിൽ കുഴപ്പമില്ല എന്ന ഒരു വശവും ഉണ്ട്. എന്നിരുന്നാലും ഇത്രയും ദോഷങ്ങൾ തരുന്ന അഭിമാനങ്ങൾ ജീവിതത്തിൽനിന്നും ഒഴിവാക്കിയാൽ തനിക്കും മറ്റുള്ളവർക്കും കൂടുതൽ സ്വാതന്ത്ര്യവും സ്നേഹവും ഉറപ്പായും ലഭിക്കും.

കേരളത്തിൽ ശക്തിപ്പെടുന്നത് ജാതീയതയാണ്. സഭയിലും രാഷ്ട്രത്തിലും അനുദിനം വർദ്ധിക്കുന്നു. മനുഷ്യത്വം മരവിക്കുമ്പോൾ ജാതീയതവും അധികാരവും ശക്തിപ്പെടും. വൈകൃതങ്ങൾ വളരും. പുത്തൻ യുഗത്തിലും കേരളം ജാതീയതയുടെ കരാളഹസ്തത്തിൽത്തന്നെ എന്ന് നിസംശയം പറയാം. ജാതീയതക്കെതിരായുള്ള ദശാബ്ദങ്ങളുടെ പോരാട്ടം മലയാളി മനസ്സിനെ എവിടെ എത്തിച്ചു എന്ന് വിലയിരുത്തുന്നത് ഉചിതമാണ്? നാം എവിടെയായിരുന്നു? ഇന്ന് എവിടെ എത്തി? ഇത് അവലോകനം ചെയ്യുന്ന ഏതൊരാൾക്കും നിസ്സംശയം പറയാനാകും. ഇന്നലകളിൽ നാം കൊയ്തത് ഒക്കെയും പതിരായിരുന്നു എന്ന്. ഇത്രയും നീണ്ട കാലയളവും അതിന്റെ ഫലവും വിശകലനം ചെയ്താൽ ജാതീയത അതിന്റെ പ്രഹരശേഷി വർദ്ധിപ്പിച്ച് പുതിയ തലങ്ങളിലേക്ക് പലായനം ചെയ്യുക മാത്രമാണ് ചെയ്തത്. കടുത്ത അവഗണനക്കും അവഹേളനത്തിനും ഇടയിലും ദളിതന് രാജ്യത്തിന്റെ രാഷ്ട്രീയ-വിദ്യാഭ്യാസ-കലാ സാംസ്കാരിക മേഖലകളിൽ ചെറിയ തോതിലെങ്കിലും എത്തിപ്പെടാൻ സാധിച്ചു എന്നത് ചെറിയൊരു ആശ്വാസം തന്നെ. അവിടെ ക്രൈസ്തവ സഭകളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ സംഭാവനകൾ വിസ്മരിക്കുന്നില്ല. എന്നാൽ ഇന്ന് ജാതിവ്യവസ്ഥ അതിന്റെ പഴയകാല രീതികളും കർമ്മമണ്ഡലങ്ങളും മാറ്റി പുതിയ രീതിയിൽ ഇവിടെ പുനഃസ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്ന് മാത്രം. ജാതീയത അതിന്റെ പുതിയ മേച്ചിൽപുറങ്ങൾ തേടുന്നതിന്റെ മറ്റൊരു തെളിവാണ് ഞായറാഴ്ചകളിലെ ജാതി തിരിച്ചുള്ള മാട്രിമോണിയലുകൾ. ഈഴവ മാട്രിമോണി, നായർ മാട്രിമോണി, പുലയ മാട്രിമോണി എന്നിങ്ങനെയുള്ള വേർതിരിവുകളെ മലയാളികൾ ഇരുകയ്യും നീട്ടി സ്വീകരിച്ചു കഴിഞ്ഞു. ഇവയെല്ലാം തന്നെ ഭൂരിപക്ഷ ന്യൂനപക്ഷ വർഗ്ഗീയതയെ പരോക്ഷമായി വളർത്തുകയാണ്.

നിങ്ങൾക്കറിയാമോ?/ജെ.പി.

## വാടകയ്ക്കൊരു കിളിവീട്

വിസ്മയിപ്പിക്കുന്ന ശിൽപചാതുരിയുള്ള ഒട്ടേറെ ജീവികളുണ്ട് നമുക്ക് ചുറ്റും. അക്കൂട്ടത്തിൽ ഒരു കൂട്ടരെ നമുക്കു പരിചയപ്പെടാം. ദക്ഷിണാഫ്രിക്കയിൽ മരത്തിന്റെ മുകളിൽ വലിയ വൈക്കോൽ കെട്ടുകൾ പോലെ കാണുന്നത് വീവർ പക്ഷികളുടെ കൂടായിരിക്കും. ഉണങ്ങിയ പുല്ലും നാരുകളും കളിമണ്ണും ഇലകളും കൊണ്ടുനിർമ്മിക്കുന്ന കൂടുകൾക്ക് 900 കിലോഗ്രാം വരെ ഭാരമുണ്ടാകും. ഏറ്റവും വലിയ പക്ഷിക്കൂടാണ് ഇവയുടേത്.

നല്ല കുടുംബങ്ങൾക്ക് ഒരേ സമയം താമസിക്കാവുന്ന ഈ കൂറ്റൻ വീട്ടിൽ ഓരോ ദമ്പതിമാർക്കും പ്രത്യേകം അറകൾ ഉണ്ട്. അകത്തെ മുറികൾ രാത്രികാലത്തു ചൂടുനൽകുന്നതും പുറത്തേത് പകൽസമയത്തു തണുപ്പു നൽകുന്നതുമാണ്. ഇരുപതടിയോളം ഉയരമുള്ള കൂടുകൾക്ക് പതിമൂന്നടിയോളം വീതിയും ഉണ്ടാകും. നൂറുവർഷത്തിലധികം നിലനിൽക്കുകയും ചെയ്യും.

ശത്രുക്കളിൽനിന്ന് രക്ഷപ്പെടാൻ സുരക്ഷാ മാർഗങ്ങളുള്ള വീടിന് ആവശ്യക്കാർ ധാരാളമുണ്ട്.. അതുകൊണ്ട് വീടിന്റെ കുറച്ചുഭാഗം വാടകയ്ക്ക് മറ്റു പക്ഷികൾക്ക് നൽകുന്നു.

# കേരളം യൂറോപ്പിൽ

പുതുശ്ശേരി

## ജീവകാരുണ്യപ്രവർത്തക സിസ്റ്റർ ലൂസി കുര്യന് സ്വീകരണം നൽകി

ഹ്യൂസ്റ്റൻ: ഇന്ത്യയിലെ മഹാരാഷ്ട്ര സ്റ്റേറ്റിലെ പൂനാ കേന്ദ്രമായി വിവിധ സംസ്ഥാനങ്ങളിൽ നിശബ്ദവും, നിഷ്കാമവുമായി അനേകം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന മലയാളി മഹതി സിസ്റ്റർ ലൂസി കുര്യൻ ഹ്യൂസ്റ്റൻ സന്ദർശനത്തിനായി എത്തിയപ്പോൾ സുഹൃത്തുക്കളും ഇവിടുത്തെ സാംസ്കാരിക പ്രവർത്തകരും ചേർന്ന് വളരെ ഊഷ്മളമായ സ്വീകരണമാണൊരുക്കിയത്. ഒക്ടോബർ 15ാം തീയതി വൈകുന്നേരം ഹൂസ്റ്റനിലെ മിസൗറി സിറ്റിയിലുള്ള ഫ്ളെമിംഗോ എസ്റ്റേറ്റ് ഹൗസിൽ വച്ചായിരുന്നു സ്വീകരണം. സാഹിത്യകാരനും സാംസ്കാരിക പ്രവർത്തകനുമായ കുര്യൻ മ്യാലിൽ സ്വീകരണ സമ്മേളനത്തിലെ കൺവീനറായി പ്രവർത്തിച്ചു. അദ്ദേഹം സിസ്റ്റർ ലൂസി കുര്യനെ സദസ്സിനു പരിചയപ്പെടുത്തി.

കത്തോലിക്കാ സഭയിലെ മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന ഹോളിക്രോസ് ഓർഡറിലുള്ള സന്യസ്തസഭയിലെ അംഗമാണ് സിസ്റ്റർ ലൂസി കുര്യൻ. സ്വന്തം മഠത്തിന്റെ ചട്ടക്കൂടിൽ തന്നെ നിന്നുകൊണ്ട് സാധുക്കളേയും അശരണരേയും സഹായിക്കാനായി പ്രവർത്തിക്കുന്ന 'ഹോപ്പ്" പ്രതീക്ഷ എന്ന സംഘടനയിൽ ചേർന്നു പ്രവർത്തിച്ചു. ആ സംഘടനയിലെ ചില പരിമിതികൾ മനസ്സിലാക്കിയ സിസ്റ്റർ ലൂസി 1997ൽ പൂനയിൽ 'മാഹർ" എന്ന ജീവകാരുണ്യ സന്നദ്ധസംഘടന സ്ഥാപിച്ചു. 'മാഹർ" എന്ന മറാത്തി പദത്തിന്റെ അർത്ഥം 'അമ്മയുടെ ഭവനം" എന്നാണ്. അതിരുകളില്ലാത്ത മഹത്തായ ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ ഇന്ന് ആ പ്രസ്ഥാനം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മദർ തെരേസയുടെ ജീവിതവും ഉപവി പ്രവർത്തികളും സിസ്റ്റർ ലൂസി കുര്യന് ഉത്തമമായ മാതൃകയായിരുന്നു. പടിപടിയായ സിസ്റ്റർ ലൂസിയുടെ ജീവകാരുണ്യ പ്രവർത്തന മേഖലകൾ വിസ്തൃതമായി വ്യാപിച്ചു. ജാതിമതഭേദമില്ലാതെ അശരണരേയും ആലംബഹീനരെയും അവർ കൈപിടിച്ച് ജീവിതത്തിലേക്ക് ആനയിച്ചു. ചേരി പ്രദേശങ്ങളിലും, തെരുവിലും അന്തി ഉറങ്ങിയിരിക്കുന്ന അനാഥ ബാലകരേയും, രോഗികളും, ദുർബലരുമായവരെ കണ്ടെത്തി അവർക്ക് അഭയവും, കിടപ്പാടവും, ആശയവും നൽകി. വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ട അബലകളായ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകി. അവർക്കെല്ലാം മരുന്നും വസ്ത്രവും ഭക്ഷണവും കൊടുത്തു. അതോടൊപ്പം വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും പ്രദാനം ചെയ്തു. അനേകർക്ക് പുതുതായി ജീവിതമാർഗ്ഗവും കുടുംബ ജീവിതവും നൽകി. പല കമ്പനികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, വ്യക്തികളിൽ നിന്നും കിട്ടിയ സംഭാവനകൾ മുഴുവനായി ഈ വക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 'മാഹർ" എന്ന പ്രസ്ഥാനം ചെലവാക്കുന്നു. സിസ്റ്റർ ലൂസി കുര്യന്റെ മഹത്തായ സേവനങ്ങളുടെ അംഗീകാരമായി ഇന്ത്യൻ പ്രസിഡന്റിന്റെ ഉൾപ്പെടെ സ്വദേശത്തു നിന്നും വിദേശത്തു നിന്നും അനേകം പുരസ്കാരങ്ങൾ അവരെ തേടിയെത്തി. പുരസ്കാരത്തോടൊപ്പം ലഭിച്ച തുക മുഴുവനായി സിസ്റ്റർ 'മാഹർ" സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനത്തിനാണ് ഉപയോഗിച്ചു വരുന്നത്. ആദിവാസി മേഖലകളിലും, ദാരിദ്ര്യമനുഭവിക്കുന്ന ഗ്രാമങ്ങളിലും 'മാഹർ' സംഘടനയിലെ സന്നദ്ധ സേവാംഗങ്ങൾ പ്രവർത്തിക്കുന്നു.

നാരി ശക്തിപുരസ്കാർ, പോൾ ഹാരിസ് ഇന്റർനാഷണൽ അവാർഡ്, വനിതയുടെ, വുമൻ ഓഫ് ദ ഇയർ 2016, ഗ്ലോബൽ വുമൻസ് ലീഡർഷിപ്പ് അവാർഡ് തുടങ്ങിയവ സിസ്റ്റർ ലൂസിക്കു ലഭ്യമായ അനേകം ബഹുമതികളിൽ ചില മുഖ്യമായവ മാത്രം. സ്ത്രീശാക്തീകരണ പ്രസ്ഥാനങ്ങളുടേയും മനുഷ്യാവകാശങ്ങളുടേയും ഒരു സജീവ വക്താവു കൂടിയാണ് സിസ്റ്റർ ലൂസി കുര്യൻ. കേരളത്തിൽ കണ്ണൂരിൽ വാകച്ചാലിൽ കുര്യൻ മറിയക്കുട്ടി ദമ്പതികളാണ് സിസ്റ്റർ ലൂസിയുടെ മാതാപിതാക്കൾ.

വാർത്ത: എ.സി ജോർജ് യു.എസ്.എ.

## കുറ്റാന്വേഷണ നോവലുകളെ ഗൗരവപൂർവ്വം കാണണം

കാരൂർ സോമന്റെ (ലണ്ടൻ) ക്രൈം നോവൽ കാര്യസ്ഥൻ മാവേലിക്കര റസ്റ്റ് ഹൗസിൽ വെച്ച് മലയാള-സംസ്കൃത പണ്ഡിതനും എഴുത്തുകാരനുമായ വി.പി. ജയചന്ദ്രന്റെ അദ്ധ്യക്ഷതയിൽ പ്രമുഖ നാടകകൃത് ഫ്രാൻസിസ്. ടി. മാവേലിക്കര, സാംസ്കാരിക നായകനും സാഹിത്യപോഷിണിയുടെ ചീഫ് എഡിറ്ററുമായ ചുനക്കര ജനാർദ്ദനൻ നായർക്ക് നൽകി പ്രകാശനം ചെയ്തു.

എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമായ ജോർജ് തഴക്കര പുസ്തകം പരിചയപ്പെടുത്തി. സമൂഹത്തിൽ അറിയപ്പെടുന്ന രാഷ്ട്രീയക്കാരുടെ കണ്ണിലുണ്ണിയും കോടീശ്വരനുമായ ശങ്കരൻ നായരുടെ ലൈംഗിക അവയവം വളരെ നിന്ദ്യവും ക്രൂരവുമായ വിധത്തിൽ അരിഞ്ഞെടുത്തത് ജനമനസ്സുകളിൽ സജീവ ചർച്ചയ്ക്കും പ്രതിഷേധ സമരത്തിനും ഇടയാക്കി. അത് സർക്കാരിനും തലവേദനയുണ്ടാക്കി പോലീസ്-ക്രൈം ബ്രാഞ്ച് എത്ര തപ്പിത്തടഞ്ഞിട്ടും കുറ്റവാളി ഒരു തുമ്പും കൊടുക്കാതെയാണ് രക്ഷപ്പെട്ടിരിക്കുന്നത്. ഇതു സമൂഹത്തിൽ തിളച്ചുപൊന്തുമ്പോഴാണ് ലണ്ടനിൽ പഠിച്ചു ഇന്ത്യയിൽ ഐ.പി.എസ്. എഴുതി ഡൽഹിയിൽ കുറ്റാന്വേഷണ വകുപ്പിൽ ജോലി ചെയ്തിരുന്ന മലയാളിയും അതീവ സുന്ദരിയും ധാരാളം തുമ്പില്ലാത്ത കേസ്സുകൾ തെളിയിച്ചിട്ടുള്ള ധൈര്യശാലിയായ കിരൺ എന്ന ഐ.പി.എസ്നെ ഈ കേസ്സ് ഏല്പിക്കുന്നത്. പലപ്പോഴും ഭരണകക്ഷികൽ പോലീസിനെ ദുരുപയോഗം ചെയ്ത് കുറ്റവാളികളെ സംരക്ഷിക്കുന്ന ഈ കാലത്ത് കുറ്റാന്വേഷകയും അധികാരികളുമായി ഏറ്റുമുട്ടുന്ന സംഘർഷഭരിതമായ ഈ ക്രൈം നോവൽ ഭരണത്തിലുള്ളവർക്കും നിയമവാഴ്ചയ്ക്കും ഒരു മുന്നറിയിപ്പാണ് നല്കുന്നത്. മാത്രവുമല്ല സമൂഹത്തിൽ നിലനിൽക്കുന്ന

അന്ധമായ ജാതിമത പീഢനങ്ങൾക്കും അതിലൂടെ രാഷ്ട്രീയ കച്ചവടം ചെയ്യുന്നവർക്കും ഈ നോവൽ ഒരു വെല്ലുവിളിയാണ്. ഉന്നതകുലജാതയായ കിരൺ എന്ന സുന്ദരി ഒരു താഴ്ന്ന ജാതിക്കാരനെ വിവാഹം ചെയ്യുന്നു. അവരുടെ വിശ്വാസം ഈശ്വരൻ മനസ്സിലാണ് അത് മതങ്ങളിൽ അല്ലെന്നും മനുഷ്യനെ മതമായി വേർതിരിച്ചു കാണുന്നവരുടെ കച്ചവടം തിരിച്ചറിയണമെന്നും പഠിപ്പിക്കുന്നു. ഇതിൽ പ്രണയനിർവൃതിയുടെ സുന്ദരമായ ധാരാളം മുഹൂർത്തങ്ങൾ കാണാം.

പുതുമയാർന്ന ഈ ക്രൈം നോവൽ ആർക്കും ആഹ്ലാദതിമിർപ്പോടെ വായിക്കാവുന്നതാണ്. ക്രൈം നോവലുകൾ കുറയുന്ന ഈ കാലത്തു സാഹിത്യപ്രസ്ഥാനങ്ങൾ കുറ്റാന്വേഷണ നോവലുകളെ ഗൗരവപൂർവ്വം കാണണമെന്നും ഫ്രാൻസിസ്.ടി.മാവേലിക്കര അഭിപ്രായപ്പെട്ടു. കാരൂർ സോമൻ കഥയും സംഭാഷണവുമെഴുതി ഫെബി ഫ്രാൻസിസ് സംവിധാനം ചെയ്യുന്ന പ്രിന്റ് വേൾഡ് ന്യൂഡൽഹി നിർമ്മിക്കുന്ന ഷോർട് ഫിലിമിന് ജോർജ്ജ് തഴക്കര എല്ലാവിധ ആശംസകളും നേർന്നു.

വാർത്ത: ഫ്രാൻസിസ് ടി.

## കേരളപ്പിറവി ദിനത്തിൽ ബർലിൻ മലയാളികൾ ഒത്തുകൂടി

ബർലിൻ: ബർലിൻ മലയാളികൾ നവംബർ ഒന്നിന് ഒരുമിച്ചുകൂടി കേരള പിറവിയുടെ സ്മരണ പുതുക്കി. ഭൂമി മലയാളവും, മലയാള ഭാഷാ പ്രതിജ്ഞയും നടത്തിയതിനു പുറമെ ജർമ്മൻകാരായ മഹത്‌വ്യക്തികളായ ഹാൻസ്ലെഡിൻ, ഗുണ്ടർട്ട്, വോൽബ്രെസ്റ് തുടങ്ങിയവർ മലയാള ഭാഷക്ക് നൽകിയ ബൃഹത്തായ സംഭാവനകളെപ്പറ്റി വിശകലനം ചെയ്തു. ബർലിനിലെ അമ്മ റെസ്റ്ററന്റിൽ നടത്തിയ പരിപാടികൾ സാംസ്കാരിക സംഘടനാ പ്രവർത്തകനായ ഡേവീസ് തെക്കുംതല ഏകോപിപ്പിച്ചു നേതൃത്വം നൽകി.

## കൊളോൺ കേരള സമാജം പാചക ക്ലാസ്

കൊളോൺ: കൊളോൺ കേരള സമാജത്തിന്റെ രുചി തേടിയുള്ള യാത്രയിലെ പത്താമത് പാചക ക്ലാസ് ഒക്ടോബർ 22 ന് ഉച്ചകഴിഞ്ഞ് നാലു മണിയ്ക്ക് കൊളോൺ റാഡർത്താലിലെ സെന്റ് മരിയ എംഫേഗനസ് ദേവാലയ ഹാളിന്റെ അടുക്കളയിൽ നടന്നു.

കഴിഞ്ഞ എട്ടുവർഷമായി നടത്തിവരുന്ന പാചക ക്ലാസുകളിൽ എല്ലാ തവണയും കേരളീയ വിഭവങ്ങളാണ് വിഷയങ്ങളായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി ഇറ്റാലിയൻ വിഭവങ്ങളാണ് ഇപ്രാവശ്യം വിഷയമായി എടുത്തത്. അപ്പറ്റൈസർ, മെയിൻഡിഷ്, ഡസേർട്ട് എന്നുവ ഉൾപ്പെടുത്തി നാലു മണിക്കൂർ നീണ്ടു നിന്ന ക്ലാസിൽ തിയറിയ്ക്കൊപ്പം പ്രാക്ടിക്കലും ഉണ്ടായിരുന്നു.

മലയാളി രണ്ടാം തലമുറയിലെ ദമ്പതികളായ ഡോ.മരിയ പുതുശേരിയും, നിക്കോ പുതുശേരിയുമാണ് ഇത്തവണ ക്ലാസ് നയിച്ചത്. സമാജത്തിലെ അംഗങ്ങൾക്കും അഭ്യുദയകാംക്ഷികൾക്കും വേണ്ടി സംഘടിപ്പിച്ച ക്ലാസിൽ മുപ്പതുപേർ പങ്കെടുത്തു.

മുപ്പത്തിയഞ്ചു വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ള സമാജത്തിന്റെ ഭരണ സമിതിയിലെ അംഗങ്ങൾ ജോസ് പുതുശ്ശേരി (പ്രസിഡന്റ്) ഡേവീസ് വടക്കുംചേരി (ജന. സെക്രട്ടറി) ഷീബ കല്ലറയ്ക്കൽ (ട്രഷറർ), ജോസ് കുമ്പിളുവേലിൽ (കൾച്ചറൽ സെക്രട്ടറി), പോൾ ചിറയത്ത്, (സ്പോർട്സ് സെക്രട്ടറി), സെബാസ്റ്റ്യൻ കോയിക്കര (വൈസ് പ്രസിഡന്റ്), ജോസ് നെടുങ്ങാട് (ജോ. സെക്രട്ടറി) എന്നിവരാണ്.

വാർത്ത: ജോസ് കുമ്പിളുവേലിൽ

## ഗുണ്ടർട്ട് പോർട്ടൽ യാഥാർത്ഥ്യമായി

ബർലിൻ: മലയാള ഭാഷയുടെ വികാസ ചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച ഡോ. ഹെർമൻ ഗുണ്ടർട്ടിനെക്കുറിച്ചുള്ള വെബ് പോർട്ടൽ ഒക്ടോബറിൽ ഉദ്ഘാടനം ചെയ്തു. ചരിത്രപ്രസിദ്ധമായ ട്യൂബിൻഗൻ സർവകലാശാലയിലെ റീഡിങ് റൂമിലായിരുന്നു ചടങ്ങ്.

ട്യൂബിൻഗൻ സർവകലാശാലയിലെ ഇൻഡോളജി പ്രൊഫസറും ഗുണ്ടർട്ട് ചെയറിന്റെ താൽക്കാലിക ചുമതലക്കാരിയുമായ പ്രൊഫ. ഡോ. ഹൈക്കേ ഓബർലിൻ, പ്രശസ്ത ഇൻഡോളജിസ്റ്റും കേരള പഠനമേഖലയിൽ വില മതിക്കാനാവാത്ത സംഭാവനകൾ നൽകിയ മുതിർന്ന ഗവേഷകൻ ആൽബ്രഷ്ട് ഫ്രാൻസ്, തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പ്രൊഫ. എം. ശ്രീനാഥൻ തുടങ്ങിയവർ പോർട്ടൽ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തു.

ഗുണ്ടർട്ട് ലെഗസി പദ്ധതിയിൽ അമ്പതിനായിരത്തോളം പേജുകൾ വരുന്ന അതിവിപുലമായ രേഖാശേഖരമാണ് ഡിജിറ്റൈസ് ചെയ്തിട്ടുള്ളത്. 25 വർഷത്തോളം കേരളത്തിൽ താമസിച്ച് മലയാളം പഠിച്ച്, മലയാളത്തിന് നിഘണ്ടുവും വ്യാകരണവുമൊക്കെ രചിച്ച ഡോ. ഹെർമൻ ഗുണ്ടർട്ട് 1859 ൽ ജർമനിയിലേക്ക് മടങ്ങുമ്പോൾ നിരവധി താളിയോലകളും പുസ്തകങ്ങളും കൈയെഴുത്ത് രേഖകളും ഒപ്പം കൊണ്ടുപോയിരുന്നു. ഗുണ്ടർട്ടിന്റെ കാലശേഷം ഇവ ടൂബിൻഗൻ സർവകലാശാലയിൽ സൂക്ഷിച്ചിരിക്കയായിരുന്നു. മലയാളഭാഷയുടെയും കേരള ചരിത്രത്തിന്റെയും ഇരുളടഞ്ഞ മേഖലയിലേക്ക് വെളിച്ചം വിതറുന്ന വിജ്ഞാനശേഖരമാണിത്.

1980 കളിൽ ഡോ. സ്കറിയ സക്കറിയയാണ് ടൂബിൻഗൻ സർവകലാശാലയിൽ ഗുണ്ടർട്ടിന്റെ രേഖാശേഖരം കണ്ടെത്തി. പിന്നീട് ഹെർമൻ ഗുണ്ടർട്ട് മലയാളം മാനുസ്ക്രിപ്റ്റ് സീരീസ് എന്ന പേരിൽ പയ്യന്നൂർ പാട്ട്, തച്ചോളിപ്പാട്ടുകൾ, ജ്ഞാനപ്പാന, അഞ്ചടി, ഓണപ്പാട്ടുകൽ, പഴശ്ശിരേഖകൾ, തലശ്ശേരി രേഖകൾ തുടങ്ങി ഏതാനും കൃതികൾ ഡോ. സ്കറിയ സക്കറിയ മുൻകൈയെടുത്ത് പ്രസിദ്ധീകരിച്ചു.

പ്രാചീന മലയാളഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്ത് പൊതുസഞ്ചയത്തിലാക്കി പ്രസിദ്ധീകരിക്കുന്ന ഭാഷാസ്നേഹിയായ ഷിജു അലക്സ് (ബംഗളൂരു) ടൂബിൻഗൻ സർവകലാശാലാ ലൈബ്രറി അധികൃതരുമായി നടത്തിയ നിരന്തര ചർച്ചകളുടെ അവസാനം ഈ രേഖാശേഖരം ടൂബിൻഗൻ സർവകലാശാല തന്നെ ഡിജിറ്റൈസ് ചെയ്ത് പ്രസിദ്ധീകരിക്കുന്ന ഗുണ്ടർട്ട് ലെഗസി പദ്ധതി യാഥാർത്ഥ്യമാക്കിയത്.

വാർത്ത: ജോസ് കുമ്പിളുവേലിൽ

## ജർമനിയിൽ ശാലോം മീറ്റ്

കൊളോൺ: ശാലോം ഫെസ്റ്റിവൽ ജർമനിയിലെ കൊളോൺ, ഫ്രാങ്ക്ഫർട്ട് എന്നിവിടങ്ങളിൽ നവംബർ 24,

25 (ശനി, ഞായർ) ദിവസങ്ങളിൽ നടന്നു.

കൊളോൺ ആസ്ഥാനമായുള്ള ഇൻഡ്യൻ കമ്യൂണിറ്റിയുടെ ആഭിമുഖ്യത്തിൽ 24 ന് (ശനി) രാവിലെ പത്തുമണി മുതൽ വൈകുന്നേരം ആറുമണിവരെ കൊളോൺ മ്യൂൾഹൈമിലെ ലീബ്ഫ്രൗവൻ ദേവാലയ ഓഡിറ്റോറിയത്തിലാണ് മീറ്റ് നടന്നത്.

ഫാ. ജിൽറ്റോ ജോർജ് സി.എം.ഐ, ശാലോം ടിവി ചീഫ് എഡിറ്റർ ബെന്നി പുന്നത്തറ എന്നിവർ നയിക്കുന്ന ശാലോം മീറ്റിൽ സിബി തോമസ് സംഗീതം ആലപിച്ചു. ആത്മാവിന്റെ വചന ചിന്തകൾ വിതറി പ്രഭാപൂരമാക്കിയ അഭിഷേകത്തിൽ ഏകദേശം ഇരുന്നൂറോളം വിശ്വാസികൾ പങ്കെടുത്തു. ഇന്ത്യൻ ഇടവക ആദ്ധ്യാത്മിക പിതാവ് ഫാദർ ഇഗ്നേഷ്യസ് ചാലിശ്ശേരി സി.എം.ഐ. ആയിരുന്നു കോർഡിനേറ്റർ. ഇടവക കമ്മിറ്റി കൺവീനർ ഡേവിസ് വടക്കുംഞ്ചേരി നന്ദി പറഞ്ഞു.

## ജർമനിയിൽ പരി. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു

കൊളോൺ: പുണ്യശ്ലോകനായ പരുമല തിരുമേനിയുടെ 116-ാമത് ഓർമ്മപ്പെരുന്നാൾ ജർമ്മനിയിലെ ഇന്ത്യൻ ഓർത്തഡോക്സ് സഭ കൊളോൺ-ബോൺ ഇടവകയുടെ ആഭിമുഖ്യത്തിൽ ബോണിലെ സെന്റ് ഹെഡ്വിഗ് ദേവാലയത്തിൽ വിവിധ പരിപാടികളോടെ ഭക്തിപൂർവ്വം ആഘോഷിച്ചു.

നവംബർ നാലിന് ഞായറാഴ്ച രാവിലെ പത്തുമണിയ്ക്ക് വിശുദ്ധ കുർബാനയ്ക്ക് ഫാ. അലക്സാണ്ടർ ആഷു കാർമികത്വം വഹിച്ചു. പരുമല തിരുമേനിയുടെ മാതൃകാപരവും പ്രാർത്ഥനാ പൂർണ്ണവുമായ ജീവിതം എല്ലാവരും മാതൃകയാക്കണമെന്നും അതിനായി ഓരോരുത്തരും സ്വന്തം ജീവിതം രൂപാന്തരപ്പെടുത്തണമെന്നും വചനപ്രഘോഷണത്തിൽ ഫാ. ആഷു ഓർമ്മിപ്പിച്ചു. രോഗികൾക്കും വാങ്ങിപ്പോയവർക്കും വേണ്ടി പ്രത്യേകം മദ്ധ്യസ്ഥപ്രാർത്ഥന, ധൂപപ്രാർത്ഥന, റാസ, ആശീർവാദം, കൈമുത്ത്, നേർച്ചവിളമ്പ് എന്നിവയ്ക്കുശേഷം പാരീഷ് ഹാളിൽ സ്നേഹവിരുന്നും ഉണ്ടായിരുന്നു.

ആത്മീയ ശുശ്രൂഷകളിൽ പങ്കുചേരാനും വിശുദ്ധന്റെ മദ്ധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ജർമനിയുടെ വിവിധ ഭാഗങ്ങളിൽനിന്നും നിരവധി വിശ്വാസികൾ എത്തിയിരുന്നു.

ഇടവക സെക്രട്ടറി മാത്യൂസ് കാക്കനാട്ടു പറമ്പിൽ, സിനോ തോമസ് (ട്രസ്റ്റി) രാജൻകുഞ്ഞ്, വിഎം ജോൺ, ബോസ് പത്തിച്ചേരിൽ, ജിത്തു കുര്യൻ, കെ.വി. തോമസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

വാർത്ത: ജോൺ കൊച്ചുകണ്ടത്തിൽ

## ട്രൈസിറ്റി ഇന്ത്യാ അസ്സോസിയേഷൻ 2019-ലെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

ആൽബനി (ന്യൂയോർക്ക്): ന്യൂയോർക്കിന്റെ തലസ്ഥാനമായ ആൽബനിയിലേയും, സ്കെനക്റ്റഡി, ട്രോയ് എന്നീ സിറ്റികളിലേയും പരിസരപ്രദേശങ്ങളിലേയും ഇന്ത്യാക്കാരുടെ സംഘടനയായ ട്രൈസിറ്റി ഇന്ത്യാ അസ്സോസിയേഷന്റെ 2019-ലേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തിരഞ്ഞെടുപ്പ് നടന്നു.

അശോക് അദിക്കൊപ്പുള (പ്രസിഡന്റ്), സ്മിത ജെയിൻ (വൈസ് പ്രസിഡന്റ്), ഇളങ്കോവൻ രാമൻ (സെക്രട്ടറി), സുധ ഡട്ല (ട്രഷറർ) എന്നിവരേയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി കൽപേഷ് കതിരിയ, വേണു മോറിഷെട്ടി, പുർത്തി പട്ടേൽ, മൊയ്തീന് പുത്തൻചിറ, വേദ് ശ്രാവ, രവീന്ദ്ര വുപ്പള എന്നിവരെയും തിരഞ്ഞെടുത്തു. ബാസവ്രാജ് ബെങ്കി എക്സ് ഒഫീഷ്യോ ആയി തുടരും.

1960-ൽ രൂപീകൃതമായ ട്രൈസിറ്റി ഇന്ത്യാ അസ്സോസിയേഷന്റെ ന്യൂയോർക്കിന്റെ തലസ്ഥാന നഗരിയിലും പരിസര പ്രദേശങ്ങളിലുമുള്ള ഇന്ത്യൻ വംശജരെ ഒരുമിച്ച് ഒരു കുടക്കീഴിൽ അണിനിരത്തി നിരവധി പരിപാടികൾ നടത്തി വരുന്നു. വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന 'സ്പ്രിംഗ് ഫെസ്റ്റിവൽ ഓഫ് ഇന്ത്യ'യാണ് അതിൽ ഏറ്റവും പ്രധാനം. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള മുതിർന്നവരും കുട്ടികളുമടങ്ങുന്ന കലാകാരന്മാരും കലാകാരികളും അതാതു സംസ്ഥാനങ്ങളുടെ പൈതൃക കലകൾ കോർത്തിണക്കി അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ ഏറെ ആകർഷകമാണ്. കൂടാതെ ഇന്ത്യൻ വിഭവങ്ങളുടെ ഭക്ഷണശാലകൾ, വസ്ത്രങ്ങൾ, കരകൗശല വസ്തുക്കൾ, സ്വർണ്ണാഭരണങ്ങൾ, തുണിത്തരങ്ങൾ എന്നിവയുടെ ബൂത്തുകളുമൊക്കെയടങ്ങുന്ന ഈ ഉത്സവത്തിൽ ജാതിമതഭേദമന്യേ എല്ലാ ഇന്ത്യാക്കാരും പങ്കെടുക്കും.

ഇന്ത്യൻ റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം, ഇന്റർനാഷണൽ വിമൻസ് ഡേ എന്നിവയും, പിക്നിക്, ടെന്നീസ് ടൂർണ്ണമെന്റ് എന്നിവയും അസ്സോസിയേഷൻ നടത്തിവരുന്നു. അംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ നൽകുന്ന സപ്പോർട്ട് ഗ്രൂപ്പ്, മുതിർന്നവർക്കുവേണ്ടി സിക്സ്റ്റി പ്ലസ് ഗ്രൂപ്പ് എന്നിവ അസ്സോസിയേഷന്റെ ഭാഗമാണ്. കൂടാതെ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, മെഡിക്കൽ സഹായങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നു.

2019-ലെ ആദ്യത്തെ പരിപാടിയായ ഇന്ത്യൻ റിപ്പബ്ലിക് ദിനം ജനുവരി 27-ന് ആഘോഷിക്കും.

വാർത്ത: എം. പുത്തൻചിറ

## കേരളത്തിലെ ഏറ്റവും മികച്ച മോട്ടിവേഷണൽ സ്പീക്കറായി സക്സസ് കേരള ഏർപ്പെടുത്തിയ അവാർഡ് ജോബിൻ എസ്. കൊട്ടാരത്തിന് ലഭിച്ചു.

തിരുവനന്തപുരത്ത് നടന്ന പൊതുസമ്മേളനത്തിൽ ദേവസ്വം-ടൂറിസ്റ്റ് വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് അവാർഡ് സമ്മാനിച്ചത്. ഡെപ്യൂട്ടി സ്പീക്കർ വി. ശശി അവാർഡ് ജേതാവിനെ പൊന്നാടയണിയിച്ച് ആദരിച്ചു.

ഇരുപത്തഞ്ചോളം മോട്ടിവേഷണൽ പുസ്തകങ്ങൾ എഴുതിയിട്ടുള്ള ജോബിൻ എസ്. കൊട്ടാരം രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന പ്രചോദനാത്മക പ്രഭാഷകനും, കോളമിസ്റ്റുമാണ്. ഹ്യൂമൻ റിസോഴ്സ് ട്രെയ്നിംഗ് രംഗത്തെ മികവിനുള്ള ദേശീയ പുരസ്ക്കാരമായ ചാംപ്യൻ അവാർഡ് രണ്ടു തവണ ഇദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ഭാഷാസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ, വ്യവസായ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ഗൗതം യോഗീശ്വർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

വിവിധ രാജ്യങ്ങളിൽ മോട്ടിവേഷൻ ട്രെയിനിങ്ങുകൾ സംഘടിപ്പിച്ചിട്ടുള്ള ജോബിൻ എസ്. കൊട്ടാരം കഴിഞ്ഞ




വർഷം ജർമ്മനിയിൽ കൊളോൺ കേരള സമാജത്തിന്റെയും നമ്മുടെ ലോകത്തിന്റെയും ആഭിമുഖ്യത്തിൽ സെമിനാർ നടത്തിയിരുന്നു. ജോബിൻ എസ്. കൊട്ടാരത്തിനു ഈ വേളയിൽ അഭിനന്ദനങ്ങൾ നേരുന്നു. ചങ്ങനാശ്ശേരി തുരുത്തി സ്വദേശിയാണ്. ഭാര്യ ക്രിസ്റ്റി. മകൻ എയ്ഡൻ.

## വിദേശ പൗരത്വമുള്ള ഇന്ത്യാക്കാർക്ക് ഭൂമി കൈമാറ്റത്തിനു തടസ്സമില്ല.

കൊച്ചി: വിദേശ പൗരത്വമുള്ള ഇന്ത്യൻ വംശജർക്ക് ഇന്ത്യയിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ സാധ്യമാണെന്ന് ഹൈക്കോടതി. ഇന്ത്യയ്ക്കു പുറത്തു താമസിക്കുന്ന ഇന്ത്യൻ വംശജർക്ക് കൃഷിഭൂമി, ഫാം ഹൗസ്, തോട്ടഭൂമി എന്നിവ ഒഴിച്ചുള്ളവ ഇന്ത്യയിലുള്ള മറ്റൊരാൾക്ക് സാധ്യമാണെന്ന മുൻ കോടതി വിധിയുടെ ചുവടു പിടിച്ചാണ് ഉത്തരവ്. ഇന്ത്യൻ വംശജരും സിംഗപ്പൂർ പൗരന്മാരുമായ മക്കളുടെ ഭൂമി കൈമാറ്റത്തിനു പവർ ഓഫ് അറ്റോർണി ലഭിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലാണ് കോടതി നിർദ്ദേശം. 'ഫെമ' നിമയപ്രകാരം വിദേശ പൗരനു ഭൂമി കൈമാറ്റത്തിനു നിയന്ത്രണമുണ്ടെന്നു പറഞ്ഞു സബ് രജിസ്ട്രാർ രജിസ്ട്രേഷൻ നിഷേധിച്ച സാഹചര്യത്തിലാണ് ഹർജി. പ്രമാണം രജിസ്റ്റർ ചെയ്യാൻ തടസ്സമില്ലെന്നും രജിസ്ട്രേഷൻ നടത്തി കൊടുക്കണമെന്നും ജസ്റ്റീസ് എ. മുഹമ്മദ് മുസ്താഖ് നിർദ്ദേശിച്ചു.

മിനിക്കഥ/ചാക്കോ എം. ചാക്കോ

## മനുഷ്യൻ ദൈവമായ കഥ



കോട്ടയം റെയിൽവേ സ്റ്റേഷനിലെത്തുമ്പോൾ, നല്ല തിരക്കായിരുന്നു. സ്റ്റേഷനും പരിസരവും ശബരിമല തീർത്ഥാടകരെക്കൊണ്ടു നിറഞ്ഞിരുന്നു. തമിഴിനും തെലുങ്കിനും കന്നടയ്ക്കുമിടയിൽ ചുമട്ടുതൊഴിലാളികളുടെ മലയാളം.... കൂലിത്തർക്കങ്ങൾ.....!

സിമന്റുതറയിലിരുന്ന് കറുത്ത തുണിക്കെട്ടഴിച്ച് ഭക്ഷണം കഴിക്കുന്നവർ.... ചുള്ളിക്കമ്പും കരിയിലയും കൂട്ടിയിട്ട് തീ കത്തിച്ച് കഞ്ഞിവെക്കുന്നവർ....

നടയിറങ്ങി പ്ലാറ്റ്ഫോമിലെത്തി. 'വണ്ടി ഒരു മണിക്കൂർ വൈകുമെന്ന്' നോട്ടീസ് ബോർഡ്.... പത്രം വാങ്ങി തിരക്കുകുറഞ്ഞ ഒരു ബഞ്ചിലേക്ക് ഒതുങ്ങി.

സ്റ്റേഷൻ പരിസരത്തുനിന്ന് യാചകരെ ലാത്തി വീശി ഓടിക്കുന്ന പോലീസുകാരന്റെ കണ്ണുവെട്ടിച്ച് ഒരു ഭിക്ഷക്കാരൻ ഒറ്റക്കാലിൽ എന്റെ അടുത്തുവന്നു.

'സാറേ....' തല കുനിച്ച് അയാൾ കൈ നീട്ടി. ഭിക്ഷക്കാരന്റെ മുഖത്തെ ദീനഭാവം അകൃത്രിമമായിരുന്നു. പോക്കറ്റിൽ അഞ്ഞൂറിൽ കുറഞ്ഞതൊന്നുമില്ല. ഒരു നോട്ടെടുത്ത് അയാളുടെ നേർക്കു നീട്ടി. ഭിക്ഷക്കാരന്റെ കണ്ണുകൾ നക്ഷത്രങ്ങളായി.....

വണ്ടിയുടെ വരവും കാത്ത് പത്രവായന തുടർന്നു. നിറയെ അയ്യപ്പഭക്തരുമായി ഒരു സ്പെഷ്യൽ ട്രെയിൻ പ്ലാറ്റ് ഫോമിലെത്തി. ശരണംവിളികളോടെ തിരക്കിട്ടിറങ്ങിയ ആൾക്കൂട്ടം, ഭിക്ഷക്കാരനെ ചവിട്ടിമെതിച്ചു കടന്നുപോയി. തപ്പിപ്പിടിച്ച് വടിയെടുത്ത് കുത്തിപ്പിടിച്ചെണീക്കാൻ ശ്രമിക്കുന്നതിനിടെ പിച്ചക്കാരൻ പിറുപിറുത്തു: 'ആളുകൾ അയ്യപ്പനെ അന്വേഷിച്ച് പരക്കം പായുകയാണ്. സ്വാമി ദാ ആ ബഞ്ചിലിരുന്നു പത്രം വായിക്കുന്നു.'

കവിത/എ.സി. ജോർജ്ജ് യു.എസ്.എ.

# അനാചാരങ്ങൾ ദുരാചാരങ്ങൾ തുലയട്ടെ

ഈ മണ്ണിൽ മാനവൻ തീർത്ത്...
അനാചാരങ്ങൾ ദുരാചാരങ്ങൾ....
ഇന്നെങ്കിലും തുലയട്ടെ നശിക്കട്ടെ....
എത്രകാലം ആചരിച്ചെന്നാലും...
അനാചാരങ്ങൾ ദുരാചാരങ്ങൾ തന്നെ...
അനാചാരദുരാചാര സംരക്ഷണാർത്ഥം...
വെട്ടിക്കുത്തി ചോരചിന്തി ചാകും സഹജരെ..
തുറക്കു നിങ്ങൾതൻ കൺകൾ മലർക്കെ..
സത്യമേത് മിഥ്യയേതെന്നറിയൂ സോദരരേ...
ഏതോരു ഈശ്വരപ്രീതിക്കാണീ അനുഷ്ഠാനങ്ങൾ...
ദൈവമില്ലാ ദേവാലയങ്ങളിൽ സ്വയം...
ദൈവത്തേക്കാൾ ഉത്തുംഗദനാം പൂജാരികൾ...
കല്പ്പിക്കും അനാചാരമാം ദുരാചാരങ്ങളാൽ...
വഞ്ചിക്കപ്പെട്ട മതവിഷലബ്ദമാം...
അനാചാര ദുരാചാര ചാവുകടലിൽ....
മുങ്ങിത്താഴും മൂഢവിശ്വാസികളെ...
ഇഹത്തിലും പരത്തിലും കാത്തിരിപ്പൂ....
നിങ്ങൾക്കായ് കള്ള പൂജാരികൾ കല്പിക്കും...
നിഗൂഢമാം മൂഢമാം പരബ്രഹ്മവും സ്വർഗ്ഗവും...
അനാചാര ദുരാചാര മതലഹരിയിൽ....
മത്തടിച്ചാടും ദുർബലരാം മന്ദബുദ്ധികളെ...
ഉണരൂ അകകണ്ണും പുറകണ്ണും....
തുറക്കൂ സനാതന ദൈവത്തിൻ നേർക്ക്...
മാനവ ഹൃദയസരസ്സിൽ കുത്തിനിറച്ച വിഷം...
അനാചാര ദുരാചാരാനുഷ്ഠാനങ്ങൾ തുലയട്ടെ...
ഹൃദയമാനസങ്ങളിൽ ശുദ്ധികലശം നിറയട്ടെ..
അനാചാര ദുരാചാരങ്ങൾ വെടിയണം തൂത്തെറിയണം...
കള്ള മതാചാര്യ പൂജാരികൾ വക്താക്കൾ തുലയട്ടെ...
സ്ത്രീപുരുഷ ഭക്തർക്കെല്ലാം ദൈവമുള്ള...
ആലയത്തിലെല്ലാം തുല്യനീതി തുല്യപ്രവേശനം...
ഏതൊരു പ്രായ സ്ത്രീയേയും ദേവസന്നിധത്തിൽ...
തടുക്കുന്ന തന്ത്രികളോ പുജാരികളോ തുലയട്ടെ...
അവർ ദൈവ പ്രതിപുരുഷരോ പ്രതിനിധിയോ ഒന്നുമല്ല...
വോട്ടുബാങ്കിനായ് കലക്കവെള്ളത്തിൽ മീൻ പിടിക്കും...
രാഷ്ട്രീയ മത കോമരങ്ങളെ അറിയണം സോദരരേ...
വിശ്വാസികൾ തൻ വിയർപ്പിൻ ഫലം....
ഭക്ഷിച്ചു പാനം ചെയ്തു തടിച്ചു കൊഴുത്ത്...
ദൈവത്തിനടുത്ത ആളായിനടിക്കും. വ്യാജ സ്വാമി
തന്തി അച്ചന്മാർ മുള്ളമാർ മൗലികൾ ബിഷപ്പർ...
മാനവരെ ദുരാചാരത്തിൽ അനാചാരത്തിൽ...
നിത്യവും കുടുക്കി വിനാശത്തിലേക്കാനയിക്കും...
അവർ പകരും മദോൽമത്തമാം മതലഹരിയിൽ..
നീന്തിത്തുടിക്കും മന്ദബുദ്ധികളാം വിശ്വാസികൾ.
വോട്ടുബാങ്ക് മത രാഷ്ട്രീയ കോമരങ്ങളും...
ദുർവൃത്തരാം മതാചാര്യന്മാരും....
അവിശുദ്ധമാം മുന്നണി ചേർത്താടുവിൽ...
കഴുതകളാം പൊതുജനങ്ങളെ കൊള്ളയടിക്കും
ദൈവമില്ലാ മണിമന്ദിരങ്ങൾ ആലയങ്ങൾ..
കോട്ട കൊത്തളങ്ങൾ വമ്പൻ പ്രതിമകൾ...
നമ്മൾ ജനങ്ങൾ തൻ വിയർപ്പിനാൽ...
അവർ തീർത്തു വിജയഭേരി മുഴക്കും...
അനാചാരദുരാചാര സംരക്ഷണത്തിനായവർ...
രഥയാത്രകൾ, പദയാത്രകൾ, ഹർത്താലുകൾ...
വീഥിയിൽ വേദിയിൽ സംഘടിപ്പിച്ച് തൊള്ളതുറന്നു
മുദ്രാവാക്യങ്ങൾ വച്ചു കാച്ചി തുലക്കും നമ്മളെ...
കേരളം ഭ്രാന്താലയമാക്കുമീകൂട്ടർ നിചയം..
തത്വമില്ലാ നീതിയില്ലാ അവസരോചിതമാം...
മലക്കംമറിയും രാഷ്ട്രീയ പുരോഹിതകോമരങ്ങൾ...
കോടതി വിധിയൊന്നും ഭൂഷണമല്ലിവർക്ക്...
അനാചാര ദുരാചാരങ്ങളാണവർക്കാവശ്യം..
സത്യ നീതിയുമൊന്നുമവർ തലയിലില്ലൊരിക്കലും...
അനാചാരങ്ങൾ ദുരാചാരങ്ങൾ പോയ് തുലയട്ടെ...
നന്മകൾ തിരിവോടെ മാനവഹൃത്തടത്തിൽ...
നിറയട്ടെ ശുഭശോഭന ചിന്തകൾ സൽ കർമ്മങ്ങൾ...
ശുദ്ധികലശമായ് വേണ്ടിവന്നാൽ ചാട്ടവാറെടുക്കു...
ഏകോദര സോദരരാം സഹജ മാനവവൃന്ദമേ....



കഥ/ജോൺ ഇളമത, കാനഡ

# പാലപൂക്കുമ്പോൾ

ഹാലോവീൻ യക്ഷികഥകളുടെ കാലമാണ്. കുട്ടിക്കാലങ്ങളിൽ കേട്ട യക്ഷിക്കഥകൾ ഭീതിയുടേയും,ജിജ്ഞാസകളുടെയും അനുഭവങ്ങളായിരുന്നു.പമ്പയാറും,പനയാന്നാറുകാവും, പരുമലയും,മാന്നാറും,നിരണവുല്ലൊം യക്ഷികഥകൾ നിറഞ്ഞുനിന്നൊരു കാലഘട്ടത്തിലാണ് എന്റെ ബാല്യവും കൗമാരവും യൗവനത്തിന്റെ ആദ്യഘട്ടങ്ങളുമൊക്കെ കഴിഞ്ഞുപോയത്. പനയന്നാറുകാവിലെ യക്ഷികകൾ കറുത്ത രാത്രികളുടെ മദ്ധ്യാനത്തിൽ ആകാശത്തിലൂടെ പറക്കുമെന്നും പാലമരങ്ങളിൽ,പാലപൂക്കുമ്പോൾ ചേക്കേറുമെന്നും ഗ്രാമത്തിലും കൗമാരക്കാരും , യുവത്വത്തിലേക്കു കാലുകുത്തുന്നവരും വിശ്വസിച്ചിരുന്ന ഒരുകാലത്ത് ഞാനും ഒരെക്ഷിയെ കണ്ട് ഭയന്നുവിറച്ചു.

ഒരു പാതിരാത്രിയിൽ വീട്ടുകാരറിയാത സ്കൂൾ ഫൈനൽ പഠനകാലത്ത് സെക്കന്റ് ഷോ കഴിഞ്ഞ് തിരികെ എത്തുമ്പോൾ പാതിര അടുത്തിരുന്നു.കൂര്യത്ത് കടത്തിറങ്ങി കാൽ വലിച്ചു നീട്ടിനടന്നു.പെട്ടെന്ന് വീടെത്തണം. ആരുമറിയാതെ ചാരിയ അടുക്കള വാതിലിലൂടെ കിടക്കമുറിയിൽ എത്തണം. സാരമില്ല, ശനിയാഴ്ച അവധി ദിവസം.കുറേനേരം ഉറങ്ങി ഉറങ്ങിക്ഷീണം തീർക്കാം. കൗമാരം കഴിഞ്ഞ് യൗവനം പൊട്ടിമുളക്കുന്ന സ്വപ്നസുന്ദരകാലം. മനോരാജ്യങ്ങളുടെ മണിയറയിൽ, നൂർജഹാനും,മിസ്സ്കുമാരിയുമക്കെ സഞ്ചരിക്കുന്ന കാലം. അന്ന് കണ്ട സിനിമ തമിഴാണ്. എംജിആർ വിലസിനിന്നകാലം.എന്തോ ഒരു തിരുടൻ! എംജിആറിനെ കൂടാതെ എമ്മൻ നമ്പ്യാർ,വൈജയന്തിമാലയൊക്കെ നടിച്ച ചിത്രം! ബഞ്ചിലിരുന്ന എന്റെ മുമ്പിലെ ഒരു തറടിക്കറ്റുകാരൻ ചേട്ടൻ, മടിയിൽ പാക്കു വെട്ടാൻ വെച്ചിരുന്ന ഓലപിച്ചാത്തി, എംജിആർ അണ്ണനെ നേരെ എറിഞ്ഞ് ആക്രോശിച്ചു!

അണ്ണാ,കവലപ്പെടാതെ എൻ കത്തിയെടുത്ത് ആ നമ്പ്യാര്തെണ്ടിയെ കാച്ച്!

പാതി ഉറക്കത്തിലിരുന്ന ഞാൻ ഞെട്ടി ഉണർന്നു കാര്യം ശരിയാണ്,എംജിയാറണ്ണൻ ഗുരുതരാവസ്ഥയിലാണ്.നമ്പ്യാരിൻറ മരണപൂട്ടിൽ എംജിയാർ ശ്വാസംമുട്ടി പിടയുന്നു. വൈജയന്തിമാല എന്ന എംജിയാറിന്റെ കാമുകി സമീപത്തു നിന്ന് നെഞ്ചത്തലക്കുന്നു.

അപ്പോൾ തറയിലിരുന്ന് ഓലപിച്ചാത്തി എറിഞ്ഞുകൊടുത്ത ചേട്ടന്റെ ശബ്ദം വീണ്ടും ഉച്ചത്തിൽ:

എടീ,വൈജയന്തിമാലപെണ്ണേ!,നിന്നു മോങ്ങാതെ കത്തിഎടുത്ത് അണ്ണന്റെ കയ്യിലോട്ടു കൊടുക്കെടീ! ഞാൻ പൊട്ടിച്ചിരിച്ചുപോയി,ഓലപിച്ചാത്തിക്കാരൻ ചേട്ടന്റെ ഒരു ബുദ്ധി! തിരികെ നടന്നപ്പോൾ വഴിയിൽ ആ ചിരി പൊട്ടിച്ചിരിയായി ആറ്റുതീരത്തെ പരുത്തി കാട്ടിലെ നിശബ്ദതയിൽ ഒഴുകി അലിഞ്ഞു.പെട്ടെന്നൊരു മാദകഗന്ധം,കൊതിപ്പിക്കുന്ന ഗന്ധം! പരുത്തിക്കാടിനപ്പുറത്ത് റോഡരുകിലെ പാലമരത്തിൽ നിന്നും എന്നത് തിരിച്ചറിയാൻ അല്പ്പ നേരമെടുത്തു.പാലമരം പൂത്തു മദനഗന്ധം നിറയുമ്പോൾ യക്ഷികൾ കാമാർത്തരായി പാലമുകളിൽ നിന്നിറങ്ങി മനുഷ്യരെ വശീകരിച്ച് രക്തം ഊറ്റിക്കുടിക്കുമെന്ന് കൂട്ടുകാരൊക്കെ പറഞ്ഞിരുന്നകാലം! പേടിതോന്നി, ഹെയ് അങ്ങനെയൊന്നില്ല, ഏതെക്ഷി! വെറും കെട്ടുകഥ, നുണകഥ കേൾക്കാൻ സുഖമുള്ള കഥ! എന്നിങ്ങനെ മനസ്സിനെ ധൈര്യപ്പെടുത്തി.എങ്കിലും ഇടക്കിടെ ചാപല്യം,ചാഞ്ചാട്ടം! ഇന്നു വെള്ളിയാഴ്ച പാതിരാവ് ,കറുത്ത പക്ഷത്തിന്റെ അന്ത്യനാളുകൾ, ഇരുളിൽ പിടയുന്ന ചന്ദ്രപ്രഭയുടെ ഇടക്കിടെ അരിച്ചെത്തുന്ന നിഴൽപോലയുള്ള പ്രകാശം!

ആ പ്രകാശത്തിൽ അതാ പാലയുടെ അടിയിൽ ഇടിക്കിടെ അരിച്ചുവീഴുന്ന പ്രകാശത്തിൽ കണ്ടു. പാദംവരെ നീണ്ടുകിടക്കുന്ന അഴിച്ചിട്ട മുടി,രക്തനിറമുള്ള കണ്ണുകൾ, തൂവെള്ള വസ്ത്രം,താഴേക്കുകൂടി പെട്ടെന്ന് നോക്കി, കാൽ നിലത്തു മുട്ടിയിട്ടില്ല എന്നുതോന്നി,പാറി പറക്കുന്ന മുടിയിഴകൾ ഇത് പനയന്നാറുകാവിൽ നിന്ന് പറന്നുവന്ന യക്ഷിതന്നെ!

അയ്യോ,ഞാനൊരലർച്ച! പെട്ടന്നൊരു സ്ത്രീ ശബ്ദം!

കുഞ്ഞേ, ഇത് ഞാനാ,പേടിപ്പിച്ച് ആളെക്കൂട്ടാതെ.ഞാൻ എന്റെ കൈയ്യിലെ ചെറു ടോർച്ചു അവളുടെ മുഖത്തേയ്ക്ക് അടിച്ചു നോക്കി. ദേവയാനി! ഞങ്ങളുടെ ഗ്രാമത്തിലെ കാമാർത്തന്മാരുടെ ഉറക്കം കെടുത്തുന്ന ദേവയാനി.



# മലയിറങ്ങി ആർത്തവലഹള
# പടിയിറങ്ങി ആചാരലഹള
# ഇനി ഹജൂർ നട
# ശരണംപൊന്നയ്യപ്പാ....

......"യക്ഷന്റെ വ്യഥയിലും മേഘത്തിന്റെ യാത്രയിലുമൊക്കെയായിരുന്നു മനസ്സ്. അതുകൊണ്ട് ദൂരെ അടുത്തടുത്തു വരുന്ന ഓഹോയ് ശബ്ദം കേട്ടില്ല. തൊട്ടുമുമ്പിൽനിന്ന് പൂണൂലും കുടുമയുമുള്ള നമ്പൂരി ചീറ്റി: ഹായി, ശപ്പൻ, മാറ് വഴീന്ന്! അയിത്തോള്ള ജാതിക്കറീല്ലേ നമ്പൂരാര് വരുമ്പോവഴീന്ന് ദൂരെ മാറണോന്ന്? ഇനീപ്പോ ന്താ ചെയ്യ്യാ? രാമാ ഏതാ ഈ കുരുപ്പ്? കാര്യസ്ഥൻ രാമൻ നായർ നമ്പൂരിയുടെ പുറകിൽനിന്ന് എത്തിനോക്കി മുഖം ചുളിച്ചു. "ആ മാടനാശാന്റെ മകനാ ന്നാ തോന്ന്വാ." നായരും പറഞ്ഞു കുറേ ചീത്ത. മേൽ ജാതിക്കാര് വരുമ്പോൾ കീഴ് ജാതിക്കാര് ദൂരെമാറി നിൽക്കണമെന്ന് ആരാണു നിശ്ചയിച്ചത്? മുമ്പൊരിക്കലും കണ്ടു ഇങ്ങനെ. നമ്പൂരാരുടെ വഴിയിൽ നിന്ന് ഓടിമാറാത്തതിന് പണിക്കുപോകുന്ന ചെറുമിപ്പെണ്ണുങ്ങളെ അടിച്ചോടിക്കുന്നത്.

കീഴ്ജാതിക്കാരെ അടിച്ചോടിക്കാൻ ആരാണ് ഇവർക്കൊക്കെ അധികാരം കൊടുത്തത്? മനുഷ്യർക്കിടയിൽ മേൽജാതിയെന്നും കീഴ്ജാതിയെന്നുമുള്ള വേർതിരിവ് ഉണ്ടാക്കിയത് ആരാണ്? കീഴ്ജാതിക്കാരെ അപേക്ഷിച്ച് മേൽജാതിക്കാർക്കുള്ള മേന്മയെന്താണ്? അല്ലെങ്കിൽ മേൽജാതിക്കാരെ അപേക്ഷിച്ച് കീഴ്ജാതിക്കാർക്കുള്ള പതിത്വമെന്താണ്? മേൽജാതിക്കാരെപ്പോലെ തന്നെ രക്തവും മാംസവും കൊണ്ടല്ലേ കീഴ്ജാതിക്കാരെയും സൃഷ്ടിച്ചിരിക്കുന്നത്? മനുഷ്യർക്കിടയിൽ ആരാണ് ജാതിയുണ്ടാക്കിയത്? ബ്രാഹ്മണൻ നടക്കുന്ന വഴിയിൽ പറയൻ നിന്നാൽ എന്താണ് കുഴപ്പം? എവിടന്നു കിട്ടീ നമ്പൂരിക്ക് ഈ പൂണൂൽ?

മനസ്സ് അന്നങ്ങനെ തെറിച്ചു നിന്നു.




നമ്പൂരി വരുന്ന വഴിയിൽനിന്ന് ദൂരെ മാറാത്തതിന്റെ പരാതി അച്ഛന്റെ അടുക്കലും ചെന്നു. കുറ്റപ്പെടുത്താനും ശകാരിക്കാനും ഒരവസരം കാത്തിരിക്കുകയായിരുന്നെന്നു തോന്നുന്നു അച്ഛൻ. 'നീയെന്തു ഭാവിച്ചാണെ'ന്നു ചോദിച്ച് അച്ഛൻ വല്ലാതെ ക്ഷോഭിച്ചു. ബ്രാഹ്മണശാപം മേടിച്ചുവയ്ക്കണോ എന്നാണ് അച്ഛൻ ഒടുവിൽ ചോദിച്ചത്. അന്നതിന്റെ അർത്ഥം മനസ്സിലായിരുന്നില്ല കൊച്ചുനാണുവിന്.

അതിന് ബ്രാഹ്മണനെന്തിനാണ് ശപിക്കുന്നത്? വഴിയിൽ കാണുന്നവരെയൊക്കെ ശപിക്കാൻ ബ്രാഹ്മണൻ ആരാണ്? അയാൾക്കെന്താ മണികെട്ടിയിട്ടുണ്ടോ?

ദേഷ്യം കടിച്ചമർത്തി പോകാൻ നേരത്ത് എന്തോ പറയാൻ മറന്നത് പെട്ടെന്നോർത്ത മട്ടിൽ അച്ഛൻ തിരിഞ്ഞു നിന്നു.

"ഇനി അറിഞ്ഞില്ല എന്നൊന്നും വരരുത്. അതുകൊണ്ടാണ് ഇപ്പോൾ പറയുന്നത്. ആ പുലയച്ചെറുക്കനുമായുള്ള നിന്റെ കൂട്ട് ഇനി വേണ്ട. തൊട്ടാൽ കുളിക്കേണ്ട ജാതീടെയൊക്കെ തോളിൽ കൈയിട്ടല്ലേ നിന്റെ നടപ്പ്? എനിക്കതിഷ്ടമല്ല. എനിക്കെന്നല്ല ഇവിടെ ആർക്കും! ഇതൊക്കെ പറഞ്ഞിട്ടു വേണോ അറിയാൻ?

പുലയച്ചെറുക്കനും അവന്റെ സ്നേഹത്തിനും എന്താണ് കുഴപ്പം? നമ്പൂരി പറയുന്നതും അച്ഛൻ പറയുന്നതും തമ്മിൽ എന്താണ് വ്യത്യാസം.

തെറ്റിനോടും തിന്മയോടും എതിർത്തു നിൽക്കുന്ന തന്റെ മനസ്സ് അന്ന് അച്ഛനു മനസ്സിലാവുമായിരുന്നില്ലെന്ന് പിന്നീട് ഗുരുദേവൻ ഓർക്കാറുണ്ടായിരുന്നു. അതങ്ങനെയാണ്. സ്വന്തം തെറ്റുകൾ ചിലർക്ക് മനസ്സിലാവുകയില്ല.

ചിലപ്പോൾ പറയും എല്ലാവരും ദൈവത്തിന്റെ മക്കളാണെന്ന്. ചിലപ്പോൾ പറയും ചിലരിൽനിന്ന് അകന്നുനിൽക്കണമെന്ന്. ചിലപ്പോൾ പറയും ചിലരെ അകറ്റി നിർത്തണമെന്ന്. എന്താണ് ഇതിന്റെയൊക്കെ അർത്ഥം? എന്തു നീതിയാണിത്? ഈ വേർതിരിവും വിവേചനവും കണ്ട് ദൈവം നിസ്സംഗനായിരിക്കുന്നതെന്തുകൊണ്ട്?

ആ ഇളംപ്രായത്തിൽത്തന്നെ ഹൃദയത്തിൽനിന്ന് ചോദ്യങ്ങൾ ഉയർന്നുവന്നത് ഗുരുദേവൻ ഓർക്കുന്നു.

ഒരിക്കലേ അച്ഛൻ തല്ലിയിട്ടുള്ളൂ. പുലയരുടെ വീട്ടിൽനിന്ന് കഞ്ഞി കുടിച്ചതിന്. ആടിനെ തീറ്റാൻ മലഞ്ചരിവിലേക്കു പോകുമ്പോൾ വഴിയരികിലുള്ള കുടിലിലേയ്ക്കു നോക്കി. കലം നിറഞ്ഞ് അടുപ്പിൽ നിന്ന് കഞ്ഞി തിളച്ചു തൂവുന്നു. എവിടെ പോയി തേവന്റെ അമ്മ? ഉരിയോ നാഴിയോ ഇട്ട് തിളപ്പിക്കുന്നതാവും. അത് തിളച്ചു തൂവിപ്പോയാൽ പിന്നെ ബാക്കി എന്തുണ്ടാവും കലത്തിൽ? ആടിനെ വഴിയരികിൽ കെട്ടിയതിനുശേഷം കടമ്പ കടന്ന് അകത്തേക്കു ചെന്ന് തവിയെടുത്ത് കഞ്ഞി ഇളക്കി. അപ്പോൾ തിള താണു. ചോറ് ഞെക്കി നോക്കിയപ്പോൾ ഒരു തിളയ്ക്കുകൂടി വേവുണ്ടെന്ന് തോന്നി. ചുള്ളിവിറകുകൾ ഒടിച്ചുവച്ച് കെടാൻ തുടങ്ങുന്ന തീ ഊതികത്തിക്കുമ്പോഴേയ്ക്കും തേവന്റെ അമ്മ വന്നു. ''അയ്യോ, എന്റെ തൈവേ, ആരാ ഇതെ'ന്ന് ചോദിച്ച് തേവന്റെ അമ്മ തലയിൽ കൈവച്ചു. അപ്പോഴേയ്ക്കും എവിടെനിന്നോ തേവനും വന്നു. 'ഒരു കൂട്ടം കാണിച്ചുതരാ'മെന്നു പറഞ്ഞ് അവൻ

പറമ്പിലേക്ക് വിളിച്ചു. എന്തത്ഭുതം കാണാനാവോ അവൻ വിളിക്കുന്നത്?

പറമ്പിന്റെ അതിർത്തിയിൽ നിൽക്കുന്ന മരത്തിന്റെ പൊത്തിൽ ഏതോ കിളി ഇട്ടുവച്ച ഇളംനീല കലർന്ന മുട്ട അവൻ പൊക്കിയെടുക്കാൻ തുടങ്ങിയപ്പോൾ വിലക്കി:

“തേവാ, അരുത്. അതവിടെ ഇരുന്നോട്ടെ, അതെങ്ങാൻ പൊട്ടിപ്പോയാൽ ആ അമ്മക്കിളി കരഞ്ഞു കരഞ്ഞ്....”

തിരിയെ വരുമ്പോൾ തേവന്റെ അമ്മ അവന് കഞ്ഞി വിളമ്പുകയായിരുന്നു. വെന്ത കഞ്ഞിയുടെ കൊതിപ്പിക്കുന്ന മണം. തേവന്റെ അടുത്തുചെന്നിരുന്ന് അവന്റെ അമ്മയോടു പറഞ്ഞു:

“എനിക്കും വിശക്കുന്നുണ്ട്.”

“എന്റെ തൈവേ, ഞാനെന്താ ചെയ്യണ്ടെ' എന്നു ചോദിച്ച് തേവന്റെ അമ്മ തലയിൽ കൈവച്ചു. ആരെങ്കിലും കണ്ടാലോ എന്നായിരുന്നു അവരുടെ പേടി. തേവന്റെ ഒപ്പമിരുന്ന് വയൽവാരത്തെ ചെറുക്കൻ കഞ്ഞി കുടിയ്ക്കുന്നത് വഴിയേ പോയ ആരോ കണ്ടു. സന്ധ്യയ്ക്ക് വീട്ടിൽ ചെല്ലുമ്പോൾ കലികൊണ്ടു നില്ക്കുകയായിരുന്നു അച്ഛൻ. ‘പുലമാടത്തീന്ന് കഞ്ഞി കുടിച്ചോടാ’ എന്നു ചോദിച്ച് പുളിവാറിന് അഞ്ചാറടി! പിന്നെ ‘കുളിച്ചുവന്നേ വീട്ടിൽ കേറാവൂ’ എന്നുപറഞ്ഞ് മുറ്റത്തിനു താഴേയ്ക്ക് ഉന്തുകയും ചെയ്തു.

പടിക്കെട്ടുകളിറങ്ങി വയലിറമ്പിലെ കുളത്തിലേയ്ക്കു നടക്കുമ്പോൾ പിന്നിൽ അച്ഛന്റെ ദേഷ്യം പിന്നെയും പൊട്ടിത്തെറിച്ചു:

“ഇവൻ എങ്ങനെയായിത്തീരുമെന്ന് ആർക്കറിയാം! വിശ്വാസങ്ങളും കീഴ്‌വഴക്കങ്ങളും ലംഘിച്ചല്ലേ അവന്റെ നടപ്പ്? പഴയ നിയമങ്ങൾ തിരുത്താൻ ഇവനാര് മിശിഹായോ?”

(നാരായണീയം, പെരുമ്പടവം)

## പഴയ ആചാരങ്ങൾ തിരുത്താൻ സുപ്രീംകോടതിയാര്? പിണറായി ആര്?

പോലീസ്സാർ-cpm ആര്.....? എന്നല്ലേ നമ്മുടെ സംഘപരിവാര വാനര താമരശിവ, രാമസേനകളെല്ലാമിപ്പോൾ ശബരിമലയേറി ചോദിച്ചുകൊണ്ടിരിക്കുന്നത്! കേരളത്തിൽ നവോത്ഥാനത്തിന്റെ വിത്തുപാകിയവരിൽ മുമ്പൻ ശ്രീനാരായണഗുരുതന്നെ. വിലക്കുകളേയും ആചാരങ്ങളേയും അദ്ദേഹം ലംഘിച്ചത് ലിസ്റ്റെടുത്ത് പേരുചൊല്ലിത്തന്നെയായിരുന്നു. സമൂഹം മുന്നോട്ടു പോകണമെങ്കിൽ പഴയ കീഴ്മര്യാദകൾ തിരുത്തപ്പെട്ടേ പറ്റൂ. അന്തക്കാലത്തിന്റെ ആചാരങ്ങൾ പുതിയ കാലത്തിനു ചേരുകയുമില്ല. ഒന്നു ശാസിക്കുക, ഒട്ടൊന്നു ശപിക്കുക. ഇതൊന്നും കൂടാതല്ലേ ഒരു വ്യഭിചാരിണിയെ യേശുക്രിസ്തു വെറുതേ വിട്ടത്. വഴിപിഴച്ചോളെ കല്ലെറിഞ്ഞു കൊല്ലണം. അന്നത്തെ ആചാരം അതായിരുന്നു. മറ്റൊരിക്കൽ ശിഷ്യന്മാരോടൊത്ത് അദ്ദേഹം സിനഗോഗിൽ ചെന്നു. നല്ല വിശപ്പുണ്ട്. കിട്ടിയ അപ്പമെടുത്തുതിന്നു. അതെടുത്തു കഴിപ്പാനവകാശം മൂപ്പച്ചന്മാർക്കുമാത്രമായിരുന്നു. കടുത്ത ആചാര ലംഘനമാണദ്ദേഹം നടത്തിയത്. പഴകി ജീർണ്ണിച്ച നിയമങ്ങൾ മാറ്റിയെഴുതിയാലേ സമൂഹത്തിന് കാലത്തിനൊപ്പം പരിഷ്ക്കരിക്കപ്പെടാനാവൂ. നാരായണ ഗുരുവും ചട്ടമ്പി സ്വാമികളും അയ്യങ്കാളിയും പണ്ഡിറ്റ് കെ.പി. കറുപ്പനും. അങ്ങനെ പലരുമന്ന് ചെയ്തത് അതുതന്നെയായിരുന്നു.

“അവർണ്ണർക്ക് പൊതുനിരത്തുകളുടെ ഉപയോഗം




നിഷേധിക്കപ്പെട്ടിരുന്നു. ഒരു നായരെ അയിത്തമാക്കത്തക്കവണ്ണം നടന്നുപോകുന്ന അവർണ്ണനെ നായർ ഉടൻ തന്നെ വെട്ടിതുണ്ടമാക്കും. അയിത്തജാതിക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി അവർ അരയ്ക്കുമീതേ നഗ്നത മറച്ചുകൂടെന്നു നിർബ്ബന്ധമായിരുന്നു. ചെരിപ്പ്-കുട-വിശേഷാൽ വസ്ത്രങ്ങൾ-വിലപിടിച്ച ആഭരണങ്ങൾ എന്നിവയൊന്നുമവർ ധരിച്ചുകൂടാ. ആഘോഷവേളകളിൽ കുടചൂടുവാനുള്ള അവകാശം ബ്രാഹ്മണർക്കുമാത്രമായിരുന്നു. മറ്റുള്ളവർ ശക്തിയായ് മഴപെയ്യുമ്പോൾപോലും കുട ചൂടിക്കൂടാ. മേൽജാതിക്കാരോടുള്ള ബഹുമാനം കാണിക്കുവാൻ കീഴ്ജാതിയിൽപ്പെട്ട സ്ത്രീ കാണിക്കേണ്ട ഉപചാരം വക്ഷസ്സിൽനിന്നും തുണിയെടുത്തു മാറ്റുക എന്നതാണ്” (ആചാരാനുഷ്ഠാനകോശം-പ്രൊ. പി.സി. കർത്താ)

## ആർത്തവം അശുദ്ധിയല്ല; ആചാരം ഇരുമ്പുലക്കയല്ല

ഏതെങ്കിലും ആചാരം തനിയെ അങ്ങട്ട് കെട്ടിയെടുത്തോളും എന്നാരും കരുതണ്ട. ആരെങ്കിലുമത് നിർത്താൻ തുനിഞ്ഞാൽ ഭക്തന്മാർ എന്നെങ്കിലും സമ്മതിക്കുമോ? മതഭക്തിയിൽനിന്ന് മാനവികതയുടെ യുക്തിയിലേക്കു വളർന്നതുമൂലമാണ് വി.ടി. ഭട്ടതിരിപ്പാട് സ്വന്തം സമുദായത്തിലെ മനുഷ്യവിരുദ്ധമായ ആചാരങ്ങൾക്കെതിരെ തിരിഞ്ഞത്. നമ്പൂരിയെ മനുഷ്യനാക്കിയെടുക്കാൻവേണ്ടി അദ്ദേഹവും കൂട്ടുകാരും പെട്ടപാടേ! അതുകൊണ്ടെന്താ? അന്തർജ്ജനത്തിൽനിന്ന് മറക്കുടയും ഘോഷയും മടങ്ങിപ്പോയി. നായർ പെണ്ണുങ്ങളുടെ സംബന്ധക്കാരനെന്ന അസംബന്ധവും ചുമന്ന് അലഞ്ഞുതിരിഞ്ഞിരുന്ന നൂറുകണക്കിന് അഫ്ഫന്മാർക്ക് അന്തർജ്ജനങ്ങളെത്തന്നെ വേളികഴിക്കാൻ പറ്റി. ഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം, നാരായണഗുരുവും കൂട്ടരും നടത്തിയ സമുദായ-സാമൂഹ്യ പരിഷ്ക്കരണങ്ങൾ, അതിനു പിന്നാലെ രാഷ്ട്രീയ സമരങ്ങളു

മായ് കമ്മ്യൂണിസ്റ്റുകൾ.... കേരളം നവോത്ഥാനത്തിലേക്കു കടന്നത് ഇങ്ങനെയൊക്കെയാണ്.

ശബരിമലയിൽ മലപോലെ കുറുകെ നിൽക്കുന്ന പ്രശ്നം എന്താണ്? മലകയറാനായ് മാലയിട്ടാൽ അയ്യപ്പന്മാർ 41 ദിവസം വ്രതമെടുക്കണം. യുവതികൾക്ക് 41 ദിനം തുടർച്ചയായ് ഇതാചരിക്കാൻ കഴിയുകയില്ല. ആർത്തവം എന്ന മാരണം അതിനിടയ്ക്ക് കെട്ടിയെടുക്കുന്നുണ്ടല്ലോ. ഈ 41 ദിവസത്തിന്റെ കണക്കെന്താണ്? മലയാളം കാലഗണന പ്രകാരം 27 നക്ഷത്രങ്ങളാണുള്ളത്. എന്നുവച്ചാൽ 27 ദിവസം കൂടുന്നതാണ് ഒരു ചാന്ദ്രമാസം. അങ്ങനെ 12 ചാന്ദ്രമാസത്തിന് 324 ദിനം. 365 ൽനിന്ന് 324 കിഴിക്കുക. ശിഷ്ടം 41. ഇതാവും 41 ദിനവ്രതമെടുപ്പിനു പിന്നിലെ ആചാരപരത. ഒരു യുവതിക്ക് അയ്യപ്പസ്വാമിയെ ദർശിച്ച് സായൂജ്യം നേടണമെന്ന് ആഗ്രഹവും അതിനുതക്ക ഭക്തിയും അടിയുറച്ച വിശ്വാസവുമുണ്ടെങ്കിൽ ആർത്തവം എന്ന ഒറ്റക്കാരണംകൊണ്ട് അവളെ തടയുന്നത് ന്യായമാണോ? പുരുഷന്മാർ കൈയ്യടക്കിവാണിരുന്ന എല്ലാ മേഖലകളിലുമിന്ന് സ്ത്രീകൾ എത്തിക്കഴിഞ്ഞു, കഴിവ് തെളിയിക്കുന്നുമുണ്ട്. മതങ്ങളെ വരഞ്ഞിട്ടതാര്? മനുഷ്യൻ. ആചാരങ്ങളും കീഴ്‌വഴക്കവും ഉണ്ടാക്കിയതാര്? അതും മനുഷ്യൻ. എങ്കിൽപ്പിന്നെയവകളെ നമുക്കു മാറ്റാവുന്നതല്ലേയുള്ളൂ. അഭിപ്രായം മാത്രമല്ല ആചാരവും ഇരുമ്പുലക്കയൊന്നുമല്ല. ശുദ്ധാശുദ്ധങ്ങൾ ആർത്തവത്തിൽ വച്ചുകെട്ടുന്നതെന്തിനാണ്? ആർത്തവം അശുദ്ധിയാണെങ്കിൽ ആ അശുദ്ധിയിലൂടെ പെൺജനം കടന്നുപോരുന്നതു മൂലമല്ലേ യാചകനും കീചകനും മന്ത്രിയ്ക്കും തന്ത്രിയ്ക്കും രാജാവിനും താപസനും വൈയാകരണനുമൊക്കെ ജന്മം ലഭിച്ചത്. സ്ത്രീയോട് നമുക്കുള്ള കടം എന്നെങ്കിലും വീട്ടിത്തീർക്കാനാവുമോ!

## രാഹുലര് ഗാന്ധിയര്: രാഹുലര് ഈശ്വരര്

സഫാരി ടി.വി.യിൽ എന്നും "around the world in 30 minutes" അവതരിപ്പിക്കുന്ന രാഹുൽ ഈശ്വരരെ എനിക്കറിയാം. എന്നാൽ മൂത്രം വിട്ട് ചോരയിറ്റിച്ച് ശബരിമല നട അശുദ്ധമാക്കാൻ നിന്ന ഈശ്വരരെ ഞാനറിയില്ല. ഈ തമോമൂർത്തിയെ എനിക്കറിയണ്ട, കാണണ്ട. യുവതികൾ കയറി അശുദ്ധമാക്കും മുമ്പേ തന്റെ വക ഒരു അശുദ്ധികലശം! അയ്യപ്പസ്വാമിയുടെ ബ്രഹ്മചര്യം സംരക്ഷിപ്പാൻ ഓരോരോ ബുദ്ധിഭ്രമങ്ങളേ! ഇങ്ങേർക്കൊപ്പം കൂടിയതുകൊണ്ടല്ലേ ആ ബൽറാം ഓർമ്മിപ്പിച്ചത്: നമ്മുടെ നേതാവ് രാഹുൽ ഈശ്വരല്ല, രാഹുൽ ഗാന്ധിയാകുന്നു. മതമില്ലാത്ത ജീവൻകാരും മതത്തിന്റെ പേരിൽ മതിഭ്രമം ബാധിച്ച ജീവൻകാരും തമ്മിലിടഞ്ഞു തീപ്പൊരി പാറുന്നതിനിടയ്ക്കു പെട്ടുപോയ കോൺഗ്രസ്സിന്റെ ഗതികേടേ! രാഹുൽഗാന്ധിയെ കേൾക്കണോ, രാഹുൽ ഈശ്വരരെ കേൾക്കണോ അതോ സുപ്രീം കോടതി വിധി അനുസരിക്കണമോ.... എന്താണു വേണ്ടതെന്നറിയാതെ ആ കലത്തിലും ഈ കലത്തിലും തലയിട്ട് വിശ്വാസിക്കൊപ്പം കൂടാൻ പാടുപെടുകയാണവർ. ചെന്നിനായകനും കൂട്ടരും ഇത്രയ്ക്കങ്ങ് അധഃപതിക്കുമെന്ന് നമ്മളാരും കരുതിയതല്ല. ആർത്തവകാലമെന്നത് സ്ത്രീകൾക്കാകെയൊരു അലോസര സമയമാകുന്നു. ആ വേളയിലൊരു പെണ്ണും മലകയറാൻ മുതിരില്ല. പിന്നെന്തിനാണാവോ ഈ കോലാഹലം. ആർത്തവം കഴിഞ്ഞിട്ട് യുവതികൾ മലചവിട്ടിക്കോട്ടെ. 41 ൽ നിന്ന് അവർക്കൊരു 10 ദിവസം ഇളവനുവദിച്ചുകൂടേ തന്ത്രിമാരേ! എന്തായാലും ആ സരിതാമാഡം ഒന്നു മല ചവിട്ടാൻ വന്നെങ്കിലെന്ന് ഞാനാശിക്കയാണ്. എങ്കിലീ പ്രശ്നം വല്ലതും വല്ലോരും സൃഷ്ടിക്കുമായിരുന്നോ....? ശബരിമലയിലെ കോടതിവിധി സ്ത്രീകൾക്കു ലഭിച്ച ഒരമൂല്യ സമ്മാനമാണ്. ഇരുകൈയ്യും നീട്ടി അതു സ്വീകരിക്കുന്നതിനുപകരം സ്ത്രീകൾതന്നെ സംഘടിച്ചു നാമജപിച്ച് സ്ത്രീകളെ തടയുന്നതും ആക്രമിക്കുന്നതും കാണുമ്പോൾ ഇതു നിങ്ങളുടെ തലവിധിയെന്നേ ഞാൻ പറയുന്നുള്ളൂ. സ്ത്രീക്കു ശത്രു പുരുഷനല്ല സ്ത്രീ തന്നെയാണെന്നും നമ്മൾ കാണുന്നു. നേരിനുനേരേ വരുന്ന ഓരോ കല്ലിനേയും കഥയാക്കിയ ആളാണ് മാധവിക്കുട്ടി എന്നു ഞാൻ വായിച്ചിട്ടുണ്ട്. ഇന്ന് നേരിനു നേരേ പാഞ്ഞുവരുന്ന കല്ലുകളെ കഥയാക്കാൻ അവരില്ല. അതിനാലത് നേരേ പാഞ്ഞുചെന്ന് നേരിന്റെ പക്ഷം നിൽക്കുന്നവരുടെ ചങ്കുപിളർത്തുമെന്നാ തോന്നണെ.

## 3 കോടതിവിധി, 3 മതം-കാകനും പട്ടേലരും

ഒന്നാം കോടതിവിധി-ഒന്നാം മതം: ഹാദിയയെ വരിഞ്ഞുമുറുക്കിയ ചതിക്കെട്ട് കോടതി അഴിച്ചുവിടുന്നു. വ്രണപ്പെട്ട മതവികാരവും പൊക്കിപ്പിടിച്ചുകൊണ്ടാണ് so called വിശ്വാസികൾ റോഡിലേക്ക് അടപടലം ചാടിവീണത്. മാർച്ച്-തട്ടിമറിക്കൽ-കല്ലേറ്-കോടതിക്കു നേരേ ഭീഷണി-അടിപിടി.... രണ്ടാം കോടതിവിധി-രണ്ടാം മതം: കന്യാസ്ത്രീയമ്മമാരുടെ കുളിതെറ്റിച്ചെന്നും പറഞ്ഞല്ലേ ഫ്രാങ്കോ ബിഷപ്പിനെ കോടതി കഴുത്തിനു പിടിച്ച് ജയിലിലേക്കു തള്ളിവിട്ടത്. മൂന്നാഴ്ച കഴിഞ്ഞാറെ പുള്ളിക്ക് വിമോചന ദൈവശാസ്ത്രം അനുവദിച്ചുകിട്ടി. മതവികാരം വ്രണപ്പെട്ട so called പാലാ വിശ്വാസികൾ തെരുവിലേക്ക് ഇടന്തടി ചാടി ത്തകർത്തു. മുട്ടുകുത്താൻ ചിലർ, കൈവിരിക്കാൻ ചിലർ. കുരവയിട്ട് ഓശാന പാടി പൂചൂടി അങ്ങേരെ എതിരേറ്റുകൊണ്ടുപോകാൻ പലർ. സ്വാതന്ത്ര്യസമരത്തിന് അഴിയെണ്ണിയ ഗാന്ധിക്കോ നെഹ്റുവിനോപോലും ഇമ്മാതിരിയൊരു ഘടാഘടിയൻ വരവേല്പ് കിട്ടിക്കാണില്ല. മൂന്നാം കോടതി വിധി-മൂന്നാം മതം: ഇനി മുതൽ യുവതികൾക്കും ശബരിമലയിൽ ചെന്നു പ്രാർത്ഥിക്കാമെന്ന് കോടതി തീർപ്പാക്കുന്നു. അവർക്കത് ഇന്നലെവരെ ബാലികേറാമല. തൽക്ഷണംതന്നെ so called വിശ്വാസികൾക്ക് മതവികാരം കേറിയങ്ങു കുരുപൊട്ടി വ്രണീഭവിച്ചു. സന്നിധാനത്ത് അവർ നടത്തുന്ന കൂത്ത്-കൂടിയാട്ടം-എളകിയാട്ടം-ഓട്ടൻതുള്ളൽ തുടങ്ങിയ കൾച്ചറൽ പ്രോഗ്രാമാണ് (അതോ കച്ചറ പ്രോഗ്രാമോ) നമ്മൾ ഡെയ്‌ലി ലൈവായ് ആസ്വദിച്ചുവരുന്നത്. ശശികല ടീച്ചർ, രാഹുലര് ഈശ്വര



ര്-സുരേന്ദ്രന്‍-ശോഭാസുരേന്ദ്രന്‍-തില്ലങ്കേരി... എന്നിങ്ങനെ എത്രയെത്ര കോറിയോഗ്രാഫേഴ്സ്....! cpmന്റെ ഇങ്കിലാബ് സിന്ദാബാദിനു കട്ടക്കട്ടവയ്ക്കാന്‍ പുത്തന്‍ മുദ്രാവാക്യം പിറന്നു-സ്വാമിയേശരണമയ്യപ്പാ. കൂടാതെ മുക്കിനും മൂലയ്ക്കും ഓരത്തും വരമ്പത്തും നാമജപമേളകളും. കൃതയുഗത്തില്‍ തപസ്സും ത്രേതായുഗത്തില്‍ യജ്ഞവും ദ്വാപരയുഗത്തില്‍ ബിംബാരാധനയും കലിയുഗത്തില്‍ നാമോച്ചാരണവും-ഇതാണ് നമ്മള്‍ അനുഷ്ഠിക്കേണ്ട യുഗധര്‍മ്മം. മറിച്ച് മാധ്യമസന്നിധിയിലും പോലീസ് നടയിലും കുത്തിയിരുന്നു കൊടിപിടിച്ചു നടത്തേണ്ട ഐറ്റമല്ല നാമജപം. എന്തോ, നാമജപത്തിന്റെ അന്തഃസത്ത കെട്ടുപോകുന്ന പ്രതീതി. കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിലിപ്പോള്‍ അലമ്പുണ്ടാക്കുന്നതിനെ മതങ്ങള്‍ കൊട്ടേഷന്‍ ഏറ്റെടുത്തിരിക്കുന്നപോലെ.

ഇവിടെ കല്ല്യാണാഘോഷം, അവിടെ പാലുകാച്ച്! ഇവിടെ ബഹളം കൊടുമ്പിരിക്കൊള്ളുന്നതിനിടയിലാണ് അങ്ങുദൂരെ ഗുജറാത്തില്‍ ചെന്ന് പട്ടേല്‍ പ്രതിമ നാട്ടി ചാണകവെള്ളവും തളിച്ച് വിമലനായ് മോഡിജി മടങ്ങിയത്. മൂവായിരം കോടിയാണീ വിഗ്രഹത്തിന്റെ മതിപ്പുചെലവെന്നും 182 മീറ്റര്‍ നീട്ടമുള്ള ഇങ്ങേരാണ് ലോകത്തിലേക്കും വലിയ പട്ടേലരെന്നും പറഞ്ഞുകേള്‍ക്കുന്നുണ്ട്. ഇന്നത്തെ മാര്‍ക്കറ്റ്‌വാച്ച് പ്രകാരമാണെങ്കില്‍ ഒരു മുന്നൂറുകോടി തന്നെ അത്യധികമാണ്. അതിനപ്പുറം നമുക്ക് താങ്ങാനാവുന്നതല്ല. അപ്പോഴാണ് കടലിലേക്കു മണ്ണിടുംപോലെ മൂവായിരംകോടി വെറുതേ തൊലച്ചുകളഞ്ഞതെന്ന് എതിരാളി പാണന്മാര്‍ പാടി നടക്കുന്നത്. കാക്കയ്ക്കു തൂറാനോ മൂവായിരം കോടിയുടെ പട്ടേല്‍, എന്നവര്‍. ഒറ്റ ആക്കത്തില്‍ കാക്കയ്ക്ക് എത്തിപ്പെടാന്‍ പറ്റുന്ന ശരാശരി ഉയരം 175 മീറ്ററാണെന്നത്രേ മോദി ഭക്തന്മാരുടെ കണ്ടുപിടുത്തം. അതിനാല്‍ എങ്ങനാ കാകന്‍ പട്ടേലരുടെ മോന്തയിലേക്കു രണ്ടിനു പോവുക! അസാദ്ധ്യം. മോദിവിരുദ്ധന്മാര്‍ക്ക് അതിനുമുണ്ടുത്തരം. കാകനുവേണമെങ്കില്‍ 175 മീറ്റര്‍ പിന്നിട്ട ശേഷം 5 മിനിറ്റ് ബ്രേക്കെടുക്കാം. അതിനുശേഷം ബാക്കി ഏഴുമീറ്റര്‍ പുഷ്പംപോലെ മറികടക്കാവുന്നതേയുള്ളു. കാര്യം സാദ്ധ്യം തന്നെ. അതെന്നതായാലും കാഷ്ഠിപ്പാന്‍വേണ്ടി മാത്രമായിട്ട് ഏതെങ്കിലും കാക്ക അത്ര ഉയരം താണ്ടുമെന്നു തോന്നണില്ല. മലം പിടിച്ചുവയ്ക്കുന്ന ഏര്‍പ്പാട് പക്ഷിമൃഗാദികള്‍ക്ക് പണ്ടേയില്ല. എവിടെവച്ച് എപ്പോഴാണോ ശോധനാവിളിയുണ്ടാകുന്നത് അപ്പോള്‍ത്തന്നെ അവര്‍ ആചാരം നടപ്പാക്കിക്കൊള്ളും.

പിന്നെ അവര്‍ണ്ണനാണെന്നുവച്ച് എന്റെ കാകനെ ഇത്രയ്ക്കാരും ആക്ഷേപിക്കണ്ട. സവര്‍ണ്ണപട്ടേലരെ കൊച്ചാക്കാന്‍ അവര്‍ണ്ണനെത്തന്നെ മലവുമായ് പൊക്കിവിടാന്‍ ആര്‍ക്കാണാവോ ഇത്ര നിര്‍ബ്ബന്ധം? ആട്ടെ അവന്‍ മാത്രമേ കാഷ്ഠിക്കുന്നുള്ളോ. മയിലിന്റെയും കുയിലിന്റെയും കിഴുത്തേന്ന് എന്താ പഞ്ചാമൃതമാണോ ചാടിവരാറുള്ളത്....!

## വീരനും ദേവനും മാറിമാറിച്ചതിച്ച ഒരു നരജന്മം

''കാരുണ്യവാനായ അല്ലാഹുവിന്റെയടുക്കല്‍ അമുസ്ലീങ്ങള്‍ക്കു സ്ഥാനമില്ല. അന്ത്യനാളില്‍ അവര്‍ സിറാത്തിന്റെ പാലം ഒരിക്കലും കടക്കയില്ല. അവര്‍ ചെകുത്താന്റെ കൂടെ അന്തിയുറങ്ങേണ്ടവരാണ്. 5 നേരം നമസ്ക്കരിച്ചു നമ്മള്‍ക്കുവേണ്ടി കാവല്‍ തേടുന്ന മുഷ്മിനായ കെ. മുഹമ്മദ്ഷാജിയെന്ന കെ.എം. ഷാജി വിജയിക്കാന്‍ എല്ലാമു അ്മീനിങ്ങളും അല്ലാഹുവിനോടു പ്രാര്‍ത്ഥിക്കുക....'' അഴീക്കോടുനിന്നു വിജയിച്ച കെ.എം. ഷാജിയുടെ തിരഞ്ഞെടുപ്പു പ്രചാരണത്തിന് വിതരണം ചെയ്തു എന്നു പറയപ്പെടുന്ന നോട്ടീസില്‍ നിന്നുള്ള ചില വാക്യങ്ങളാണിവ. അമുസ്ലീമിനു വോട്ടു ചെയ്യരുത്, തനിക്കാണതു നല്‍കേണ്ടതെന്ന് മുസ്ലീങ്ങളോടാഹ്വാനിച്ച ഷാജി അമുസ്ലീങ്ങളുടെ വോട്ട് തനിക്കുവേണ്ടാന്നുകൂടി പറയണമായിരുന്നു. എന്നാലല്ലേ കാര്യങ്ങള്‍ക്കൊരു ലോജിക്കുണ്ടാവൂ. അതുണ്ടായില്ല. ബഹുഭൂരിപക്ഷം അമുസ്ലീം വോട്ടുകൊണ്ടുതന്നെയാണു താന്‍ ജയിച്ചു കയറേണ്ടതെന്ന് ഷാജി ഓര്‍ക്കണമായിരുന്നു. പിന്നെ കാരുണ്യവാനായ അല്ലാഹുവിന്റെയടുക്കല്‍ അമുസ്ലീമിനു സ്ഥാനമില്ലാന്നുറപ്പാക്കുമ്പോള്‍ പൊളിഞ്ഞുവീഴുന്നത് ആ കാരുണ്യസങ്കല്‍പ്പം തന്നെയല്ലേ. സര്‍വശക്തനും സര്‍വ വ്യാപിയും സ്രഷ്ടാവും പ്രപഞ്ചനാഥനുമാണ് അല്ലാഹുവെങ്കില്‍ ആ കാരുണ്യം മുസ്ലീമിനു മാത്രമായ് പരിമിതപ്പെടുത്തുന്നതില്‍ എന്തു ന്യായീകരണമാണുള്ളത്. മുസല്‍മാനല്ലാത്തവര്‍ സിറാത്തിന്റെ പാലം കടക്കില്ല, രാപാര്‍ക്കേണ്ടത് ചെകുത്താനോടൊപ്പമാണ് എന്നൊക്കെയുള്ള ധാരണകളില്‍ കാരുണ്യ സ്പര്‍ശം തരിമ്പുപോലുമില്ലല്ലോ മിസ്റ്റര്‍ ഷാജീ.

അന്ന് വി.എസ്. മന്ത്രി സഭയിലിരുന്ന മാത്യു. ടി. തോമസ്സിനെ വീരന്‍ ചതിച്ചു. ഇപ്പോഴിതാ പിണറായീ സഭയില്‍ നിന്ന് അങ്ങേരെ ദേവനും (ഗൗഡ) ചതിച്ചു പുറത്താക്കിയിരിക്കുന്നു. ചതികള്‍ ഏറ്റുവാങ്ങാനായ് നരയില്‍വെന്ത മാത്യുവിന്റെ നരജീവിതം പിന്നെയും ബാക്കി. ജനത ജയിക്കും ജനത ഭരിക്കും എന്നായിരുന്നല്ലോ 1977 ലെ ചുമര്‍ഭാഷണങ്ങളെല്ലാം. ജനതജയിച്ചു. എന്നാല്‍ ഭരിച്ചില്ല. ഭരിപ്പാന്‍ ജനതക്കാര്‍ സമ്മതിച്ചിട്ടുവേണ്ടേ. പിന്നീടു പല കഷ്ണങ്ങളായ് ചിന്നിച്ചിതറിയ ജനതയുടെ കേരളാ അടുപ്പിലും ഒറ്റ സാമ്പാറും അങ്ങുകേറി തിളയ്ക്കുന്നില്ല. പാപശാപങ്ങള്‍ ആചാരംപോലെ ആവര്‍ത്തിക്കപ്പെടുകയാണ്. ഇന്നലെമാത്രം മന്ത്രിയായ കൃഷ്ണന്‍കുട്ടിയെ തട്ടി, തനിക്കും മന്ത്രിയാവണം എന്നും പറഞ്ഞ് നാണുവാശാന്‍ എന്നിറങ്ങും? ലോകം ഉറ്റുനോക്കുന്നത് അതാണ്. സാമ്പാര്‍ കിടന്ന് എന്തിനുവേണ്ടിയെങ്കിലും തിളച്ചോട്ടെ. എങ്കിലും എന്തിനുവേണ്ടിയാ കൃഷ്ണന്‍കുട്ടി മന്ത്രിയായത്, അതുപറ.

താമരകളെ ഒരു കരയ്ക്കെത്തിപ്പാനായ് അമിത്ജി ത്രീശൂലത്തേല്‍ കൊളുത്തിയിറക്കിത്തന്ന ശ്രീധരന്‍പിള്ളയാകട്ടെ മണിക്കൂര്‍വച്ചാണിപ്പോള്‍ നിലപാടുമാറ്റുന്നത്. ആചാരം പാലിപ്പാനായ് യുവതികളെ തടുത്തും തടഞ്ഞും തുടങ്ങിവച്ച സമരമൊടുവില്‍ ഹജൂര്‍ നടയില്‍ വന്നു തെറുത്തുകയറി സര്‍ക്കാരിനെതിരെ തിരിയുകയായി. ശബരിമല സംരക്ഷണം-സ്വാമിയുടെ ബ്രഹ്മചര്യം കാത്തുസൂക്ഷിപ്പ്-ദേവസ്വം ബോര്‍ഡിന്റെ അനാസ്ഥ-പോലീസതിക്രമം എന്നിത്യാദി കുണ്ടാമണ്ടികള്‍ പൊക്കിപ്പിടിച്ച് കത്തിപ്പടര്‍ന്നതാണീ സമരം. ഇപ്പോഴാര്‍ക്കും യുവതികളെ വേണ്ട. അയ്യപ്പ ബ്രഹ്മചര്യം പോയാലെന്ത് നിന്നാലെന്ത്. ദേവസ്വം ബോര്‍ഡിനെ കാര്യമാക്കുന്നേയില്ല. പോലീസിനെ അവരുടെ വഴിക്കും വിട്ടു. ആചാരലഹളയും ആര്‍ത്തവലഹളയും ഇനി ഹജൂര്‍ കച്ചേരിനടയില്‍. ഇടതുസര്‍ക്കാരാണ് സഹ്യപര്‍വതം പോലെ മുന്നിലുള്ളത്. കൂടെക്കിതക്കാനും വെയിലേറ്റുവാടാനും ആ പി.സി. ജോര്‍ജീവരരെയും വഴിയില്‍നിന്നു കിട്ടിയിട്ടുണ്ട്. "ഒരുദിനം മാലയും കരിമുണ്ടുമായിനീ ശരണംവിളിച്ചു കൊണ്ടെത്തി...." ചുള്ളിക്കാട് അന്നിങ്ങനെ പറഞ്ഞത് ഈ പീ.സിയെക്കുറിച്ചായിരുന്നോ....! "അയ്യപ്പസ്വാമിയും യുവതികളും ഈ വീടിന്റെ ഐശ്വര്യം" എന്നത്രേ ജോര്‍ജീവരരുടെ ഗേറ്റില്‍ക്കണ്ട ഫലിതം; അല്ല ഫലകം എന്നു കേള്‍ക്കയുണ്ടായി. യുവതികളോടൊപ്പം പതിനെട്ടാം പടി കയറാന്‍ തീരുമാനിച്ച എന്നെപ്പിടിച്ച് ആ നാമജപക്കാര്‍ തല്ലിച്ചതച്ചില്ലെങ്കില്‍ നമുക്ക് അടുത്തവര്‍ഷം വീണ്ടും കാണാം.

കഥ/അനിൽ വേഗ

# ശ്രീധരന്റെ ആത്മാവ്

**ഇ**പ്പോൾ പുറം വേദനയില്ല.

കാലിന് മരവിപ്പില്ല.

മഞ്ഞുകൊണ്ടാൽ നീരുവീഴ്ചയില്ല.

നഗ്നനാണെങ്കിലും തണുപ്പറിയില്ല.

പരമ സുഖം.

ശ്രീധരൻ താൻ പതിവായി ഇരിക്കാറുള്ള ചാരുകസേരയിൽ ഇരുന്നു.

ഇപ്പോൾ അങ്ങനെ ഇരിക്കണമെന്നില്ല. ഒഴുകി നടക്കാം. താക്കോൽ ദ്വാരത്തിലൂടെപ്പോലും കടന്നുചെല്ലാം.



എങ്കിലും ഇത്രയും നാൾ ഇരുന്ന് സുഖിച്ച കസേരയെ മറക്കുന്നതെങ്ങനെ.

ഉമ്മറത്ത് ദേവിക ഇരിപ്പുണ്ട്. എവിടേയ്ക്കോ നോക്കി. കണ്ണീർ വറ്റിയമുഖം. അഴിഞ്ഞുലഞ്ഞ തലമുടി. പെട്ടെന്നുണ്ടായ ആഘാതം അവൾക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഇടയ്ക്കിടയ്ക്ക് അവൾ ചാരുകസേരയിലേക്ക് നോക്കി നെടുവീർപ്പിടുന്നുണ്ട്.

"മോളേ ദേവികേ നിന്റെ ശ്രീധരേട്ടൻ ഇവിടെ ഇരിപ്പുണ്ട്" എന്നയാൾ ഉറക്കെ പറഞ്ഞു.

പക്ഷേ ദേവിക അത് കേട്ടില്ല. സമയം സന്ധ്യയോടടുക്കുന്നു.

ഗേറ്റ് തുറക്കുന്ന ശബ്ദം.

രണ്ടുപേർ ആ ഉമ്മറത്തേക്ക് വന്നു.

ദേവിക സാവധാനം എഴുന്നേറ്റു. അവളുടെ ചുണ്ടിൽ വിഷാദദശായയുള്ള ഒരു മന്ദഹാസം.

വന്നവരെ ശ്രീധരന് മനസ്സിലായി. രവിയും മാധവനും. തന്റെ ചങ്ങാതിമാർ.

അവർ അവിടെ ഉണ്ടായിരുന്ന പ്ലാസ്റ്റിക് കസേരകളിൽ ഇരിപ്പുറപ്പിച്ചു.

ദേവിക അവരെയും നോക്കി ഒരു തൂണിൽ ചാരി നിൽക്കുകയാണ്. പാവം.

രവിയാണ് സംസാരിച്ചു തുടങ്ങിയത്.

"ദേവിക കുറച്ചുകൂടി പ്രാക്ടിക്കലാവണം. സംഭവിക്കാനുള്ളത് സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. ഇനി കുട്ടിയുടെ കാര്യം , വീട്ടുകാര്യം ഇതെല്ലാം ദേവിക വേണം നോക്കാൻ"

ദേവിക ഒന്നും മിണ്ടാതെ നിൽക്കുകയാണ്.

"ശ്രീധരൻ മരിച്ചിട്ട് ഇന്നേക്ക് ഏഴ് ദിവസം കഴിഞ്ഞിരിക്കുന്നു." മാധവൻ പറഞ്ഞതും ദേവി തേങ്ങിത്തുടങ്ങി. ശ്രീധരന് അതു കണ്ടിട്ട് വലിയ വിഷമമായി. എന്തു ചെയ്യാം ഇപ്പോൾ അവളെ സമാധാനിപ്പിക്കാനുള്ള അവസ്ഥപോലും തനിക്കില്ലാതെ പോയല്ലോ."

മാധവൻ പോക്കറ്റിൽ നിന്നും ഒരു സിഗരറ്റ് എടുത്ത് കത്തിച്ചു.

"മോൻ എവിടെ?"

"അവൻ വേലക്കാരി ജാനുവിനൊപ്പം അപ്പുറത്തുണ്ട്."

ദേവി മറുപടി പറഞ്ഞു.

വീണ്ടും നിശബ്ദത.

രവി ഇരുന്നിടത്തുനിന്നും എഴുന്നേറ്റു.

"സർവ്വീസിൽ ഇരുന്ന് മരിച്ചതു കൊണ്ട് ദേവിക്ക് ജോലി കിട്ടും. അടുത്ത ദിവസം ഓഫീസിലേക്ക് വരണം. ചില പേപ്പറുകളിൽ സൈൻ ചെയ്യണം."

ദേവിക സമ്മതഭാവത്തിൽ തലയാട്ടി.

ഞങ്ങളിറങ്ങുന്നു. രവി ആദ്യം ഇറങ്ങി. പുറകേ മാധവനും. ഗേറ്റ് അടച്ച് അവർ അപ്രത്യക്ഷരാകുന്നത് ശ്രീധരൻ കണ്ടു. അയാൾ വീണ്ടും ദേവികയെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോഴാണ് അയാൾക്കതിനൊക്കെ സമയം കിട്ടുന്നത്. ഓഫീസ്, കണക്കുകൾ, ചിലവുകൾ, ടെൻഷനുകൾ ഇവയ്ക്കിടയ്ക്ക് ഭാര്യയെ നോക്കാൻ എവിടെയാണ് സമയം. വിവാഹം കഴിഞ്ഞിട്ട് പത്തുവർഷം കഴിഞ്ഞെങ്കിലും ദേവിയുമായി താൻ ലൈംഗികബന്ധം പുലർത്തിയത് വിരലിൽ എണ്ണിതീർക്കാവുന്ന അത്രയും മാത്രം. ഹോ! താനെന്തൊരു വിഡ്ഢിയായ മനുഷ്യനാണ്. കണക്കുകളുടെ ലോകത്ത് ജീവിച്ച താൻ സുന്ദരിയായ ഭാര്യയെ മറന്നു. അവളുടെ ഇഷ്ടങ്ങളെ മറന്നു. എത്രയോ രാത്രികളിൽ അവൾ ദാഹത്തോടെ തന്നെ നോക്കുന്നത് കണ്ടിട്ടുണ്ട്. എത്ര ഊഷ്മളമാകുമായിരുന്നു ഇവരുവരുടേയും ജീവിതം.

ദേവിക സാവധാനം എഴുന്നേറ്റ് അകത്തേക്ക് നടന്നു. വായുവിൽ ഒഴുകി ശ്രീധരനും.

എത്ര താളാത്മകമാണ് അവളുടെ ചലനങ്ങൾ. ഇത്രയും നാൾ ഇതൊന്നും താൻ കണ്ടില്ലല്ലോ.

അവളെ പുറകിൽ നിന്നും ചുറ്റിപ്പിടിക്കാനും കോരിയെടുത്ത് അത്ഭുതപ്പെടുത്താനും അയാളുടെ കൈകൾ തരിച്ചു.

പക്ഷെ ശൂന്യമായ നിസ്സഹായതയിലേക്ക് അയാൾ അലിഞ്ഞുചേർന്നു.

അവൾ കുളിമുറിയിലേക്കാണ് പോയത്.

അപ്പോൾ വീണ്ടും ശ്രീധരന് ഒരാഗ്രഹം.

കൂടെ കയറിയാലോ. ശ്രീധരന് കൗമാരകാലത്ത് കുളിക്കടവിൽ കൂട്ടുകാരോടൊപ്പം കൈതക്കാട്ടിൽ മറഞ്ഞിരുന്ന് 'അർദ്ധനഗ്നത' കണ്ട് രസിച്ചത് ഓർമ്മ വന്നു.

ഛേ! താനെന്തൊക്കെയാണ് ചിന്തിക്കുന്നത്.

ഒരു വില്ലേജ് ഓഫീസറായി കഴിഞ്ഞ ദിവസം വരെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച താനാണോ...ഭാര്യയുടെ കുളിമുറിയിൽ നുഴഞ്ഞുകയറാൻ നോക്കുന്നത്. കഷ്ടം നാണക്കേട്. ആത്മാവിനും ആത്മാഭിമാനം വേണം എന്ന വാശിയിൽ ശ്രീധരൻ ഉമ്മറത്ത് വന്ന് ചാരുകസേരയിൽ വീണ്ടും ഇരുപ്പുറപ്പിച്ചു.

ഇതുവരെയുണ്ടാകാത്ത ആവേശത്തെക്കുറിച്ച് ഓർത്ത് ശ്രീധരന്റെ ആത്മാവ് അത്ഭുതം കൂറി. ശരീരമില്ലാതെ അന്തരീക്ഷത്തിൽ വിലയം പ്രാപിക്കാനുള്ള ജീവന്റെ തുടിപ്പാണതെന്ന സത്യം അത് മറന്നു പോയിരുന്നു.

കുളികഴിഞ്ഞ് ദേവി തിരിച്ചെത്തുന്ന ശബ്ദം ശ്രീധരൻ കേട്ടു. അയാൾ താക്കോൽ ദ്വാരത്തിലൂടെ ഉള്ളിൽ കടന്നു ചെന്നു.

ഈറൻ മാറാനായി മുടി തോർത്തിൽ കെട്ടിവച്ചിരിക്കുന്നു. പവന്റെ നിറമാണ് ദേവിക്ക്. പ്രായത്തിന്റെ ഇടിവ് തട്ടാത്ത ശരീരം. അവളുടെ ഓരോ അണുവിലും സൗന്ദര്യം തുടിച്ചുനിൽക്കുന്നതായി അപ്പോഴയാൾക്ക് തോന്നി. അവളുടെ ദേഹത്തുനിന്നും ഒരു പ്രത്യേക ഗന്ധം പരക്കുന്നതു പോലെ ശ്രീധരന് തോന്നി. അതേസമയം അതയാളെ വിഷമത്തിലാക്കുകയും ചെയ്തു. ഇത്രയും സവിശേഷതകൾ തന്റെ ഭാര്യയ്ക്ക് ഉണ്ടായിരുന്നോ. സത്യമായും ഇവളൊരു അപ്സരസ് തന്നെയാണ്. അത് തിരിച്ചറിയാതെ പോയ വിഡ്ഢി ഞാനും.

ഈ സമയം വേലക്കാരി ജാനു ഡൈനിംഗ് ഹാളിൽ ഭക്ഷണമെടുത്തു വച്ചിരുന്നു.

"നീയും മോനും കഴിച്ചിട്ട് കിടന്നുകൊള്ളു. ഞാൻ പിന്നീട് കഴിച്ചുകൊള്ളാം."

ദേവി പറഞ്ഞതുകേട്ട് ജാനു അടുത്ത മുറിയിലേക്ക് പോയി.

അയാൾ ആ മുറിയിലേക്ക് ഒഴുകിച്ചെന്നു.

ജാനു തന്റെ മകനെ ഉറക്കുന്ന കാഴ്ച അയാൾ കണ്ടു. ഒന്നുമറിയാത്ത കുട്ടി. അകാലത്തിൽ അച്ഛൻ നഷ്ടപ്പെട്ടതിന്റെ ദുഃഖമൊന്നും അവനിപ്പോൾ അറിയില്ല. കൂടുതൽ സമയം അവിടെ നോക്കിനിൽക്കാൻ അയാൾക്ക് കഴിഞ്ഞില്ല. അയാൾ ആ മുറിയിൽ നിന്നും പിൻവാങ്ങി.

അയാൾ തിരിച്ചുവന്നപ്പോൾ ദേവിയെ മുറിയിൽ കണ്ടില്ല. അയാൾ ഉമ്മറത്തേക്ക് ചെന്നു. അവിടെ കത്തിനിന്ന ട്യൂബ് അവൾ കെടുത്തിയിരിക്കുന്നു. അയാൾ നോക്കുമ്പോൾ ദേവി വരാന്തയിലെ പടിയിൽ തൂണും ചാരിയിരിക്കുകയാണ്. അയാൾക്കത് കണ്ട് വലിയ വിഷമമായി.

"ദേവി ഇങ്ങനെ പട്ടിണി കിടക്കാതെ. എന്തെങ്കിലും എടുത്ത് കഴിക്കാൻ നോക്ക്." എന്നയാൾ ഉറക്കെ പറഞ്ഞെങ്കിലും അവളത് കേട്ടില്ല.

സമയം കടന്നുപൊയ്ക്കൊണ്ടിരുന്നു. ദേവി ഒരു ശില പോലെ വിദൂരതയിലേക്ക് നോക്കിക്കൊണ്ട് ഇരിപ്പ് തുടരുകയാണ്.

ശ്രീധരന്റെ ആത്മാവ് ഇതുകണ്ട് ഉരുകിത്തീരുകയാണ്. അന്നുവരെ ഉണ്ടാകാത്ത നിർവ്വചിക്കാനാവാത്ത സ്നേഹം അയാൾക്ക് ഭാര്യയോട് തോന്നി. ജീവിച്ചിരുന്നപ്പോൾ ഭാര്യയ്ക്ക് യാതൊരു പരിഗണനയും താൻ നിൽകിയിരുന്നില്ലല്ലോ! ഒരു സിനിമയ്ക്കു പോലും കൊണ്ടുപോയിട്ടില്ല. നല്ല സാരിപോലും അവൾക്ക് വാങ്ങിക്കൊടുത്തിരുന്നില്ല. എന്തിനേറെ അവളുടെ ഒരു കാര്യവും താൻ ശ്രദ്ധിച്ചിരുന്നില്ലെന്ന് വേദനയോട് അയാൾ ഓർത്തു.

ക്ലോക്കിൽ എട്ടടിച്ചു. അകത്തെ മുറിയിൽ ജാനുവും കുട്ടിയും ഉറങ്ങിക്കഴിഞ്ഞു.

ഈ സമയത്ത് ഗേറ്റു തുറക്കുന്ന ശബ്ദം ശ്രീധരൻ കേട്ടു. അയാൾ ഇരുട്ടിലേക്ക് നോക്കി.

"ങേ! ഈ രാത്രിയിൽ ആരാണ് ഇവിടേക്ക് ഇനി കയറി വരുന്നത്?"

സഹായത്തിന് ആരുമില്ലാത്ത ഒരു സ്ത്രീ താമസിക്കുന്ന വീടാണെന്ന് അറിഞ്ഞ് വല്ല സാമൂഹ്യദ്രോഹികളും?

ശ്രീധരന് ആശങ്കയായി.

ഒരു നിഴൽരൂപം വീടിനു നേർക്ക് നടന്നടുക്കുന്നത് അയാൾ കണ്ടു. ഇരുട്ടു കാരണം അതാരാണെന്ന് അയാൾക്ക് മനസ്സിലായില്ല.

ആ രൂപം വരാന്തയിലേക്ക് കയറി.

വന്ന വ്യക്തിയെ തിരിച്ചറിഞ്ഞെന്നവണ്ണം ദേവി ഇരുന്നിടത്തുനിന്നും വേഗം എഴുന്നേറ്റു.

"എന്താണ് വരാൻ ഇത്ര താമസിച്ചത്?"

ദേവിയുടെ ശബ്ദത്തിൽ പരിഭവം.

"രവിയെ അവന്റെ വീട്ടിൽ വിട്ടിട്ടാണ് വരുന്നത്."

ആ ശബ്ദം ശ്രീധരൻ തിരിച്ചറിഞ്ഞു.

"മാധവൻ!" അവൻ എന്തിനാണ് തിരിച്ചു വന്നത്?

മാധവന്റെ കൈകളിൽ ദേവി പിടിച്ചിരിക്കുന്നത് ഒരു

ഞെട്ടലോടെ ശ്രീധരൻ കണ്ടു. അവർ രണ്ടുപേരും മുറിയിൽ കയറി വാതിലടച്ചു.

ശ്രീധരന് എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലായില്ല. പക്ഷേ അരുതാത്തത് എന്തോ സംഭവിക്കാൻ പോകുന്നതുപോലെ ഒരു തോന്നൽ അയാളിൽ ഉണ്ടായി. അങ്ങനെയൊന്നും സംഭവിക്കരുതേ എന്നയാൾക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ദേവി വഴിവിട്ട് സഞ്ചരിക്കുമെന്ന് അയാൾക്ക് ചിന്തിക്കാൻപോലും ശേഷിയുണ്ടായിരുന്നില്ല. താൻ അവളെ സ്നേഹിച്ചു തുടങ്ങിയിട്ടേയുള്ളു. ഭർത്താവുമരിച്ച് ഏഴ് തികയും മുൻപ് മറ്റൊരു പുരുഷനെ അവൾ കിടപ്പറയിലേക്ക് ക്ഷണിക്കുമോ ഏയ് ഒരിക്കലുമില്ല. ഇത് മറ്റെന്തോ ആവശ്യത്തിന് മാധവൻ വന്നതാണ്.

അങ്ങനെ ആശ്വസിക്കാൻ അയാൾ ശ്രമിച്ചു. അവർക്ക് പുറകെ മുറിയിലേക്ക് ചെല്ലാൻ അയാൾക്ക് തോന്നിയില്ല. അരുതാത്തത് എന്തെങ്കിലും നടന്നാൽ അത് താങ്ങാൻ അയാൾക്ക് ആവുമായിരുന്നില്ല. എങ്കിലും കുറച്ചു സമയം കഴിഞ്ഞപ്പോൾ അയാളുടെ ക്ഷമ നശിച്ചു. എന്താണെന്നറിയാനുള്ള ആകാംക്ഷയാൽ അയാൾ ആ മുറിയിലേക്ക് സാവധാനം പ്രവേശിച്ചു.

ശ്രീധരന് പ്രതീക്ഷ നൽകുന്ന ഒന്നും ആ മുറിയിൽ ഉണ്ടായിരുന്നില്ല. വർഷങ്ങളായി അടക്കിപ്പിടിച്ചിരുന്ന വികാരം അണപൊട്ടി ഒഴുകുന്ന കാഴ്ചയാണ് അയാളെ കാത്തിരുന്നത്.

“ഈശ്വരാ എന്താണിത്. ഇവൾ മനുഷ്യസ്ത്രീ തന്നെയാണോ കുറച്ചു മുൻപുവരെ കരഞ്ഞ് നിലവിളിച്ച് ഒരു മൂലയ്ക്കിരുന്ന പെണ്ണാണോ ഇപ്പോൾ.”

അയാൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല.

“മാധവൻ എത്ര സമർഥമായാണ് എന്നെ വഞ്ചിച്ചത്. ഒരു സഹോദരനെപ്പോലെ ഞാനവനെ സ്നേഹിച്ചു. വീട്ടിൽ സ്വാതന്ത്ര്യം നൽകി. ഒരു മൂത്ത ചേച്ചിയെക്കാൾ ബഹുമാനമായിരുന്നു ദേവികയോട് അവന്. എല്ലാം അഭിനയമായിരുന്നു. ഇത്രയും നാൾ രണ്ടുപേരും തങ്ങളുടെ വേഷം തന്റെ മുൻപിൽ നിറഞ്ഞാടി. കണക്കുകളുടെ കൂമ്പാരത്തിൽ മുഖം പൂഴ്ത്തിയിരുന്ന താനതൊന്നും അറിഞ്ഞതുമില്ല.

ശ്രീധരൻ ഒരു ഞെട്ടലോടെ യാഥാർത്ഥ്യം തിരിച്ചറിയുകയായിരുന്നു, വൈകിയാണെങ്കിലും. അയാളുടെ കണ്ണിലപ്പോൾ അതു രണ്ടുശരീരങ്ങൾ മാത്രമായി . സ്ത്രീയെ ഉപയോഗിക്കുന്നതെങ്ങനെയെന്ന് അപ്പോഴാണ് ശ്രീധരൻ ശരിയായ രീതിയിൽ കണ്ട് മനസ്സിലാക്കുന്നത്.

ഈ സമയം മാധവൻ സംസാരിച്ചു.

“ദേവീ ഇപ്പോഴേ ഈ വീട്ടിൽ വച്ചിങ്ങനെ വേണ്ടായിരുന്നു എന്നാണ് എനിക്കിപ്പോൾ തോന്നുന്നത്.”

അയാളുടെ ദേഹത്ത് നിന്നും മാറിക്കൊണ്ട് ദേവിക തിരിഞ്ഞു.

“അതെന്താ.”

“അല്ല ചില വിശ്വാസങ്ങൾ ഓർത്തുപോയി.”

“എന്തുവിശ്വാസം?”

“ഒരാൾ മരിച്ചു കഴിഞ്ഞാൽ ആത്മാവ് പന്ത്രണ്ട് ദിവസത്തോളം വീടിന്റെ പരിസരത്തു തന്നെ കാണുമെന്നാണ് ശാസ്ത്രം.”

“അതുകൊണ്ട്?”

ദേവികയുടെ ശബ്ദം കനത്തു.

“ശ്രീധരന്റെ ആത്മാവ് ഈ കാഴ്ചയെങ്ങാനും കാണുന്നുണ്ടെങ്കിൽ കഷ്ടമല്ലേ ദേവീ”

മാധവൻ ചിരിച്ചു കൊണ്ട് ചോദിച്ചു.

“കാണട്ടെ. അയാൾ എല്ലാം കാണട്ടെ. ഞാൻ പത്തു വർഷം നരകയാതന അനുഭവിച്ചത് കണ്ടു പഠിക്കട്ടെ ദുഷ്ടൻ”

മറുപടിയായി പൊട്ടിച്ചിരിച്ചുകൊണ്ട് മാധവൻ അവളെ ഇറുകെ പുണർന്നു.




ശ്രീധരന്റെ ആത്മാവ് സാവധാനം പുറത്തേക്ക് ഒഴുകിയിറങ്ങി. അയാൾക്ക് മതിയായിരുന്നു. ഉമ്മറത്തെത്തിയ അയാൾ ചില്ലിട്ടു പൂമാലവച്ച അയാളുടെ ഫോട്ടോയിലേക്ക് നിന്ദയോടെ നോക്കി.

താൻ ആർക്കുവേണ്ടിയാണ് ഇത്രയും നാൾ ജീവിച്ചതെന്ന് അയാൾ സ്വയം ചോദിച്ചു. ആർക്കും വേണ്ടാത്ത ഒരു പാഴ്ജന്മമായി പെടുമരണപ്പെട്ടത് എന്തിനുവേണ്ടി എന്നതിന് ശ്രീധരന് ഉത്തരം കണ്ടെത്താനായില്ല.

ശരീരം ഉപേക്ഷിച്ച ആത്മാവ് അടുത്ത ശരീരം തേടുമെന്ന് ഗീതയിൽ പറഞ്ഞിട്ടുള്ളത് അയാളോർത്തു. ഈ ജന്മം അവസാനിച്ചിരിക്കുന്നു. ശ്രീധരൻ എന്ന ശരീരത്തെ അയാൾ മനസ്സാ ശപിച്ചു. ഇനിയും ഒരു ജന്മമുണ്ടായാൽ സ്ത്രീകളെ കൊതിപ്പിക്കുന്ന കൊഞ്ചിക്കുന്ന ഒരു മാധവനായി ജനിക്കാൻ അയാൾ ആഗ്രഹിച്ചു.

വീടിനു പുറത്ത് എത്തിയ ശ്രീധരന്റെ ആത്മാവിന് ഈ ജന്മ ആഗ്രഹങ്ങൾ ഉപേക്ഷിച്ചതു വഴി മോക്ഷം ലഭിക്കുകയും ആ സൂക്ഷ്മ ശരീരം അന്തരീക്ഷത്തിൽ വിലയം പ്രാപിക്കുകയും ചെയ്തു.

കവിത/കൃഷ്ണ കേരള

# പുഴയുടെ വിലാപം

പശ്ചിമഘട്ടത്തിനോമനപ്പുത്രിയായ്
സഹ്യന്റെ മക്കൾക്കുടപ്പിറപ്പായ്
കാടിനു ദാഹജലം നൽകി രാത്രിയില്
താരാട്ടുപാടുമൊരമ്മയായി
പാറയില് തട്ടിതടഞ്ഞു ചുഴികളില്
ചാരുതയോടെ ഞാന് നൃത്തമാടി
താരകളെന് തെളിനീരില് മുഖം നോക്കി
ക്ഷീരപഥമെന്നിലൂഞ്ഞലാടി
കാട്ടുതേനു മദിച്ച കുരുവികള്
കാകളിപാടിയെന് തീരങ്ങളില്
കാടിന്നുടയവരാം മലവേടരെന്
നീരില് കുളിച്ചു തപമടക്കി
ആയിരമായിരമാണ്ടുകളങ്ങിനെ
കാനനസുന്ദരി ഞാന് വളർന്നു.



(2)
പിന്നീടൊരുനാള് ഒരർദ്ധസുഷുപ്തിത
ന്നാലസ്യമാണ്ടു ഞാന് ശയിക്കെ
വന്നവര് ചങ്ങലക്കെട്ടും ശരങ്ങളും
ദണ്ഡം കുടയും വടികളുമായ്
ഇന്നലെയോളവും കാനനറാണി നീ
യിന്നു നാട്ടാർക്കയെയായീടണം
നെല്ലറയാക്കണെ,മീഭാർഗ്ഗവക്ഷേത്ര
മല്ലലൊഴിയ്ക്കെണമെല്ലാവർക്കും
നിന് രൂപഭാവങ്ങള് മാറ്റാം, ഗതിമാറ്റി
നിന്നേയൊഴുക്കാം വസുന്ധരയില്
ഈ പാരതന്ത്ര്യം പൊറുക്കൂ മനസ്വിനീ
പാരിന്നു ഭക്ഷണമേകാനല്ലേ?
ഞാനതു സമ്മതിച്ചപ്പോഴുമമ്മയ്ക്ക്
ചാമരം വീശിയ വൻമരങ്ങള്
നീളെ തലയാട്ടി നിഷേധസൂചകം
ഞാനവരെവിട്ടു പോയെങ്കിലോ?
പാരമാശ്വാസമേകീ ഞാനവർക്കിതു
പാരിന്റെ നന്മയ്ക്കു വേണ്ടീട്ടല്ലേ?
3)
പിന്നെക്കുരുതി തുടങ്ങിയാ വന് മര
ച്ചില്ലകളോരോന്നു വെട്ടിവീഴ്ത്തി
എന്തോ പ്രതികാരദാഹം കലർന്നപോ
ലേതോ പ്രതിജ്ഞയെടുത്തപോലെ
കാനനം വെട്ടിവെളുപ്പിച്ചു മാനവര്
കാടുകള് മേടുകളാക്കിമാറ്റി
എന് കണ്മണികളാമാ,വരങ്ങളും
കണ്ണുനീരോടെ വിടപറഞ്ഞു
മുത്തുക്കുട പോയി സൂര്യാതപമേറ്റു
വൃദ്ധയായ് തീർന്നു ഞാന് വൃത്തിഹീന
എന്നെയവര് മതിൽക്കെട്ടിലൊളിപ്പിച്ചു
എന് വഴിത്താരകള് വിണ്ടുകീറി
എല്ലാം സഹിച്ചു ഞാ,നെല്ലാം ക്ഷമിച്ചു ഞാ
നെല്ലാർക്കു,മാമോദമേകാനല്ലേ?
പക്ഷേയാ ആശകലെല്ലാം നിലച്ചിന്നു
പട്ടുകിടക്കയാണീ കിടങ്ങില്
എത്ര വസന്തങ്ങള് ഉള്ളിലൊളിപ്പിച്ചു
വർഷമേഘങ്ങള് കടന്നുപോയി
എത്ര വരൾച്ചകള് വന്നുകടന്നുപോ
യ എത്തിയില്ലെത്തിയി,ല്ലെങ്ങുമേ ഞാന്
എന് ദുഗ്ധം നൊട്ടിനുണച്ചുനുകരുവാ
നെന്നും കൊതിച്ച വയലേലകള്
ഇന്നും തപമിരിയ്ക്കുന്നു വാനം നോക്കി
യൊന്നു ദാഹം ശമിപ്പിച്ചീടുവാന്
പച്ചിലച്ചാർത്തില് നിന്നൂർന്നു താഴേക്കു ഞാ
നെത്തിപ്പിടിയ്ക്കാനിടമില്ലാതെ
എങ്ങുമേയെത്താതെ ആർക്കുമുതകാതെ
എന്ന് മരീചിക,യായീടുമോ?

സിനിമാ നിരൂപണം/ഏബ്രഹാം തോമസ്, ഡള്ളാസ്

# ദുൽഖർ സൽമാന്റെ ബോളിവുഡ് അരങ്ങേറ്റത്തിന് സമ്മിശ്ര പ്രതികരണം

കടന്നുപോയ ഒരു മാസത്തിൽ ബോളിവുഡിൽ മൂന്ന് റിലീസുകളുണ്ടായി—ഫണ്ണി ഖാൻ, മുൾക്ക്, കാർവാം. വെള്ളിയാഴ്ച കളക്ഷനിൽ മുന്നിൽ നിന്നത് ഫണ്ണി ഖാൻ ആയിരുന്നു. പിന്നാലെ മുൾക്കും കാർവാമും. മൂന്ന് ചിത്രങ്ങളുടെയും ആദ്യ ദിവസത്തെ ബോക്സ് ഓഫീസ് നേട്ടം രണ്ട് കോടി രൂപയിൽ താഴെ ആയിരുന്നു. ഫണ്ണി ഖാനിൽ വലിയ താരനിര ഐശ്വര്യ റായ്, അനിൽ കപൂർ, രാജ്കുമാർ എന്നിവർ ഉണ്ടായിരുന്നിട്ടും കളക്ഷൻ നിരാശപ്പെടുത്തി.. മൂന്ന് ദിവസം കഴിഞ്ഞപ്പോൾ ആകെ കൂടുതൽ കളക്ഷൻ നേടിയത് കാർവാം ആയിരുന്നു. പക്ഷെ ഇതും ആശാവഹമായിരുന്നില്ല. വെള്ളി, ശനി, ഞായർ ദിനങ്ങളിൽ പ്രദർശനങ്ങളിൽ നിന്ന് മൊത്തം നേടിയത് 7 കോടി 95 ലക്ഷം രൂപ. തുടർന്നുള്ള ദിവസങ്ങളിൽ കളക്ഷൻ വർദ്ധിക്കും എന്ന് വലിയ പ്രതീക്ഷയില്ല എന്ന് ഹിന്ദി സിനിമാ വ്യവസായ പണ്ഡിതർ പറയുന്നു. അസാധാരണ പ്രതിഭയ്ക്കുടമയായ നടനാണ് ഇർഫാൻ ഖാൻ. രോഗബാധിതനായി ചികിത്സയ്ക്കും വിശ്രമത്തിനും സിനിമയിൽ നിന്ന് വിട്ടു നില്ക്കുകയാണ്. അതിന് മുൻപുള്ള ഖാന്റെ അവസാന ചിത്രമായാണ് കാർവാമിന്റെ പ്രചരിപ്പിക്കുന്നത്. മലയാള നടൻ ദുൽഖർ സൽമാന്റെ ഹിന്ദിയിലെ അരങ്ങേറ്റം കൂടിയാണ് ഈ ചിത്രം. 120 മിനിറ്റ് നീണ്ട വളരെ സങ്കീർണ്ണമായ പ്രമേയമാണ് കോമഡിയുടെ മേമ്പൊടി ചേർത്ത് സംവിധായകൻ ആകർഷ് ഖുറാന അവതരിപ്പിക്കുന്നത്. അവിനാഷ് (ദുൽഖർ) തന്റെ പിതാവിന്റെ മൃതശരീരത്തിന് പകരം ട്രാൻസ്പോർട്ട് കമ്പനി നൽകിയ ടാന്യയുടെ മൃതദേഹവുമായി ബാംഗ്ലൂരിൽനിന്ന് കൊച്ചിയിലേയ്ക്ക് പോകുന്നു. വാൻ ഉടമ ഷൗക്കത്തിന്റെ റോളിലാണ് ഇർഫാൻഖാൻ.

ദക്ഷിണേന്ത്യയിലെ നയനാനന്ദകരമായ കാഴ്ചകൾ ആകർഷണീയമായി ചിത്രീകരിച്ചിട്ടുണ്ട്. പക്ഷെ പരമ്പരാഗതമായി ഇത്തരം പ്രമേയങ്ങൾ, പ്രത്യേകിച്ച് ദക്ഷിണേന്ത്യൻ പശ്ചാത്തലത്തിലുള്ള ഹിന്ദി സിനിമാ പ്രേക്ഷകർ ആവേശത്തോടെ സ്വീകരിച്ചിട്ടില്ല. ബിജോയ് നമ്പിയാരുടേതാണ് കഥ. തിരക്കഥ ആകർഷും അബിർ ഭട്ടും ചേർന്ന് തയ്യാറാക്കി. 'കോൺവർസേഷനൽ ഡയലോഗ്" ഹുസൈൻ ദലാലിന്റേതാണെന്ന് ക്രെഡിറ്റുകൾ പറയുന്നു. സംഭാഷണ നിലവാരത്തിന് വലിയ ഉയർച്ച താഴ്ചകളുണ്ട്. ഹിന്ദി സിനിമാ നിരൂപകനും ചലച്ചിത്ര വ്യവസായ വിശകലനം വർഷങ്ങളായി നടത്തുകയും ചെയ്യുന്ന കോമൾ നഹാത പറഞ്ഞത് ദുൽഖറിന് വലിയ സൗന്ദര്യമില്ല (ആരാധകർ ക്ഷമിക്കുക) എന്നാൽ അഭിനയത്തിൽ വലിയ പോരായ്മകൾ ചൂണ്ടിക്കാട്ടാനാവില്ല എന്നാണ്. ഇർഫാന്റെയും പ്രകടനം കുറവുകൾക്കതീതമാണ്. ടാന്യയായി മിഥില പാൽക്കർ പ്രതീക്ഷ നൽകുന്നു. എന്നാൽ പുതിയ തലമുറയിലെ പെൺകുട്ടിയെക്കുറിച്ചുള്ള സ്റ്റീരിയോടൈപ്പ്ഡ് സങ്കല്പത്തിനപ്പുറം



ചിന്തിക്കുവാൻ ബിജോയ് നമ്പ്യാർക്കോ ആകർഷിനോ കഴിഞ്ഞിട്ടില്ല. ഉദാഹരണം പ്രഗ്നൻസി ഒരു ബിഗ് ഡീൽ അല്ല എന്ന് ടാന്യയെക്കൊണ്ട് പറയിക്കുന്നത്.

മലയാള നടൻ പൃഥ്വിരാജിന് അയ്യായിലുണ്ടായ അനുഭവമാണ് ദുൽഖറിന് ഉണ്ടായിരിക്കുന്നത്. ഹിന്ദിയിലെ ആദ്യ ചിത്രം തിരഞ്ഞെടുക്കുന്നതിൽ പുലർത്തേണ്ട അവധാനത എവിടെയോ നഷ്ടമായി. ഫണ്ണിഖാൻ തിരഞ്ഞെടുക്കുന്നതിൽ ഐശ്വര്യയും രാജ്കുമാറും പരാജയപ്പെട്ടു. നിരൂപകർ അഞ്ചിൽ അഞ്ച് സ്റ്റാറും നൽകുന്ന ചിത്രം നൽകാൻ തങ്ങൾക്ക് എപ്പോഴും കഴിയില്ല എന്നാണ് രാജ്കുമാറിന്റെ പ്രതികരണം. പ്രതിഫലം ഒരു വലിയ ഘടകമായി ഈ മൂന്ന് താരങ്ങളെയും പ്രലോഭിപ്പിച്ചിട്ടുണ്ടാവാം.

ശ്രീദേവിയുടെ മകൾ ജാനവിയും പഴയകാല നടി നീലിമ അസീമിന്റെ മകൻ ഇഷാൻ ഖട്ടറും അരങ്ങേറ്റം നടത്തിയ ധടക്ക് പത്ത് ദിവസത്തിനുള്ളിൽ 70 കോടി രൂപ നേടിയതായാണ് കണക്ക്. റിലീസിന് മുമ്പ് ചിത്രത്തിനുവേണ്ടി അച്ചടി, ദൃശ്യമാധ്യമങ്ങളിൽ സൃഷ്ടിച്ചെടുത്ത താല്പര്യം കണക്കിലെടുക്കുമ്പോൾ ഇത് വലിയ നേട്ടമല്ല. നീലിമയുടെ ആദ്യ വിവാഹം പങ്കജ് കപൂറുമായായിരുന്നു. പിന്നീടാണ് രാജേഷ് ഖട്ടറിനെ വിവാഹം കഴിച്ചത്. രാജേഷ് ഒരു ഡബ്ബിംഗ് ആർട്ടിസ്റ്റും നടനുമാണ്. പങ്കജ്-നീലിമമാരുടെ മകൻ ഷാഹീദ് കപൂർ വർഷങ്ങളായി ഹിന്ദിയിലെ താരനടനാണ്. ജാൻവിക്കും കുടുംബത്തിനും ഇഷാനും കുടുംബത്തിനും നിർമ്മാതാവ് കരൺ ജോഹറിനും ധടക്ക് വിജയിക്കേണ്ടത് അനിവാര്യമായിരുന്നു. അമിത പരസ്യത്തിലൂടെ ആശ്വാസ വിജയം നേടി. രണ്ടാമത്തെ ആഴ്ചയിൽ കാർവാമും മൂന്നാമത്തെ ആഴ്ചയിൽ ധടക്കും അമേരിക്കയിൽ ഇന്ത്യൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന തീയേറ്ററുകളിൽ ഓരോ ഷോകളിലായി പ്രദർശനം തുടരുന്നു.

# കേരളവാർത്തകൾ

**/എൻ ആന്റ് ഐ**

## പ്രളയദുരിതബാധിതർക്ക് സഹായവുമായി സംവിധായകൻ ഭദ്രൻ

പ്രളയദുരിതബാധിതർക്ക് വീട് നിർമിച്ചു നൽകുന്നതിലേക്കായി സ്ഥലം വിട്ടു നൽകി സംവിധായകൻ ഭദ്രൻ. വയനാട് മുപ്പൈനാട് പഞ്ചായത്തിൽ 30 സെന്റ് ഭൂമിയാണ് വിട്ടു നൽകിയത്. ഇത് സംബന്ധിച്ച രേഖകൾ മുഖ്യമന്ത്രി പിണറായി വിജയന് ഭദ്രൻ കൈമാറി. സംവിധായകനോടൊപ്പം കൽപ്പറ്റ എംഎൽഎ സി കെ ശശീന്ദ്രനുമുണ്ടായിരുന്നു.

സ്ഫടികം, അയ്യർ ദി ഗ്രേറ്റ്, അങ്കിൾ ബൺ, യുവതുർക്കി എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സംവിധായകനാണ് ഭദ്രൻ.



## സഹകരണ വകുപ്പിന്റെ കെയർ ഹോം പദ്ധതിക്ക് തുടക്കമായി



പ്രളയത്തിൽ തകർന്ന വീടുകൾ നന്നാക്കുന്ന സംസ്ഥാന സർക്കാരിന്റെ നവകേരളം പദ്ധതിയുടെ ഭാഗമായി കാസർകോട് ജില്ലയിൽ ഏഴ് വീടുകൾ നിർമിച്ചു നൽകും. ആഗസ്ത് 12 മുതൽ 31 വരെ കേരളത്തിൽ പ്രളയമുണ്ടായ സമയത്ത് ജില്ലയിൽ വീടുകൾ തകർന്ന എല്ലാവർക്കും ഈ പദ്ധതി വഴി വീടുകൾ ലഭിക്കും. ഇക്കാലയളവിൽ വീട് തകർന്നത് വില്ലേജ്/റവന്യൂ അധികൃതരെ അറിയിച്ചവർക്ക് ഇനിയും അപേക്ഷ നൽകാം. സഹകരണ വകുപ്പ് കെയർ കേരള പദ്ധതി വഴി സമാഹരിച്ച തുകയിൽ നിന്ന് നാലു ലക്ഷവും പ്രളയദുരിതാശ്വാസ ഫണ്ടിൽ നിന്ന് ഒരു ലക്ഷവും ചേർത്താണ് വീട് നിർമാണം. പ്രാഥമിക സഹകരണ സംഘങ്ങൾക്കാണ് നിർമാണ ചുമതല.

പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം പി കരുണാകരൻ എം പി നിർവഹിച്ചു. ബെള്ളൂർ പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ നെല്ലിത്തടുക്കയിലെ ബീഫാത്തിമയ്ക്ക് നിർമാണം നടത്താൻ പോകുന്ന വീടിന്റെ ഡിസൈൻ നൽകി കൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്.

## മികച്ച സംവിധായൻ



23 മത് രാജ്യാന്തര ചലച്ചിത്രമേളയിലെ മികച്ച സംവിധായനുള്ള രചത ചകോരം സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരിയ്ക്ക്. 'ഈമയൗ' ചിത്രത്തിന്റെ സംവിധാനത്തിനാണ് പുരസ്കാരം. പിതാവിന്റെ ശവസംസ്കാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രമേയമാക്കിയ ചിത്രം ഗോവൻ ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനും നടനുമുള്ള പുരസ്കാരങ്ങൾ നേടിയിരുന്നു.

കടപ്പാട്- ദേശാഭിമാനി




വിൽസൻ കെ. തോമസ്

## ലൈംഗികാരോപണം– സുസ്മിതാസെൻ

കമ്പനിയിലെ ഉദ്യോഗസ്ഥനെതിരെ സുസ്മിതാസെൻ ലൈംഗികാതിക്രമാരോപണം ഉന്നയിച്ചതിനെ തുടർന്ന് 2003–2004 സാമ്പത്തികവർഷത്തിലാണ് കൊക്കകോള ഇന്ത്യ കമ്പനി 95 ലക്ഷം രൂപ താരത്തിന് നഷ്ടപരിഹാരമായി നൽകുന്നത്. 2001–2002 വർഷത്തിലെ 'തംസ് അപ്"–ന്റെ ബ്രാൻഡ് അംബാസിഡറായിരുന്നു സുസ്മിത. ഒന്നരകോടി രൂപയ്ക്കായിരുന്നു കരാർ ഒപ്പിട്ടത്. ഒരു കമ്പനി ഉദ്യോഗസ്ഥനെതിരെ ലൈംഗികാരോപണം ഉന്നയിച്ചതിനെത്തുടർന്ന്, പ്രതികാരം ആയിട്ടാണ് കരാർ നേരത്തെ റദ്ദാക്കിയത്. എന്നായിരുന്നു സുസ്മിതയുടെ ആരോപണം. നിയമ നടപടികൾക്കായി സുസ്മിത ഒരുങ്ങിയതിനെത്തുടർന്ന് കമ്പനി ഒത്തുതീർപ്പിന് തയ്യാറാവുകയായിരുന്നു. അവസാനം 1.45 കോടി രൂപയ്ക്ക് പ്രശ്നം കോടതിക്ക് പുറത്ത് ഒത്തുതീർപ്പാക്കി.

നഷ്ടപരിഹാരമായി ലഭിച്ച ഈ തുകയ്ക്ക് സുസ്മിത നികുതി അടച്ചിരുന്നില്ല. അതിനെത്തുടർന്ന് പിഴയായി താരത്തിൽനിന്നും 35 ലക്ഷം രൂപ ഈടാക്കാനായിരുന്നു തീരുമാനിച്ചിരുന്നത്. ആ തുകയാണ് ഇപ്പോൾ റദ്ദാക്കിയത്.



## ദിലീപും അർജുനും ആദ്യമായി ഒന്നിയ്ക്കുന്നു

ദിലീപ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിയ്ക്കുന്ന ചിത്രത്തിലൂടെ ദീർഘനാളത്തെ ഇടവേളയ്ക്കുശേഷം തമിഴ് സൂപ്പർ താരം അർജ്ജുൻ മലയാള സിനിമയിലേക്ക് മടങ്ങിയെത്തുന്നു. എസ്.എൽ.പുരം ജയസൂര്യയാണ് ചിത്രം സംവിധാനം ചെയ്യുന്നത്.

മോഹൻലാൽ കഥാപാത്രമായി എത്തിയ ഏഞ്ചൽ ജോൺ, ദിലീപ് നായകനായി എത്തിയ സ്പീഡ് ട്രാക്ക് എന്നീ ചിത്രങ്ങൾക്കുശേഷം എസ്. എൽ . പുരം ജയസൂര്യ സംവിധാനം ചെയ്യുന്ന ഈ സിനിമയുടെ പേര് ജാക്ക് ഡാനിയേൽ എന്നാണ്. ഷിബു തമിൻസ് ചിത്രം നിർമ്മിക്കുന്നു.

'ഒടിയൻ' പുതിയ റെക്കോർഡിൽ

കേരളം വളരെ നാളായി കാത്തിരിക്കുന്ന മോഹൻലാൽ ചിത്രമാണ് 'ഒടിയൻ.' ശ്രീകുമാർ മേനോൻ സംവിധാനം



ചെയ്യുന്ന ഈ ചിത്രം മറ്റൊരു റെക്കോർഡ് കൂടി സൃഷ്ടിച്ചു. ഐഎംബിയുടെ ഏറ്റവും കൂടുതൽ പ്രതീക്ഷയുണർത്തുന്നതും കാത്തിരിക്കുന്നതുമായ ഇന്ത്യൻ ചിത്രങ്ങളുടെ പട്ടികയിൽ 4–ാം സ്ഥാനത്താണ് ഒടിയൻ.

ഐഎംഡി ബിയുടെ റിക്കോർഡിനും ചിത്രത്തിലെ ആദ്യ ഗാനം ഹിറ്റാക്കിയതിനും നന്ദി പ്രകടിപ്പിച്ചുകൊണ്ട് ചിത്രത്തിലെ നായിക കൂടിയായ മഞ്ജു വാര്യർ രംഗത്ത് എത്തി. ഫെയ്സ് ബുക്കിലൂടെ നന്ദി അറിയിച്ചു. ഒടിയനിലെ ആദ്യഗാനമായ 'കൊണ്ടോരാം' ഇന്നലെ പുറത്തിറങ്ങിയപ്പോൾ ലക്ഷക്കണക്കിന് ആളുകൾ കണ്ടുകഴിഞ്ഞു. ഗാനത്തിന്റെ ലിറിക് വീജിയോ ആണ് പുറത്തിറങ്ങിയത്. ചിത്രം ഡിസംബർ 14–ന് തീയേറ്ററുകളിൽ എത്തും.

## നടൻ ടി.പി. മാധവനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു

സിനിമയിലെ തിരക്കുകളിൽനിന്നും ഒഴിഞ്ഞ് ആശ്രമജീവിതം ആഗ്രഹിച്ച് ഹരിദ്വാറിലേക്ക് പോയ ടി.പി. മാധവന് അവിടെവെച്ച് പക്ഷാഘാതം ബാധിച്ചതോടെയാണ് പത്തനാപുരം ഗാന്ധിഭവനിലെത്തിയത്.

നടനും താരസംഘടനയായ അമ്മയുടെ സ്ഥാപക സെക്രട്ടറിയുമായിരുന്ന ടി.പി. മാധവനെ കൊട്ടാരക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആരോഗ്യനില വഷളായതിനെത്തുടർന്ന് തീവ്രപരിചരണ വിഭാഗത്തിലേയ്ക്ക് മാറ്റുകയുമായിരുന്നു. 2016 മുതൽ പത്തനാപുരം ഗാന്ധിഭവനിലെ അംഗമാണ് 82 കാരനായ ശ്രീ. ടി.പി. മാധവൻ


## ഗിന്നസ് പക്രു നിർമ്മിക്കുന്ന സിനിമ

ഗിന്നസ് പക്രു ആദ്യമായി നിർമ്മിക്കുന്ന 'ഫാൻസി ഡ്രസ്' എന്ന ചിത്രത്തിന്റെ ഷൂട്ടിംഗ് ഗോവയിൽ ആരംഭിച്ചു. പുതുമുഖ സംവിധായകൻ രഞ്ജിത്ത് സ്കറിയ സംവിധാനം ചെയ്യുന്ന ചിത്രത്തിലെ നായകനും പക്രു തന്നെയാണ്. സൈജു കുറുപ്പും ബിജുക്കുട്ടനും പ്രധാന വേഷങ്ങൾ കൈകാര്യം ചെയ്യുന്ന ചിത്രം നാലു കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചാണ് മുന്നോട്ട് പോകുന്നത്. ഒരു മുഴുനീള കോമഡി ചിത്രമാണിത്.

രഞ്ജിത്ത് സ്കറിയായും അജയ്കുമാറും ചേർന്നാണ് സിനിമായുടെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. സർവ്വ ദീപ്ത പ്രൊഡക്ഷൻസിന്റെ ബാനറിൽ ആണ് നിർമ്മാണം. 'കുട്ടീം കോലും' എന്ന ചിത്രം സംവിധാനം ചെയ്തത് ഗിന്നസ് പക്രു ആയിരുന്നു.



### ചിരിക്കാനും ചിന്തിക്കാനും/കൊളോൺ ഡേവീസ്



# അടങ്ങാത്ത വൈരാഗ്യം

വിവാഹം കഴിഞ്ഞിട്ട് അധികകാലം ആയിട്ടില്ല. എങ്കിലും വീട്ടിൽ എന്നും വഴക്കാണ്. കാര്യവും കാരണവും ഒന്നും വേണ്ട, തൊട്ടതിനും തൊടുന്നതിനും വഴക്ക്. രാത്രി വൈകുന്നതുവരെ ഇത് തന്നെ സ്ഥിരം പരിപാടി.

വഴക്കു മൂത്താൽ ഭാര്യ കുട്ടനോട് പറയും:

'മരിച്ചുകഴിഞ്ഞാൽ ഞാൻ കുഴിയിൽനിന്നും മണ്ണ് മാന്തി ഭൂതമായി മേലേക്ക് കയറിവരും. എന്നിട്ടു ഉപദ്രവിച്ചു നിന്നെ ഭ്രാന്തനാക്കും.'

അങ്ങിനെയിരിക്കെ ഒരുദിവസം കുട്ടന്റെ ഭാര്യ മരിച്ചു. ഹൃദയസ്തംഭനം. ബന്ധുക്കളും അയൽക്കാരും വന്നു. കുട്ടൻ ഭാര്യയുടെ ശവശരീരം മറ്റുള്ളവരുടെ സഹായത്തോടെ ഒരു ശവപ്പെട്ടിയിലാക്കി മറവു ചെയ്തു.

ശവസംസ്കാരം കഴിഞ്ഞതിനുശേഷം വൈകുന്നേരം കുട്ടൻ വീടിനടുത്തുള്ള ബാറിൽ കേറി കുടിച്ചു പൂസായി. വീട്ടിലേക്കു വരുന്ന വഴിക്കു അയൽക്കാരൻ കുട്ടനോട് ചോദിച്ചു: 'ഭാര്യ മരിച്ചതിന്റെ ദുഃഖം മാറ്റാൻ കുടിച്ചതാണോ?'

കുട്ടൻ: 'എന്തിനു ദുഃഖിക്കണം? ശല്യം ഒഴിഞ്ഞല്ലോ.'


അയൽക്കാരൻ: നിന്റെ ഭാര്യ എപ്പോഴും പറയാറില്ലേ, അവൾ കുഴിയിൽനിന്നും മണ്ണുമാന്തി കയറിവന്നു നിന്നെ പേടിപ്പിക്കുമെന്ന്? അപ്പോൾ ധൈര്യം കിട്ടാൻ വേണ്ടി കുടിച്ചതാണോ?'

കുട്ടൻ: 'ഏയ്, എന്തിനു പേടിക്കണം? അവൾ മണ്ണ് മാന്തട്ടെ. എത്ര മാന്തും എന്ന് കാണാമല്ലോ.'

അതെന്താ....?

'ശവപ്പെട്ടി കുഴിയിൽ ഇറക്കിയപ്പോൾ ഞാനത് കമഴ്ത്തിയാ വെച്ചത്. മാന്തട്ടെ, മാന്തട്ടെ.'

## APPUS' Korner





ക്രിസ്തുമസ്സ് കരോൾ ഗായകസംഘം 2018
ഇന്ത്യൻ ഇടവക ജർമ്മനി - അൽഫോൻസാ കുടുംബ യൂണിറ്റ്